2018
ജനുവരി 10
വാല്യം 11
ലക്കം 01

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 12

## ഐ.പി.സി.ജനറൽ കൺവൻഷൻ ഹെബ്രോൻ ഒരുങ്ങി


പാസ്റ്റർ ജേക്കബ് ജോൺ


പാസ്റ്റർ വിൽസൻ ജോസഫ്


പാസ്റ്റർ കെ. സി. ജോൺ


ബ്രദർ സജി പോൾ


പാസ്റ്റർ തോമസ് ഫിലിപ്പ്

**കുമ്പനാട്:** 94-ാമത് ഐ.പി.സി. ജനറൽ കൺവൻഷൻ 2018 ജനുവരി 14-21വരെ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും. ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്ന മഹായോഗത്തിൽ ലോകമെമ്പാടുമുള്ള ഐ.പി.സി. വിശ്വാസികളും ശുശ്രൂഷകരും സംബന്ധിക്കും. സണ്ടേസ്കൂൾ, പി.വൈ.പി.എ., സോദരിസമാജ സമ്മേളനങ്ങൾ കൂടാതെ മിഷനറി സമ്മേളനവും പൊതുയോഗങ്ങളും നടക്കും. 21 ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയിൽ പതിനായിരക്കണക്കിന് വിശ്വാസികൾ സംബന്ധിക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ, ട്രഷറാർ ബ്രദർ സജി പോൾ, വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മറ്റികൾ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 94-ാമത് ജനറൽ കൺവൻഷൻ


പാസ്റ്റർ സി.സി. തോമസ്


പാസ്റ്റർ വൈ. റെജി


പാസ്റ്റർ ജെ. ജോസഫ്

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് ഇൻഡ്യ കേരളാ സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രമാൻചിറയിലുള്ള കൺവൻഷൻ സ്റ്റേഡിയത്തിൽ വച്ച് നടക്കും. 22ന് വൈകുന്നേരം കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന പൊതുയോഗത്തിൽ ദൈവസഭാ സ്റ്റേറ്റ് ഓവർസിയർ റവ സി സി തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വൈ റെജി, എം. കുഞ്ഞപ്പി, പി. ആർ ബേബി, പി. സി ചെറിയാൻ, റ്റി. എം മാമച്ചൻ, റെജി മാത്യു, അനീഷ് ഏലപ്പാറ, വി. ഓ വർഗിസ്, പ്രിൻസ് തോമസ് തുടങ്ങിയവർ വിവിധ ദിവസങ്ങളിൽ ദൈവ വചനം ശുശ്രൂഷിക്കും. കൂടാതെ വിദേശത്തു നിന്നുള്ള കർത്തൃദാസന്മാരും പ്രസംഗിക്കും. ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പീൻ (റോമർ 12:11) എന്നതാണ് ചിന്താവിഷയം. മ്യൂസിക് കൺവീനർ പാസ്റ്റർ വൈ. ജോസിന്റെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയ

09

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ


റവ.കെ.സി.സണ്ണിക്കുട്ടി

**പാക്കിൽ/കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ 95-ാമത് ജനറൽ കൺവൻഷൻ ജനുവരി 22 മുതൽ 28 വരെ ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ ഗ്രൗണ്ടിൽ (പ്രത്യാശ നഗർ) നടക്കും. 22 തിങ്കൾ വൈകിട്ട് 6 മണിക്ക് നടക്കുന്ന പ്രാരംഭ സമ്മേളനത്തിൽ ദൈവസഭ ഓവർസീയർ റവ.കെ.സി.സണ്ണിക്കുട്ടി ഉദ്ഘാടനം ചെയ്യും. എഡ്യൂക്കേഷൻ ഡയറക്ടർ റവ.എൻ.എ.തോമസ്കുട്ടി അദ്ധ്യക്ഷത വഹിക്കും. തുടർന്നുള്ള ദിവസങ്ങളിൽ വൈകിട്ട് 5.30 മണി മുതൽ 8.45 വരെ വരപ്രാപ്തരും അഭിഷിക്തരുമായ ദൈവദാസൻമാർ പ്രസംഗിക്കും. ജനറൽ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഓവർസീയർ ജനറൽ കൺവീനറായും പാസ്റ്റേഴ്സ് ലാലുതോമസ്, സണ്ണി വർക്കി, വി. ജോർജ്ജ്, സി. ജെ.വർഗ്ഗീസ്, ഈ.ജെ. ജേക്കബ്, ജയിംസ് കെ. തോമസ്, കെ.ജെ. ജോസഫ്, പി.സി.ഏബ്രഹാം, റ്റി.വി.മാത്യു, കെ.ജെ.ജോസ്, മാത്യു ശമുവേൽ, കെ.സി.ശമുവേൽ, ജോമോൻ ജോസഫ്, ജോസഫ് ചാക്കോ, പി.റ്റി. നിക്സൺ, കെ.എസ്.സിബിച്ചൻ, സി.ബേബിച്ചൻ, വി.കെ ജോയി, എസ്. യോവേൽ, പി.കെ. അലക്സ്, പി.ജെ.സണ്ണി, പി.ജെ.പോൾസൺ, റ്റി. ഡി.രാജു, കെ.കെ.പ്രസാദ്, വി.ഡി.ജോസഫ്, രാജൻ ഡേവിഡ്, രാജൻ മാത്യൂ, എ.ജെ.ജോസഫ്, വില്ല്യം ജേക്കബ്, കെ.വി.മാത്യു, സണ്ണി ജേക്കബ്, എം.ജെ. സണ്ണി. കെ.പി.ബെന്നി, ഐസക് ജോൺ, ബ്രദേഴ്സ് ഏബ്രഹാം ജോൺ, പി.ജി. പ്രസാദ്, എന്നിവർ കൺവീനേഴ്സായി വിപുലമായ കമ്മറ്റി പ്രവർത്തിച്ചു വരുന്നു. കൺവൻഷൻ തീം ആത്മാവിന്റെ ഐക്യത - Unity in

09

## ഐ.പി.സി.ഗ്ലോബൽ മീഡിയ മാധ്യമ പുരസ്കാരം പ്രഖ്യാപിച്ചു


ബ്രദർ തോമസ് വടക്കേക്കുറ്റ്


പാസ്റ്റർ കെ.സി ജോൺ


ബ്രദർ ജോർജ് മത്തായി സി.പി.എ

**തിരുവല്ല:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും അന്തർദേശിയ സംഘടനയായ ഐ.പി.സി ഗ്ലോബൽ മീഡിയ അസ്സോസിയേഷൻറെ പ്രഥമ മാധ്യമ പുരസ്ക്കാരം ബ്രദർ തോമസ് വടക്കേക്കുറ്റ്, പാസ്റ്റർ കെ.സി ജോൺ, ബ്രദർ ജോർജ് മത്തായി സി.പി.എ എന്നിവർക്ക്.

അരനൂറ്റാണ്ട് കാലമായി ക്രൈസ്തവ സാഹിത്യ,മാധ്യമ രംഗങ്ങളിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളെ മാനിച്ചാണ് പുരസ്കാരം നല്കുന്നത്.ഡിസംബർ 21 ന് തിരുവല്ലയിൽ കൂടിയ കമ്മിറ്റിയാണ് ഇവർക്കുള്ള പുരസ്കാരം നിർണ്ണയിച്ചത്.കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് ജനുവരി 19ന് വെള്ളിയാഴ്ച ഉച്ചക്ക് 2 മണിക്ക് കുമ്പനാട് ജനറൽ ഓഫിസിൻറെ ഇന്റർനാഷണൽ കോൺഫറൻസ് ഹാളിൽ നടക്കുന്ന ഗ്ലോബൽ മീറ്റിൽ പുരസ്കാരവും പ്രശസ്തിപത്രവും നല്കുമെന്ന് ഐ.പി.സി യിലെ എഴുത്തുകാരുടെ കൂട്ടായയ്മ വേദിയായ ഗ്ലോബൽ മീഡിയാ അസോസിയേഷൻ ചെയർമാൻ ബ്രദർ സി. വി.മാത്യു, കൺവീനർ സജി മത്തായി കാതേട്ട് എന്നിവർ അറിയിച്ചു.കമ്മിറ്റിയംഗങ്ങളായ പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ, സാംകുട്ടി ചാക്കോ നിലമ്പൂർ, രാജു ആനിക്കാട്, ഫിന്നി പി.മാത്യു, എന്നിവർ അവാർഡ് നിർണ്ണയ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഗുഡ്ന്യൂസ് വാരികയുടെ മാനേജിംഗ് എഡിറ്ററും എഴുത്തുകാരനുമായ ബ്രദർ തോമസ് വടക്കേക്കുറ്റ് കഴിഞ്ഞ 48 വർഷമായി ഐ. പി.സി യുടെ കൗൺസിൽ മെമ്പറായും ജനറൽ സ്റ്റേറ്റ് തലങ്ങളിൽ ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്. 1964 മുതൽ എഴുത്ത് മേഖലയിൽ സജീവമായ വടക്കേക്കുറ്റ് ഇംഗ്ലീഷ് വീക്കിലിയായ പ്ലാൻറ്റിംഗ് ആൻറ് കോമേഴ്സിൻറെ ചീഫ് എഡിറ്ററും മിഡ് ഡേ പത്രമായ കേരളാ മിഡ് ഡേ ടൈംസി

04

### സാക്ഷി



ഡൽഹിയിൽ അധികാര വടംവലി ആരംഭിച്ചു.

*ഏട്ടിലെ പശു പുല്ലുതിന്നില്ല.*

## പ്രവാസി ഭാരതീയർ വർഗ്ഗീയ വാദികളോ? ഔട്ട്ലുക്ക് മാസിക

പ്രകാശ് പി. കോശി


20 DECEMBER 2017 | NATIONAL

Why Does Hindu Diaspora In Developed Multicultural Countries Hate Minorities Back Home In India?

The Hindu diaspora has been taking keen interest in electoral politics, supporting and financing the 'Hindutva' candidates in elections in India.

ASHOK SWAIN

വിദേശ രാജ്യങ്ങളിൽ താമസിക്കുകയും ജോലി ചെയ്യുകയും ആ രാജ്യങ്ങളിൽ പൗരത്വം സ്വീകരിച്ചവരുമായ ഇന്ത്യൻ വംശജരായ ഹിന്ദുക്കൾ ഇന്ത്യയിൽ വർഗ്ഗീയ പാർട്ടികളെ എന്തുകൊണ്ട് തുണയ്ക്കുന്നു എന്നതിന് ഔട്ട് ലുക്ക് മാസിക ഡിസംബർ അവസാന ലക്കം ഉത്തരം കണ്ടെത്താൻ ശ്രമിച്ചു.

അശോക് സ്വയ്ൻ ഔട്ട് ലുക്കിലെഴുതിയ ലേഖനം "Why does Hindu Diaspora in developed multicultural Countries hate minorities back home in India?'' എന്ന ലേഖനത്തിലാണ് അസുഖകരമായ ചോദ്യങ്ങൾ ലേഖകൻ ഉന്നയിക്കുന്നത്. അശോക് സ്വയ്ൻ സ്വിഡനിലെ ഉപ്സല സർവ്വകലാശാലയിൽ പ്രൊഫസർ ആണ്, മാത്രമല്ല ഹിന്ദുവിശ്വാസം പിൻതുടരുന്ന വ്യക്തിയാണ്. ഇദ്ദേഹം ചില വർഷങ്ങളായി പ്രവാസി ഹിന്ദുക്കളിൽ കാണുന്ന വർഗ്ഗീയ പ്രവണതയെപ്പറ്റി പ്രമുഖ മാസികകളിൽ എഴുതാറുണ്ട്. അമേരിക്ക, ആഫ്രിക്ക, യൂറോപ്യൻ രാജ്യങ്ങളിൽ മതന്യൂനപക്ഷവിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഈ പ്രവാസികൾ അവർ താമസിക്കുന്ന രാജ്യങ്ങളിൽ ന്യൂനപക്ഷ അവകാശങ്ങൾക്ക് വേണ്ടി ശക്തമായി സംഘടിക്കുന്നവരാണ്. വമ്പൻ വ്യവസായശൃംഘലകളും വലിയ കമ്പനികളുടെ ഉന്നത സ്ഥാനങ്ങളും വഹിക്കുന്ന ഇവർ വസിക്കുന്ന രാജ്യങ്ങളിൽ രാഷ്ട്രീയപരമായും ശക്തരാണ്. എന്നാൽ വിദേശ രാജ്യങ്ങളിൽ ന്യൂനപക്ഷങ്ങളുടെ എല്ലാ അവകാശങ്ങളും അനുഭവിക്കുന്ന ഇവർ ഇന്ത്യയിൽ ന്യൂനപക്ഷ വിരോധം പുലർത്തുന്ന രാഷ്ട്രീയ പാർട്ടികൾക്കുവേണ്ടി

11

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFICE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# എഡിറ്റോറിയൽ

# കടന്നു പോയ അസഹിഷ്ണതയുടെ വർഷം



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

ചരിത്രത്തിലേക്ക് 2017 പിൻവാങ്ങി, പുതുവർഷം പിറവിയെടുത്തല്ലോ. 2017 എന്ന വർഷം നമ്മെ വിട്ട് കടന്നു പോയപ്പോൾ ഏറെ സംഭവ വികാസങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചു. ഒരേ ദിവസം രാജസ്ഥാനിലും മഹാരാഷ്ട്രയിലും നിന്ന് വന്ന രണ്ടു വാർത്ത ഇന്ത്യയുടെ വർത്തമാനകാലം എത്രതന്നെ ഭീകരവും ഭീതിജനകവുമാണെന്നതിന്റെ ചുവരെഴുത്തുകളാണ്. ലൗ ജിഹാദ് ആരോപിച്ച് ഒരു മനുഷ്യനെ മഴുകൊണ്ട് ആക്രമിച്ചു വീഴ്ത്തി പച്ചയ്ക്ക് കത്തിച്ചതാണ് ആദ്യ വാർത്ത. അസഹിഷ്ണുത കാരണം രാജ്യം ലജ്ജിച്ച് തല താഴ്ത്തുന്നുവെന്ന് മുംബൈ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന് തുറന്നകോടതിയിൽ പറയേണ്ടി വന്നതാണ് രണ്ടാമത്തെ വാർത്ത. രാജ്യമെങ്ങും തുടരുന്ന കടുത്ത അസഹിഷ്ണതയുടെ പ്രതിഫലനമായേ നമുക്ക് ഇതിനെ കാണുവാൻ കഴിയു.

മറ്റൊരു വലിയ സംഭവങ്ങളിൽ ഒന്നായിരുന്നു അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യരുശലേമിനെ യിസ്രയേൽ തലസ്ഥാനമായി പ്രഖ്യാപിച്ചത്. മദ്ധ്യപൂർവ്വ ദേശത്ത് അത് കൂടുതൽ അസഹിഷ്ണുത ഉളവാക്കുന്നതിനു കാരണമായി. മാത്രമല്ല ആ തീരുമാനത്തെ ഐക്യരാഷ്ട്രസഭ വോട്ടിനിട്ട് തള്ളുകയും ചെയ്തു. യിസ്രയേലിലെയും ഇന്ത്യയിലെയും അസഹിഷ്ണുതയുടെ ഈ വാചകമടി യു എസിലെയും യൂറോപ്പിലെയും സംസ്കാര സംഘർഷങ്ങൾ കണ്ടവർക്ക് അത്തരമൊരു തോന്നൽ ജനിപ്പിക്കാൻ പ്രാപ്തമാണ്. സമത്വത്തിന്റെയും സമൃദ്ധിയുടെയും പാലിക്കപ്പെടാത്ത വാഗ്ദാനങ്ങളാൽ മടുത്തു മുന്നേറാനുള്ള സ്വന്തം കഴിവുകേടിൽ നിരാശപൂണ്ടും നഗരവത്കൃതരും വേരുകളില്ലാത്ത സാംസ്കാരിക ഉപരിവർഗമെന്ന് ആക്ഷേപം കേൾക്കുന്നവർക്കെതിരെ തങ്ങളുടെ വെറുപ്പ് തിരിച്ചുവിടാൻ ജനത്തിന് എളുപ്പമാണ്. യൂറോപ്പിൽ പിതൃസഹജമായ ഉദാരതാവാദം 'എല്ലാ അറിവിനും പകരമാകുന്നു എന്നവകാശപ്പെടുന്ന ഉൻമാദവും സംഭ്രാന്തവും ഭീമാകാരവുമായ ഒരു രാഷ്ട്രീയത്തിന്' വഴിമാറുകയാണ്. മറ്റൊരു പ്രധാന മാറ്റം സംഭവിച്ചത് യൂറോപ്പിലാണ്. ഓസ്ട്രിയയിൽ നവ ഫാസിസ്റ്റ് കക്ഷിയായ ഫ്രീഡം പാർടി (എഫ്പിഒ) വലതുപക്ഷ സെബാസ്റ്റ്യൻ കുർസ് സർക്കാരിന്റെ ഭാഗമാകുന്നത് യൂറോപ്യൻ രാഷ്ട്രീയ ചരിത്രത്തിലെ പ്രധാന വഴിത്തിരിവാണ്. നിലവിൽ യൂറോപ്പിൽ നവ ഫാസിസ്റ്റുകൾ അധികാരത്തിലെത്തുന്ന ആദ്യസർക്കാരായിരിക്കും ഇത്. രണ്ടാം ലോകമഹായുദ്ധാനന്തരം യൂറോപ്പിലെങ്ങും ഉയർന്നു വന്ന ഫാസിസ്റ്റുവിരുദ്ധ ചിന്താഗതിയെ പുൽകുന്ന രാഷ്ട്രങ്ങളിലൊന്നായിരുന്ന ഓസ്ട്രിയയും ഹിറ്റ്ലേറിയൻ ഭരണത്തെയും അതിന്റെ ക്രൂരതകളെയും വംശീയവിദ്വേഷത്തെയും എതിർക്കുക എന്ന പൊതു രാഷ്ട്രീയസംസ്കാരത്തിന്റെ ഭാഗമായിരുന്നു ഓസ്ട്രിയയും. അവിടെയാണിപ്പോൾ ഹിറ്റ്ലറെയും മുസ്സോളിനിയെയും മാതൃകകളാക്കുന്ന, 1956ൽ ഒരു നാസി നേതാവിനാൽ സ്ഥാപിക്കപ്പെട്ട നവ ഫാസിസ്റ്റ് കക്ഷി അധികാരത്തിന്റെ ഭാഗമാകുന്നത്.

ഇങ്ങനെ ലോകത്തിൽ എല്ലായിടത്തും സംജാതമാകുന്ന അസഹിഷ്ണത ലോകത്തിൽ വലിയ അസമാധാനത്തിന് കാരണമാകുന്നു. ജനജീവിതം ദുസ്സഹമാക്കുന്ന തരത്തിൽ ഉയരുന്ന വിലക്കയറ്റം, ഭീകരാക്രമണങ്ങൾ എല്ലാം സ്വൈര്യ ജീവിതത്തെ തകർക്കുന്നതാണ്. ഇതെല്ലാം ലോകവസാനത്തിന്റെ തെളിവായി വേണം നാം കരുതുവാൻ. നാം പ്രതീക്ഷയോടും പ്രത്യാശയോടും കാത്തിരിക്കുന്ന നമ്മുടെ അരുമനാഥനായ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന് ഇത് തെളിയിക്കുന്നു. കർത്താവിന്റെ ഒലിവുമല പ്രഭാഷണത്തിലെ പ്രവചനങ്ങളും പത്മോസിൽ യോഹന്നാനുണ്ടായ വെളിപ്പാടിലെ പ്രവചനങ്ങളും അക്ഷരം പ്രതി നിറവേറുന്നതാണ് നാം 2017-ൽ കാണുന്നത്. മൃഗത്തിന്റെ പ്രതിമയ്ക്ക് സംസാരിക്കുവാൻ ആത്മാവിനെ കൊടുക്കുന്ന രീതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന കൃത്രിമ ബുദ്ധി ലോകത്തിൽ എല്ലാം മേഖലയിലും വ്യാപകമാകുന്നു. ഇങ്ങനെ എല്ലാ തരത്തിലും വേദപുസ്തക പ്രവചനങ്ങൾ നിറവേറുമ്പോൾ, എങ്ങും അസഹിഷ്ണതയും, അസംതൃപ്തിയും നടമാടുമ്പോൾ നമുക്ക് ഒരുങ്ങാം നമ്മുടെ കർത്താവിന്റെ വരവിനായി. ഏവർക്കും അനുഗ്രഹകരമായ ഒരു പുതുവത്സരം ആശംസിക്കുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

# ലേഖനം

# ഭാരമുള്ള കല്ലായ യെരുശലേം



**ഷൈജു തോമസ് ഞാറയ്ക്കൽ**
9447313709, 7561800305

മദ്ധ്യപൂർവ്വദേശത്ത് സംജാതമായിരിക്കുന്ന നിലവിലത്തെ സ്ഥിതി വിശേഷം അപഗ്രഥനം ചെയ്ത് പഠിച്ചതിന്റെ അടിസ്ഥാനത്തിൽ യഹൂദാ റബ്ബിമാരിലൊരാളായ യൽക്കുത് ശിമോനി പുറത്തിറക്കിയ പത്രക്കുറിപ്പിൽ അദ്ദേഹം സമർത്ഥിക്കുന്നു മശിഹായുടെ മടങ്ങി വരവ് എത്രയും വേഗം സംഭവിക്കുമെന്ന്. യെശയ്യ പ്രവാചകന്റെയും മറ്റിതര പ്രവാചക പുസ്തകങ്ങളെയും അടിസ്ഥാനപ്പെടുത്തി അദ്ദേഹം പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു. അതു ശരിവെയ്ക്കുന്ന തരത്തിലുള്ള സംഭവങ്ങളാണ് ഇപ്പോൾ നടക്കുന്നതും. പശ്ചിമേഷ്യൻ രാഷ്ട്രീയത്തെ കൂടുതൽ സംഘർഷങ്ങളിലേക്കും ഏറ്റുമുട്ടലിലേക്കും നയിക്കുന്ന തീരുമാനവുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സെമിറ്റിക് മതങ്ങളായ യഹൂദരും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഒരു പോലെ പുണ്യ നഗരമായി കരുതുന്ന യെരുശലേമിനെ യിസ്രയേൽ രാഷ്ട്രത്തിന്റെ തലസ്ഥാന നഗരമായി പ്രഖ്യാപിക്കുകയും, അമേരിക്കൻ എംബസി യെരുശലേമിലേക്ക് മാറ്റുവാനുള്ള തീരുമാനം എടുക്കുകയും ചെയ്തതിലൂടെയാണ് അത്. 2017 ഡിസംബറിൽ വൈറ്റ് ഹൗസിൽ നടത്തിയ പ്രസംഗത്തിലൂടെയാണ് യിസ്രയേൽ രാഷ്ട്രത്തിനും സയണിസ്റ്റ് പ്രസ്ഥാനത്തിനും അനുകൂലമായ തീരുമാനം ഉണ്ടായിരിക്കുന്നത്. ഈ തീരുമാനം നടപ്പിലായാൽ യെരുശലേമിലേക്ക് എംബസി മാറ്റുന്ന ആദ്യ രാഷ്ട്രവും അമേരിക്ക ആയിരിക്കും. 1995-ൽ അമേരിക്കൻ കോൺഗ്രസ് എതിർപ്പ് കൂടാതെ പാസ്സാക്കിയ യെരുശലേം എംബസി ആക്ടിന്റെ ചുവടുപിടിച്ചാണ് ട്രംപിന്റെ പ്രഖ്യാപനം. മുൻ പ്രസിഡന്റുമാരായ ബിൽ ക്ലിന്റനും, ജോർജ്ജ് ബുഷും, ബറാക് ഒബാമയും നടപ്പാക്കാൻ മടിച്ച തീരുമാനം താൻ നടപ്പാക്കുന്നു എന്ന് ട്രംപ് പറയുന്നതിന്റെ അർത്ഥമിതാണ്. 1980ൽ ഇസ്രയേൽ അംഗീകരിച്ച അടിസ്ഥാന നിയമത്തിൽ ജറുസലേം ഏകീകൃത ഇസ്രയേലിന്റെ തലസ്ഥാനമാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ചുവടുപിടിച്ചാണ് അമേരിക്കൻ നിയമനിർമാണവും ഉണ്ടായിട്ടുള്ളത്. ഇത് നിമിത്തം പശ്ചിമേഷ്യയിൽ ഉളവാകുന്നത് സമാധാന രഹിതമായ ദിനങ്ങളായിരിക്കും. കാരണം 1948-ൽ യിസ്രയേൽ രാഷ്ട്രം രൂപീകരിക്കുമ്പോൾ നടപ്പിലാക്കിയ ഇരു രാഷ്ട്ര പ്രഖ്യാപനത്തിലൂടെ നടപ്പിലാക്കുവാൻ ശ്രമിച്ച സമാധാന ശ്രമങ്ങൾക്കുള്ള ഏറ്റവും വലിയ തിരിച്ചടിയായും രാഷ്ട്ര തന്ത്രജ്ഞർ ഇതിനെ വിലയിരുത്തുന്നു. വിശുദ്ധ വേദപുസ്തകം സെഖ്യര്യാ പ്രവാചക പുസ്തകത്തിൽ പറയുന്നതു പോലെ ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകലജാതികൾക്കും ഒരു പരിഭ്രമപാത്രമാക്കും; അന്നാളിൽ ഞാൻ യെരൂശലേമിനെ സകലജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കും; എന്നതു പോലെയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നതും. ഇരു രാഷ്ട്ര പദ്ധതി നടപ്പാക്കുന്ന പക്ഷം പലസ്തീന്റെ തലസ്ഥാനമാകേണ്ടത് കിഴക്കൻ ജറുസലേമായിരുന്നു. എന്നാൽ, 1967ലെ ആറു ദിന യുദ്ധത്തിൽ ഈ പ്രദേശം ഇസ്രയേൽ കീഴ്പ്പെടുത്തിയിരുന്നു. 1967-ൽ നടന്ന ആറു ദിവസത്തെ യുദ്ധത്തിൽ യിസ്രയേൽ പഴയ യരുശലേം പിടിച്ചെടുത്തു എങ്കിലും വിശുദ്ധ ഭൂമി എന്ന് ഇരു കൂട്ടരും അവകാശം ഉന്നയിച്ചതിനാൽ ഐക്യരാഷ്ട്ര സഭ ഇടപെട്ടു. തുടർന്ന് ഐക്യരാഷ്ട്ര സഭയുടെ നിയമം 478 അനുസരിച്ച് ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു മോസ്കുകൾ ഈ കുന്നിൽ സ്ഥിതി ചെയ്യുന്നതിനാൽ ഈ സ്ഥലത്തെ ഐക്യരാഷ്ട്ര സഭയുടെ അധികാര പരിധിയിൽ കൊണ്ടു വന്ന് ജോർദ്ദാനിലെ മുസ്ലീം വഖഫ് ബോർഡിനെ ടോമ്പിൾ മൗണ്ടിന്റെ ഭരണം ഏല്പിച്ചിരിക്കുന്നു. യരുശലേമിന്റെ നിയന്ത്രണം ഐക്യരാഷ്ട്രസഭയ്ക്കാകയാൽ അവിടെ നടപ്പിലാക്കുന്നത് അന്താരാഷ്ട്ര നിയമമാണ്. അതിനാൽ അന്താരാഷ്ട്ര നിയമങ്ങൾക്ക് വിധേയമായി അവിടെ നടക്കുന്ന നിയമരാഹിത്യം അന്താരാഷ്ട്ര നിയമരാഹിത്യമായി കണക്കാകണം എന്നാണ്. പശ്ചിമ യെരുശലേമാകട്ടെ 1948-ൽ യിസ്രയേൽ രൂപംകൊണ്ട വേളയിൽത്തന്നെ ആ രാഷ്ട്രത്തിന്റെ ഭാഗമായിരുന്നു. ഇരു രാഷ്ട്ര പ്രഖ്യാപനത്തിലൂടെ രൂപികരിക്കുവാൻ ശ്രമിക്കുന്ന പലസ്തീൻ രാഷ്ട്രത്തിന്റെ ഭാവി തലസ്ഥാനമാണ് കിഴക്കൻ യെരുശലേം എന്നതുകൊണ്ടുതന്നെ അവിടെ എല്ലാ അന്താരാഷ്ട്രനിയമങ്ങളും ലംഘിച്ച് യഹൂദ ആവാസകേന്ദ്രങ്ങൾ കെട്ടിപ്പൊക്കുകയായിരുന്നു യിസ്രയേൽ. യുദ്ധത്തിൽ കീഴ്പ്പെടുത്തിയ പ്രദേശങ്ങളിലേക്ക് രാഷ്ട്രങ്ങൾ അവരുടെ ജനതയെ മാറ്റി പാർപ്പിക്കരുതെന്ന 1949- ലെ നാലാം ജനീവ കൺവൻഷന്റെ പ്രഖ്യാപനത്തിന് കടകവിരുദ്ധമാണ് ഈ മാറ്റിപാർപ്പിക്കൽ. ഈ പ്രവർത്തനത്തെ യുഎൻ രക്ഷാസമിതി അഞ്ച് തവണയെങ്കിലും ആവാസ കേന്ദ്ര നിർമാണത്തിലൂടെയുള്ള അധിനിവേശത്തെ എതിർക്കുന്ന പ്രമേയം പാസാക്കിയിരുന്നു. എന്നാൽ അതൊന്നും യിസ്രയേൽ അംഗീകരിച്ചിട്ടില്ല. കുടിയേറ്റകേന്ദ്രങ്ങൾ നിർമിക്കുന്ന ബീറ്റ് യെൽ യെഷേക്ക് എന്ന സംഘടന പ്രസിഡന്റാണ് ഇസ്രയേലിലെ അംബാസഡറായി ട്രംപ് നിയമിച്ച തീവ്ര വലതുപക്ഷക്കാരനായ ഡേവിഡ് ഫ്രീഡ്മാൻ. ഇതിലൂടെ ഒരു തുറന്ന യുദ്ധം പ്രഖ്യാപനമാണ് ട്രംപ് നടത്തിയിരിക്കുന്നത് എന്നാണ് വിശകലനം. അമേരിക്കൻ എംബസി ടെൽ അവീവിൽ നിന്ന് ഈസ്റ്റ് ജറുസലേമിലേക്ക് മാറ്റുമെന്ന തീർത്തും പ്രകോപനപരമായ പ്രഖ്യാപനവും ഫ്രീഡ്മാൻ നേരത്തെ നടത്തിയിരുന്നു. യിസ്രയേലി കുടിയേറ്റത്തെ പരസ്യമായി അനുകൂലിക്കുകയും കുടിയേറ്റ കേന്ദ്രത്തിൽ സ്വന്തമായൊരു വീടിന്റെ ഉടമയുമായ ഫ്രീഡ്മാനെ അംബാസഡറാക്കിയ നടപടിതന്നെ പ്രകോപനപരമാണ്. ഫ്രീഡ്മാന്റെ വരവോടെതന്നെ പലസ്തീൻ സമാധാനപ്രക്രിയയ്ക്ക് അന്ത്യമാകുമെന്നും കൂടുതൽ പ്രശ്നങ്ങൾക്ക് തുടക്കമാകുമെന്നും പലസ്തീൻ വിമോചനസംഘടനയുടെ ജനറൽ സെക്രട്ടറി സയേബ് എറേകത്ത് മുന്നറിയിപ്പ് നൽകിയിരുന്നു. അതാണിപ്പോൾ യാഥാർഥ്യമായിട്ടുള്ളത്.

## സെന്റർ കൺവൻഷൻ

**തിരുവമ്പാടി:** ഐ.പി.സി. തിരുവമ്പാടി സെന്ററിന്റെ 19-ാമത് വാർഷിക കൺവൻഷൻ ജനുവരി 25-28 വരെ കോടഞ്ചേരി ശാലേം കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് അലക്സാണ്ടർ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ കർത്തൃദാസന്മാരായ സണ്ണി കുര്യൻ, രാജു ആനിക്കാട്, ഡോ. ബാബു വർഗീസ് ഹ്യൂസ്റ്റൺ എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. ഗ്ലോറിഫൈ ഗോസ്പൽ മെലഡീസ് ഗാനങ്ങൾ ആലപിക്കുന്നു. സംയുക്ത ഉപവാസ പ്രാർത്ഥന, സോദരിസമാജം, പി.വൈ.പി.എ-സണ്ടേസ്കൂൾ വാർഷികം എന്നിവ നടക്കും. സംയുക്ത ആരാധനയും കർത്തൃമേശയോടുംകൂടെ കൺവൻഷൻ സമാപിക്കും. പാസ്റ്റർമാരായ വി. എ. ജോസഫ്, പി.എസ്.രാജേഷ്, കെ. ജെ. ഐസക് എന്നിവർ നേതൃത്വം നൽകും.

എനിക്കും പറയാനുണ്ട്

# പുതുവർഷ ചിന്തകൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

2017 യാത്രയായി. 2018 പ്രതീക്ഷയുടെ വെളിച്ചം പകർന്ന് എത്തിച്ചേർന്നു. കഴിഞ്ഞ രണ്ടരമാസത്തിലധികമായി അമേരിക്കയിലെ ഡാളസ് പട്ടണത്തിലും ഹ്യൂസ്റ്റണിലുമായി സമയം ചെലവഴിക്കുവാൻ ഇടയായി. ഇത്തവണ ക്രിസ്തുമസ് ദിനവും പുതുവൽസരദിനവും ഡാളസിലായിരുന്നു. തണുപ്പിന്റെ കാഠിന്യം അല്പം കൂടുതലായിരുന്നു എങ്കിലും രസകരമായ ദിനങ്ങളായിരുന്നു. സ്നേഹിതർ, അടുത്ത ബന്ധുക്കൾ, ദൈവമക്കൾ, ദൈവദാസന്മാർ ഇവരോടൊപ്പം സമയം ചെലവഴിക്കുവാൻ കഴിഞ്ഞത് സന്തോഷകരമായ അനുഭവം ആയിരുന്നു. ഇത്തവണത്തെ ക്രിസ്തുമസിന് എന്റെ ശ്രദ്ധയിൽപെട്ട ഏറ്റവും പ്രധാനകാര്യം പെന്തെക്കോസ്തുകാർക്ക് വ്യാപകമായി വന്ന മാറ്റമാണ്. ഇതുവരെ കാണാത്ത നിലയിലാണ് ക്രിസ്തുമസ് ആഘോഷം പെന്തെക്കോസ്തുകാരുടെ വകയായി നടത്തപ്പെട്ടത്. സാന്റായും കരോളും വ്യാപകമായിരുന്നു. ചിലർ സുവിശേഷ പ്രഘോഷണത്തിനായി ഈ അവസരം ഉപയോഗിച്ചു. ക്രിസ്തുവിന്റെ ജനന സമയം ക്രിസ്തുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ പറ്റിയ സമയമായാണ് എനിക്ക് തോന്നിയിട്ടുള്ളത്. സ്വന്ത ജന്മദിനവും വീട്ടുകാരുടേതും ആഘോഷിച്ച് ഫേസ്ബുക്കിൽ പോസ്റ്റിട്ട് വൈറലാക്കുന്നവരാണ് ക്രിസ്തുവിന്റെ ജനനം കൊണ്ടാടുന്നതിനെ എതിർക്കാൻ വാക്യം തപ്പുന്നത്. എല്ലാറ്റിനും മിതത്വവും മാന്യതയും പാലിച്ചാൽ ക്രിസ്തുമസിന് എന്താണ് തെറ്റ്. സൂര്യദേവന്റെ ദിനമാണെന്ന് ഏത് ചരിത്രത്തിലാണുള്ളത്. എവിടെ നിന്നെങ്കിലും കിട്ടുന്ന വികലമായ അറിവുകൾ വിളമ്പി സ്വയമായി ചിലർ "പണ്ഡിത ശിരോമണികൾ" ആകുകയാണ്. വചനവിരുദ്ധമായതിലേക്ക് പോകാത്ത കാലത്തോളം ഇതെങ്ങനെ പാപമാകും. രാഷ്ട്രീയക്കളികളും പാരവെപ്പും, കാലുവാരലുമല്ലേ ഇതിലുമൊക്കെ എത്രയോ ഹീനമായത്. ഒരേ സ്വർഗ്ഗത്തിലേക്ക് പോകാനിരിക്കുന്നവരും ഒരേ ഉപദേശമുള്ളവരും ഒരേ ആത്മാവിനെ പ്രാപിച്ചവരും ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, ഏ.ജി., ശാരോൻ ഇങ്ങനെ നൂറു കണക്കിന് സിംഹാസനങ്ങളുടെ പേരിൽ പിരിഞ്ഞിരിക്കുകയും പോരടിക്കുകയും ചെയ്യുന്നതല്ലേ വലിയ പാപം. കുമ്പനാട്ടും തിരുവല്ലയിലും പുനലൂരുമൊക്കെ ജനറൽ കൺവൻഷനുകളുടെ പേരിൽ കോടികൾ ധൂർത്തടിക്കുന്നതല്ലേ പാപം. അധികാര കസേരക്കുവേണ്ടി നടത്തുന്ന ഗുണ്ടായിസവും പകപോക്കലും ഏതു ഗണത്തിൽപ്പെടും. നമ്മളൊക്കെ കൊതുകിനെ അരിച്ച് ഒട്ടകത്തെ വിഴുങ്ങുന്ന ആധുനിക പരീശമതക്കാർ മാത്രമാണ്. കർത്താവ് വന്നുപോയാലും ഇവിടെ സിംഹാസനം ഉറപ്പിക്കുവാൻ ബദ്ധപ്പെട്ട് ഇവിടെ തന്നെ കാണുന്ന ഗണമായി ഇന്നത്തെ പെന്തെക്കോസ്തുകാർ ശേഷിക്കും കാരണം കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ച് പ്രസംഗിക്കുകയും അതിൽ വിശ്വാസമില്ലാതിരിക്കുകയും ചെയ്യുന്ന കൂട്ടരായി പെന്തെക്കോസ്ത് മാറിക്കഴിഞ്ഞു. സുവിശേഷത്തിന്റെ മറവിൽ ചെറുതും വലുതുമായ തട്ടിപ്പുകളുടെ കൂത്തരങ്ങായിരിക്കുന്നു ഈ സമൂഹം. എന്നിട്ടോ ആവശ്യമില്ലാത്തതിനു വേണ്ടിയൊക്കെ നാം വാദിക്കുകയുമാണ്.

കുമ്പനാട്ട് ഒരു ലക്ഷം പേർ കൂടിയെന്നും തിരുവല്ലയിലും പുനലൂരും അരലക്ഷം പേർ തടിച്ചുകൂടിയെന്നും ബാക്കി എല്ലാം കൂടി വേറെ ലക്ഷങ്ങൾ എത്തിയെന്നും ഒക്കെ അവകാശവാദം നടത്തുന്ന നേതാക്കന്മാർ ജനത്തെ വഞ്ചിക്കുകയാണ്. സ്ഥാനമൊഴിഞ്ഞ ഒരു നേതാവ് അമേരിക്കയിലെ ഒരു സഭയിൽ നടത്തിയ വികാരഭരിതമായ പ്രസംഗത്തിൽ അവതരിപ്പിച്ച കണക്ക് കേട്ട് ഞാൻ ഞെട്ടിപ്പോയി 3 ലക്ഷം വിശ്വാസികളും 1400 ശുശ്രൂഷകരുമുള്ള പ്രസ്ഥാനത്തെ നാലുവർഷം നയിപ്പാൻ ദൈവം സഹായിച്ചുപോലും ആ പറഞ്ഞതിൽ ആറിൽ ഒന്നെങ്കിലും വിശ്വാസികളുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു.

ഇവിടെ വേണ്ടത് പ്രകടനങ്ങളല്ല. അനുഭവമാണ്. മനുഷ്യനെ മനുഷ്യനായി കണ്ട് സ്നേഹിക്കുവാൻ കഴിയുന്ന ക്രിസ്തീയതയാണാവശ്യം മണിമന്ദിരങ്ങളിലെ പുൾപിറ്റുകളിലല്ല. തെരുവിൽ, അശരണരുടെയിടയിൽ നാം ക്രിസ്തുവിന്റെ സ്നേഹം പ്രവർത്തിയിലൂടെ കാണിക്കണം. മനുഷ്യനെ മരംപോലെ കാണുന്ന വികലമായ കാഴ്ചപ്പാട് മാറാൻ ഒന്നുകൂടി നാഥൻ നമ്മെ തൊടുവാൻ സമർപ്പിക്കണം.

സഭയെ ഏൽപ്പിച്ച വലിയ ദൗത്യമായ സുവിശേഷീകരണത്തെ മറന്നും മാറ്റി നിർത്തിയും നാം എന്തെക്കെയോ നേടിയെന്ന് വൃഥാ അഭിമാനിക്കുകയാണ്. ഇന്ന് നമ്മുടെ സഭകളിൽ ( സംഘടനകളിൽ ) ക്രിസ്തുവില്ല എന്നതല്ലേ യാഥാർത്ഥ്യം. ലവോദിക്യസഭയുടെ അനുഭവമാണ് ഇന്നത്തെ പെന്തക്കോസ്ത് സഭകളുടേത്. എല്ലാം തികഞ്ഞവരെന്നു വൃഥാ നടിക്കുന്നവർ. പരസ്പരം പോരടിച്ചിട്ട് ജനത്തിന്റെ കണ്ണിൽ പൊടിയിടാൻ മാത്രമായി പരസ്പരം ആശ്ലേഷിക്കുകയും ചുംബിക്കുകയും ചെയ്യുന്ന ആധുനിക യൂദമാരുടെ നേതൃത്യം ഈ സമൂഹത്തെ നാശത്തിലേക്കു കൊണ്ടു പോകുകയാണ്.

ദേവാലയങ്ങളിലെ പുൾപിറ്റുകളിലല്ല പിന്നെയോ തെരുക്കോണുകളിലേക്ക് നഷ്ടപ്പെട്ടതിനെ തിരഞ്ഞു ചെല്ലുന്ന ശുശ്രൂഷയാണ് കർത്താവ് കാട്ടിത്തന്നത്. പൗരോഹിത്യം ഉപേക്ഷിച്ചു എന്ന് അഭിമാനിക്കുന്നവർ വിദഗ്ദമായി വേഷമില്ലാതെ തന്നെ പൗരോഹിത്യ മേൽക്കോയ്മ വിശ്വാസികളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ് മേശയിലെ ശുശ്രൂഷയും പുൾപിറ്റും അധികാരവും തന്ത്രപൂർവ്വം ആത്മീയ നേതൃത്വം കൈയടക്കിയിരിക്കുന്നു.

വിശുദ്ധി വേണം അതി വിശുദ്ധി വേണ്ട. ആവേശം വേണം അമിതാവേശം വേണ്ട. ഉപദേശം വേണ്ട വചനത്തില്ലാത്തതു വേണ്ട. പൗരോഹിത്യവും ജാതീയ ആരാധനയും വേണ്ട. എന്നാൽ ളോഹയിടാതെ അകത്തെത്തിക്കുന്ന പൗരോഹിത്യവും വചനത്തിലില്ലാത്തതും ഒഴിവാക്കണം. പറച്ചിലൊന്നും പ്രവർത്തി മറ്റൊന്നുമാകുമ്പോഴാണ് ജനം നമ്മെ തള്ളി പറയുന്നത്. പുതുവർഷപ്പുലരിയിൽ ആദ്യം നമുക്കു മനുഷ്യരാകാം. ഒപ്പം ദൈവസ്നേഹത്തിൽ വളരുകയും ചെയ്യാം. പരീശന്മാരുടെ കപടത കാണുമ്പോഴാണ് കർത്താവ് ചാട്ടവാറെടുക്കുന്നത്. അതു മറക്കണ്ട.

വേദപഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

പൗലോസ് ശ്ലീഹ വായനക്കാരനായ തിമൊഥെയൊസിനോടും എഫെസൊസിലെ ദൈവസഭയോടും പറയുന്നത് ഇഹലോകത്തിലേക്കു നാം ഒന്നുംകൊണ്ടുവന്നിട്ടില്ല, ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല, ഉൺമാനും ഉടുപ്പനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക, ഭക്തനും ധനികനുമായ ഇയ്യോബും തന്റെ സമ്പത്തും ആരോഗ്യവും നഷ്ടമായപ്പോൾ താൻ പറഞ്ഞത്. യഹോവ തന്നു, യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തുപ്പെടുമാറാകട്ടെ...ഇയ്യോ 1:21.

ലോകപ്രസിദ്ധനായ അലക്സാണ്ടർ ചക്രവർത്തി തന്റെ ഭരണസമയത്ത് സകലദേശങ്ങളെയും രാജ്യങ്ങളെയും കീഴ്പ്പെടുത്തി. ഒടുവിൽ കേവലം ഒരു ജലദോഷം (പനിയുടെ) കാരണത്താൽ മരിക്കുവാൻ തുടങ്ങിയപ്പോൾ തന്റെ ദാസന്മാരെ അരികെ വിളിച്ചു നിർത്തിയതിനു ശേഷം ഇപ്രകാരം പറഞ്ഞു, ഞാൻ മരിക്കുമ്പോൾ എന്റെ ശരീരം ശവപ്പെട്ടിയിൽ വയ്ക്കുമ്പോൾ ശവപ്പെട്ടിയുടെ ഇരുവശങ്ങളിലും ഓരോ ദ്വാരം ഉണ്ടാക്കുകയും ആ ദ്വാരത്തിലൂടെ എന്റെ കരങ്ങളെ പുറത്തേയ്ക്കുയിടുക എന്നു പറഞ്ഞിരുന്നു, എന്റെ ശവശരീരം കാണുവാൻ വരുന്നവർ മനസ്സിലാക്കട്ടെ ഞാൻ ഈ ലോകത്തെയും ലോകത്തിലുള്ള സകലതിനെയും കീഴ്പ്പെടുത്തി എന്നാൽ മരണത്തെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞില്ല, കൂടാതെ ഈ ലോകത്തിലേക്കു ഞാൻ ഒന്നും കൊണ്ടുവന്നില്ലാ. അതുപോലെ ഈ ലോകത്തിൽ നിന്നും യാതൊന്നും കൊണ്ടുപോകുന്നതുമില്ലാ. അതാണ് ഒരു സഭാശുശ്രൂഷകനും ഒരു ദൈവപൈതലിനും, ഉണ്ടായിരിക്കേണ്ടതായ സ്വഭാവവും മനോഭാവവും. ഉള്ളതിൽ സംതൃപ്തിയടയുവാനുള്ള സന്ദേശമാണ് നൽകുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ ക്രിസ്തീയ സഭയെ ഭരിക്കുന്ന ഒരു ഉപദേശമാണ് അഭിവൃദ്ധിയുടെ സുവിശേഷം അല്ലെങ്കിൽ സമൃദ്ധിയുടെ സുവിശേഷം, ദാരിദ്ര്യം ഒരു ശാപമാണ് എന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു അങ്ങനെയുള്ളപ്പോൾ ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു പഠിപ്പിക്കുകയും വിശ്വസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു എത്രമാത്രം പ്രാധാന്യം ലഭിക്കും എന്നുള്ളത് ചിന്തിക്കുക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ഇത്തരം സംഭവങ്ങൾക്കു വിശുദ്ധ ബൈബിൾ നൽകുന്ന പല ദൃഷ്ടാന്തങ്ങളുണ്ട്, ദൈവത്തിന്റെ ദാനം വിലയ്ക്കു വാങ്ങാമെന്നു നിരൂപിച്ച ശിമോനോട് പത്രോസ് പറഞ്ഞ മറുപടി ഇത്തരുണത്തിൽ ശ്രദ്ധേയമാണ്, നിന്റെ പണം നിന്നോടു കൂടെ നശിച്ചുപോകട്ടെ...അ.പ്രവ. 8:20.

ഏലീശായുടെ ശിഷ്യനായ ഗേഹസിയുടെ ദ്രവ്യാഗ്രഹം അതിന്റെ അവസാനമോ വളരെ ദയനീയ അന്ത്യം, 2 രാജാ 5:16. പണത്തിനു വേണ്ടിയുള്ള ആർത്തി പലപ്പോഴും നാശത്തിൽ എത്തിക്കുന്ന കള്ളവും; കപടവും; ഇല്ലാത്ത പദ്ധതികളും; പരിപാടികളും അവതരിപ്പിച്ചു പണം തട്ടുന്നത് പലരുടെയും ശുശ്രൂഷകളാണ് ഇങ്ങനെ നേടിയെടുക്കുന്നതും സമ്പാദിക്കുന്നതും ഒടുവിൽ ദയനീയമായ അന്ത്യത്തിലേക്കും നയിക്കും. പൗലോസ് പറയുന്ന ദേമാസും ഇത്തരത്തിൽപെട്ടവനായിരുന്നു. 2 തിമൊ.4:10.ചരിത്രത്തിലെ ഏറ്റവും പ്രസിദ്ധവും ദുരന്തപൂർണ്ണവുമായ അപകടമായിരുന്നു റ്റൈറ്റാനിക് കപ്പലപകടം 1912 ഏപ്രിൽ മാസം 14-ാം തിയതി രാത്രിയിലാണ് അത് സംഭവിച്ചത്, അതിനു കാരണം മഞ്ഞുകട്ടയിൽ ഇടിച്ച് കപ്പലിനുണ്ടായ ഒരു ചെറിയ വിള്ളലാണ് ആ വലിയ കപ്പലിനെ വെള്ളത്തിൽ അഴ്ത്തിക്കളഞ്ഞത്, ഇതുപോലെ പലരുടെയും പണത്തോടുള്ള താല്പര്യം ശുശ്രൂഷയിൽ നിന്നും ദൈവീകകാര്യങ്ങളിൽ നിന്നും അകറ്റികളയുകയും മുക്കിക്കളയുകയും ചെയ്യുന്നു. അടുത്തത് ദ്രവ്യാഗ്രഹം സകലവിധദോഷത്തിനും മൂലമല്ലോ ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു 1 തിമൊ. 6:10. സകലത്തിനും ഉപയോഗിക്കുന്നതും ഉതകുന്നതും ആണ് പണം സഭാ. 10:19. നല്ല കാര്യങ്ങൾക്കും തീയ കാര്യത്തിനും പ്രയോജനപ്പെടുത്താം, മനുഷ്യനെ നന്നാക്കുവാനും നശിപ്പിക്കുവാനും മനുഷ്യനെ ഉയർത്തുവാനും താഴ്ത്തുവാനും പണം ഉപകരിക്കുന്നു. ചിലർക്കു ആവശ്യത്തിനു ദ്രവ്യം കരുതിയാലും ദ്രവ്യത്തോടുള്ള ആസക്തി കൂടുതലാണ്. പണ്ടൊരിക്കൽ ആരോ ഒരാൾ പറഞ്ഞു, പണം ഒഴിവാക്കാൻ പറ്റാത്ത ഒരു ചീത്ത വസ്തുവാണ് (money is a necessary evil) എത്ര ശരിയാണത്. പണം അനുദിന ജീവിതത്തിൽ ആവശ്യമാണ്, അത്യാവശ്യ വസ്തുക്കളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്കും പണം ആവശ്യമാണ്. ഗ്രീക്കുകാരുടെയും ഇടയിൽ ഇങ്ങനെയൊരു പറച്ചിൽ ഉണ്ട്, അല്പം കൊണ്ട് മതിയാകാത്തവന് ഒന്നും മതിയാകയില്ല" ജ്ഞാനികളിൽ പ്രസിദ്ധനായ ശലോമോൻ പറഞ്ഞിരിക്കുന്നത്. "ധനവാനാകേണ്ടതിനു പണിപ്പെടരുത് അതിനായുള്ള ബുദ്ധി വിട്ടുകളക" സദൃ.23:4 പണത്തെ സംബന്ധിച്ചു പറയുന്നത് ഇങ്ങനെയാണ്, "പണം കൊണ്ട് വീടുവാങ്ങാം പക്ഷെ ഭവനം വാങ്ങാനാവില്ല, പണം കൊണ്ട് സഹായിയെ വാങ്ങാം പക്ഷെ സ്നേഹിതനെ വാങ്ങാൻ കഴിയുകയില്ല. പണം കൊണ്ട് മരുന്നു വാങ്ങാം പക്ഷെ ആരോഗ്യം വാങ്ങുവാൻ കഴിയുകയില്ല. പണം കൊണ്ട് വിനോദം വാങ്ങാം പക്ഷെ സന്തോഷം വാങ്ങാനാവില്ല. പണം കൊണ്ട് ഭക്ഷണം വാങ്ങാം വിശപ്പ് വാങ്ങാനാവില്ല പണം കൊണ്ട് കിടക്കെ വാങ്ങാം പക്ഷെ ഉറക്കം വാങ്ങാനാവില്ല. പണം കൊണ്ടു ക്ലോക്ക് വാങ്ങാം പക്ഷെ സമയം വാങ്ങുവാൻ കഴിയുകയില്ല. പണം കൊണ്ട് ആർഭാടജീവിതം വാങ്ങാം പക്ഷെ നിത്യജീവൻ വാങ്ങാനാവില്ല. പണം കൊണ്ട് ക്രൂശിത രൂപം വാങ്ങാം പക്ഷെ ക്രിസ്തുവിനെ വാങ്ങാനാവവില്ല. പണം കൊണ്ട് സ്ഥലം വാങ്ങാം പക്ഷെ സ്വർഗ്ഗരാജ്യം വാങ്ങാനാവില്ല. (തുടരും....)

തിമൊഥെയൊസ്
-തുടർച്ച-

## ആയൂർ സെന്റർ കൺവൻഷൻ ജനുവരി 11 മുതൽ

**ആയൂർ:** ഇന്ത്യൻ പെന്തക്കോസ്തുദൈവസഭ ആയൂർ സെന്റർ വാർഷിക കൺവൻഷൻ 2018 ജനുവരി 18 വ്യാഴം മുതൽ 14 ഞായർ വരെ ആയൂർ ആമ്പാടി ഓഡിറ്റോറിയത്തിൽ നടക്കും. 11 ന് വൈകിട്ട് 6 മണിക്ക് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യും.

പാസ്റ്റർ ജയിംസ് ജോർജ് പുനലൂർ, ഐ.പി.സി യു.കെ- അയർലണ്ട് റീജൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ്, പാസ്റ്റർ സതീഷ് നെൽസൺ, പാസ്റ്റർ സ്റ്റാൻലി അലക്സ് എന്നിവർ പ്രസംഗിക്കും. എല്ലാ ദിവസവും വൈകിട്ട് 6 നും വെള്ളി രാവിലെ 10 നും പൊതുയോഗം, വെള്ളി ഉച്ചയ്ക്ക് രണ്ടിന് സോദരീസമാജം വാർഷികം, ശനി രാവിലെ 10 ന് മാസയോഗവും, ഉച്ചയ്ക്ക് രണ്ടിന് പി. വൈ. പി. എ സൺഡേ സ്കൂൾ വാർഷികവും , ഞായർ രാവിലെ 8 ന് സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും, 11 ന് സമാപനയോഗം. ക്രൈസ്റ്റ് സിംഗേഴ്സ് ചെങ്ങന്നൂർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

Q&A ചോദ്യോത്തരവേദി

# ബാബിലോൺ നഗരം ഉയർത്തെഴുന്നേല്ക്കുമോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ബാബിലോൺ നഗരത്തിന്റെ തകർച്ച ഭാവിയിൽ ഉണ്ടാകുമെന്ന് വെളിപ്പാടുപുസ്തകത്തിൽ കാണുന്നു. പഴയ പ്രതാപ നഗരമായിരുന്ന ബാബിലോൺ പണിയപ്പെടുമോ? പണിയപ്പെട്ടാലല്ലേ തകർച്ചയുണ്ടാകൂ? പണിയപ്പെടുന്നില്ലെങ്കിൽ വെളിപ്പാടു പുസ്തകത്തിലെ പ്രവചനം (വെളിപ്പാട് 17:3-5) എങ്ങനെ നിറവേറ്റപ്പെടും?

**ഉത്തരം:** ബാബിലോൺ നഗരം പുതുതായി പണിയപ്പെടുകയില്ല. അത് ഒരിക്കലും എഴുന്നേറ്റു വരാതെ നശിച്ചുപോകുന്നതും, നിവാസികളില്ലാതെ കിടക്കുന്നതും യിരെമ്യാ പ്രവാചകൻ പ്രവചിച്ചത് ചരിത്രത്തിൽ നിറവേറിയതാണ് (യിരെമ്യാവ് 50,51 അദ്ധ്യായങ്ങൾ).

**ബാബിലോൺ നഗരത്തിന്റെ ചരിത്രം**

നോഹയുടെ കാലത്തെ ജലപ്രളയത്തിനുശേഷം നിമ്രോദിനാൽ പണിയപ്പെട്ടതാണ് ബാബിലോൺ നഗരം. ഇറാക്കിന്റെ തലസ്ഥാനമായ ബാഗ്ദാദിന് 80 കിലോമീറ്റർ തെക്കായി യൂഫ്രട്ടീസ് നദീതീരത്ത് പടുത്തുയർത്തിയ ബാബേൽഗോപുരത്തിന്റെ പേരിലാണ് ബാബിലോൺ എന്ന നാമം ഉരുത്തിരിഞ്ഞു വന്നത്. ബി.സി. 1728-ൽ ഹമ്മുറബിയുടെ ഭരണകാലത്താണ് ബാബിലോൺ ഒരു വലിയ പട്ടണമായി വളർന്ന് അന്നത്തെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിയത്. നെബുഖ്ദനേസ്സർ രാജാവിന്റെ വാഴ്ചക്കാലത്താണ് (ബി.സി. 604-562വരെ) നഗരത്തിന്റെ പ്രശസ്തി അത്യുച്ചകോടിയിലെത്തിയത്. എന്നാൽ ബി.സി. 478-ൽ പേർഷ്യൻ രാജാവായ അഹശ്വരോശിനാൽ ഈ നഗരം ഉയർത്തെഴുന്നേല്ക്കാത്തവിധം നശിപ്പിക്കപ്പെട്ടു. അങ്ങനെ യിരെമ്യാപ്രവാചകന്റെ പ്രവചനം നിറവേറുകയും ഇന്നുവരെ ആ പട്ടണം നിവാസികളില്ലാതിരിക്കയും ചെയ്യുന്നു. "നാശം അടുത്തിരിക്കുന്ന ബാബിലോൺ പുത്രിയേ, നീ ഞങ്ങളോടു ചെയ്തതുപോലെ നിന്നോടു ചെയ്യുന്നവൻ ഭാഗ്യവാൻ" (സങ്കീർത്തം 137:8) എന്ന വചനപ്രകാരം എസ്ഥേർ രാജ്ഞിയുടെ ഭർത്താവായിരുന്ന അഹശ്വേരോശ് ചക്രവർത്തിയാണ് ബാബിലോണിനെ ഇല്ലാതാക്കിയ ആ ഭാഗ്യവാൻ.

1980-ൽ ഉറാക്കിന്റെ ഭരണാധികാരിയായിരുന്ന സദ്ദാം ഹുസൈൻ ഈ പട്ടണം പുനർനിർമ്മിക്കുന്നതിന് പദ്ധതി ഇട്ടു. എന്നാൽ ഗൾഫ് യുദ്ധം പൊട്ടിപുറപ്പെട്ടതോടെ അതിന് കഴിഞ്ഞില്ല. ഈ പട്ടണം പണിയാതെയും ആൾപാർപ്പില്ലാതെയും ഇന്നുവരെയും തുടരുന്നു.

**നശിപ്പിക്കപ്പെടുന്ന ബാബിലോൺ നഗരം പിന്നേതാണ്?**

നശിപ്പിക്കപ്പെടുന്ന മഹതിയാം ബാബിലോൺ ഒരു മർമ്മമാണെന്ന് (രഹസ്യമാണെന്ന്) വെളിപ്പാടിൽ രേഖപ്പെടുത്തിയിരിക്കുന്നു (വെളിപ്പാട് 17:3-5). മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ (രഹസ്യങ്ങൾ) ദൈവത്തിനുള്ളത്. വെളിപ്പെട്ടിരിക്കുന്നത് വിശ്വാസികൾക്ക് അനുസരിക്കാനുള്ളത് (ആവർത്തനം 29:29). എന്നാൽ ബുദ്ധിയിൽ ജ്ഞാനമുണ്ടായാൽ ഈ രഹസ്യം വെളിപ്പെട്ട് കിട്ടുമെന്ന് വചനം പറയുന്നു (വെളിപ്പാട് 17:9).

**മാർമ്മിക ബാബിലോണിനെ തിരിച്ചറിയുന്ന ചില ചൂണ്ടുപലകകൾ**

1) **ഈ നഗരം ഏഴുമലകളിൽ ഇരിക്കുന്നതായ നഗരമാണെന്ന്** വെളിപ്പാട് 17:3,9-ൽ വ്യക്തമാക്കുന്നു. ഏഴു മലകളുടെ നഗരമെന്ന് ലോകത്ത് അറിയപ്പെടുന്ന ഏക നഗരം **റോമാണ്.** റോമിലുള്ള വത്തിക്കാൻ 150 കോടി ജനങ്ങളെ (കത്തോലിക്കരെ) ഭരിക്കുന്നതായി അവകാശപ്പെടുന്നു, റോമൻ കത്തോലിക്കാ സഭ രൂപം കൊള്ളുന്നതിനും റോം അതിന്റെ സിരാകേന്ദ്രം ആകുന്നതിനും വളരെ മുമ്പ് (500 വർഷം മുമ്പ്) രേഖപ്പെടുത്തിയതാണ് വെളിപ്പാട് പുസ്തകം.

**2) മാർമ്മിക ബാബിലോൺ ഒരു പട്ടണമാണ്**

ഭൂരാജാക്കന്മാരുടെമേൽ രാജത്വമുള്ള ഒരു വേശ്യാസ്ത്രീയായി ഈ നഗരത്തെ വിശേഷിപ്പിച്ചിരിക്കുന്നു (വെളിപ്പാട് 17:4,18). മഹതിയാം ബാബിലോണിന് പകരമായി ഒരു സ്ത്രീയെ ഇവിടെ വരച്ചു കാണിക്കുന്നു; ഈ സ്ത്രീ ഭൂരാജാക്കന്മാരുടെമേൽ കർതൃത്വം നടത്തുന്ന നഗരമാണ്.

**3) അന്തർദേശീയമായി നിലവിലുള്ള വ്യവസ്ഥിതിയെ മാർമ്മിക ബാബിലോൺ സ്വാധീനിക്കുന്നു.**

വെളിപ്പാട് 17:1-ൽ ഈ സ്ത്രീ പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയായി കാണിക്കുന്നു. പെരുവെള്ളത്തിന്റെ അർത്ഥം 15-ാം വാക്യത്തിൽ വ്യക്തമാണ്. "നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രേ". ഈ സ്ത്രീ ഒരു പട്ടണം മാത്രമല്ല, അന്തർദേശീയ വ്യവസ്ഥിതിയുടെ ഭരണകേന്ദ്രത്തിൽ സ്വാധീനശക്തികൂടിയാണ്. ഇപ്പോൾ ലോകത്തുള്ള 150 കോടി ജനങ്ങളെ (കത്തോലിക്കരെ) സ്വാധീനിക്കുവാൻ മാർപ്പാപ്പയ്ക്കു കഴിയും.

**4) സ്ത്രീ ധൂമ്രവർണ്ണവും (ഇരുണ്ട ചുവപ്പുനിറം) കടുംചുവപ്പുനിറവും ഉള്ള വസ്ത്രം ധരിച്ചിരിക്കുന്നു** (വെളിപ്പാട് 17:4)

1988 ജൂലൈ1-ന് റോമൻ കത്തോലിക്കാ സഭയുടെ പ്രസിദ്ധീകരണമായ 'ദി ക്രൈറ്റീരിയനി'ലെ ഒരു പ്രസ്താവനയിൽ കർദ്ദീനാൾമാർ ഇരുണ്ട ചുവപ്പും, ആർച്ചുബിഷപ്പുമാരും ബിഷപ്പുമാരും കടുംചുവപ്പുമുള്ള വസ്ത്രമാണ് ധരിക്കുന്നതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ സഭയെ (മണവാട്ടിയെ) നിർമ്മല കന്യക എന്ന് ബൈബിൾ നാമകരണം ചെയ്തിരിക്കുന്നു (2 കൊരി.11:2). മഹതിയാം ബാബിലോണിനെ വേശ്യയായി ചിത്രീകരിച്ചിരിക്കുന്നു. "....ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു" (2 കൊരി.11:2,3).

സഭാംഗങ്ങൾ ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലുമാണോ ഇരിക്കുന്നത് എന്നറിയാൻ പ്രശസ്തമായ ഒരു പള്ളിയിലേക്കു പോകുക. ദൈവമായ യേശുക്രിസ്തുവിന്റെ സാന്നിധ്യമുണ്ടെന്ന് കരുതപ്പെടുന്ന വിശുദ്ധ കുർബ്ബാന അൾത്താരയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഏതെങ്കിലും വിശുദ്ധന്റെ പ്രതിഷ്ഠയും പള്ളിയിലുണ്ടാകും. ഭക്തരെല്ലാം വിശുദ്ധകുർബ്ബാനയുടെ അടുത്തുപോകാതെ വിശുദ്ധന്റെ പ്രതിഷ്ഠയുടെ അടുത്തേക്കു മാത്രമാണ് പോകുന്നത് എന്ന് നേരിൽ കണ്ട് ബോദ്ധ്യപ്പെടാം.

**5) ബുദ്ധിയുള്ളവർ എതിർക്രിസ്തുവിന്റെ സംഖ്യഗണിക്കട്ടെ. അതിന്റെ സംഖ്യ 666** (വെളിപ്പാട് 13:16-18) മാർപാപ്പയുടെ കിരീടത്തിൽ 666 എന്ന സംഖ്യ പതിപ്പിച്ചിരിക്കുന്നു.

'ദൈവപുത്രന്റെ സ്ഥാനത്ത്' എന്നർത്ഥം വരുന്ന വാചകം, പഴയ റോമൻ ഭാഷയായ ലത്തീൻഭാഷയിൽ മാർപ്പാപ്പയുടെ ഔദ്യോഗിക കിരീടത്തിൽ എഴുതിയിട്ടുണ്ട്. VICARIVS FILII DEI എന്നാണെഴുതിയിരിക്കുന്നത്. ഇംഗ്ലീഷ് അക്ഷരങ്ങളാണ് ലത്തീൻ, ഇറ്റാലിയൻ ഭാഷകളിൽ ഉപയോഗിക്കുന്നത്. കാരണം ലത്തീൻ ഭാഷയിൽ നിന്നാണ് ഇംഗ്ലീഷ് ഭാഷ ഉണ്ടായത്. ഇവ രണ്ടിൽ നിന്നുമാണ് ഇറ്റാലിയൻ ഭാഷ ഉണ്ടായത്. റോമൻ അക്ഷരങ്ങളുടെ സംഖ്യാമൂല്യം ഇട്ടുനോക്കുകയാണെങ്കിൽ പ്രസ്തുത വാചകത്തിന്റെ വില 666 എന്ന് വരും

V I C A R I V S — F I L I I — D E I
↓↓↓↓↓↓↓↓ — ↓↓↓↓↓ — ↓↓↓
5 1 100 0 0 1 5 0 — 0 1 50 1 1 — 500 0 1

5+1+100+1+5+1+50+1+1+500+1=666

സംഖ്യാമൂല്യങ്ങളുള്ള ഏഴ് റോമൻ അക്ഷരങ്ങൾ താഴെ കൊടുക്കുന്നു. മറ്റുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് മൂല്യമില്ല. മൂല്യമുള്ള ഏഴ് അക്ഷരങ്ങൾക്കൊണ്ട് ഏത് സംഖ്യയും ഉണ്ടാക്കാവുന്നതാണ്,

| | | | |
|---|---|---|---|
| I=1 | X =10 | C=100 | |
| V=5 | L=50 | D=500 | M=1000 |

ആദിമ അപ്പൊസ്തലന്മാരുടെ വചനത്തെക്കാൾ പ്രാധാന്യം മാർപ്പാപ്പമാരുടെ **'തെറ്റാവരം' എന്ന വിശ്വാസസത്യം** മേൽക്കൈ നേടിയതിനാൽ, അവരുടെയിടയിൽ യേശുക്രിസ്തു നിർജ്ജീവാവസ്ഥയിലും, മരിച്ചുപോയ കുറെ നല്ല മനുഷ്യരായ വിശുദ്ധർ സജീവാവസ്ഥയിലും ആയി **ദൈവമായ വചനത്തിലുള്ള** വിശ്വാസത്യാഗം എന്നേ കത്തോലിക്കാസഭയിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു.

6) "അയ്യോ, അയ്യോ, **മഹാനഗരമായ ബാബിലോണേ,** ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ട് നിന്റെ ന്യായവിധി വന്നല്ലോ...പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽവെച്ചു കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിൽ അല്ലോ കണ്ടത്" (വെളിപ്പാട് 18:10,24). ബൈബിൾ വിവർത്തനം ചെയ്തവരേയും ബൈബിൾ സത്യങ്ങൾ വിളിച്ചു പറഞ്ഞവരേയും നൂറ്റാണ്ടുകളായി വിവിധ രാജ്യങ്ങളിൽ കൊന്ന് ശവശരീരം കത്തിച്ച ചരിത്രം കത്തോലിക്കാ സഭാ നേതൃത്വത്തിനുണ്ട്. പോപ്പുമാരുടെ നേതൃത്വത്തിൽ യെരുശലേം പിടിച്ചെടുക്കാൻ നടത്തിയ ക്രൂസേഡുകളിലെ രക്തചൊരിച്ചിലും ചരിത്രത്തിലുണ്ട്. ഇസ്ലാമിക തീവ്രവാദികൾ നടത്തിയ രക്തച്ചൊരിച്ചിലിനേക്കാൾ എത്രയോ മടങ്ങു കൊലപാതകങ്ങൾ സഭാനേതൃത്വം നടത്തിയിരിക്കുന്നു. ഫ്രാൻസിൽ കത്തോലിക്കാ സഭ നടത്തിയ കൂട്ടക്കൊലകൾ ലക്ഷങ്ങൾ കവിയും. സഭാചരിത്രങ്ങളൊന്നുമറിയാതെ പല പുരോഹിതന്മാരും കന്യാസ്ത്രീകളും വളരെ ത്യാഗം സഹിച്ച് ഇപ്പോൾ പ്രേക്ഷിതവേല ചെയ്യുന്നുണ്ടെന്നുള്ള സത്യം ഞാൻ മറച്ചുവെയ്ക്കുന്നില്ല. റേഡിയോയും ടെലിവിഷനും ചാനലുകളും ഇന്റർനെറ്റും പത്രങ്ങളും എല്ലാം രാജ്യങ്ങളിലുമായതോടുകൂടി ഒരു നീചപ്രവർത്തിയും ഒളിച്ചു വയ്ക്കാൻ പറ്റാതായതോടുകൂടി സഭാനേതൃത്വം ഇപ്പോൾ ലോകസമാധാനത്തിന്റെ സന്ദേശമാണ് പ്രഘോഷിക്കുന്നത്. നിരീശ്വരവാദികൾക്കും സ്വർഗ്ഗരാജ്യത്തിലെത്താം എന്ന് പ്രഖ്യാപിച്ച ഫ്രാൻസിസ് മാർപ്പാപ്പയും, ഉല്പത്തിപുസ്തകത്തിലെ സൃഷ്ടിവിവരണം വിവരിച്ച യേശുക്രിസ്തുവിന്റെ വചനങ്ങൾ വിശ്വസനീയമല്ലെന്ന് പ്രഖ്യാപിച്ച, വിശുദ്ധ പദവിയിലേക്ക് നമ്മളെല്ലാംകൂടി ഉയർത്തിവിട്ട ജോൺപോൾ മാർപ്പാപ്പയും ആരുടെ എന്തു സുവിശേഷമാണ് പ്രസംഗിക്കുന്നത്/പ്രസംഗിച്ചത് എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു?

## 01 ഐ.പി.സി.ഗ്ലോബൽ മീഡിയ...

ന്റ പ്രിൻററും ചീഫ് എഡിറ്ററും ആയിരുന്നു. സെക്കുലർ-ക്രൈസ്തവ ലോകത്തെ വിവിധ സംഘടകളുടെ മുഖ്യ പ്രവർത്തകനും എറണാകുളത്തെ ഗ്രീറ്റ്സ് അക്കാദമിയുടെ ചെയർമാനും അഡ്മിറൽ ട്രാവൽ ബ്യൂറോയുടെ മാനേജിംഗ് ഡയറക്ടറുമാണ്.

ഭാര്യ ഏലിയാമ്മ തോമസ്.മക്കൾ: സാബു തോമസ്, സാം തോമസ്, സന്തോഷ് തോമസ്, മിനി ജേക്കബ്, ഗ്ലോറി വർഗീസ്, മേഴ്സി സൂസൺ ജോൺ.

മലങ്കരയുടെ അഗ്നിനാവെന്നറിയപ്പെടുന്ന ഐപിസി.ജനറൽ സെക്രട്ടറിയും പവ്വർ വിഷൻ ചാനൽ ചെയർമാനുമായ പാസ്റ്റർ ഡോ. കെ.സി.ജോൺ ഒട്ടേറെ പുസ്തകങ്ങളുടെ ഗ്രന്ഥകാരനും അറിയപ്പെടുന്ന ടി.വി. പ്രഭാഷകനുമാണ്.സീയോൻ കാഹളത്തിൽ എഴുതി തുടങ്ങിയ പാസ്റ്റർ കെ.സി.ജോൺ, ബൈബിൾ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഒട്ടേറെ ട്രാക്റ്റുകൾ എഴുതിയിരുന്നു. ദൈവം ഒരു ശാസ്ത്രീയ വീക്ഷണം, ലോകത്തിന്റെ ഭാവി, ബൈബിൾ ഒരു ചരിത്ര ഗ്രന്ഥം, സ്നാനം, മുദ്ര വിജയത്തിന് തുടങ്ങി ഒട്ടേറെ പുസ്തകങ്ങൾ ക്രൈസ്തവ വായനാ ലോകം ഏറ്റുവാങ്ങിയിട്ടുണ്ട്.ആനുകാലികങ്ങളിൽ ഒട്ടേറെ ലേഖനങ്ങളും വീക്ഷണങ്ങളും പഠനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്.പവർ വിഷൻ ചാനലിലൂടെ അദ്ദേഹം നടത്തുന്നഗോഡ് ബ്ലെസ് യൂ എന്ന ടി.വി. പരമ്പര പ്രേക്ഷക ലോകത്ത് ഏറെ പ്രസിദ്ധമാണ്.ഭാര്യ പ്രെയ്സ് ജോൺ.

മക്കൾ: പാസ്റ്റർ ജെയിം ജോൺ, ജെയ്മി ഹഡ്സൺ, ഡോ.ജെയ്സ് ജോൺ.

ഉപദേശിയുടെ മകൻ എന്നറിയപ്പെടുന്ന ബ്രദർ ജോർജ് മത്തായി സി.പി.എ അറിയപ്പെടുന്ന മാധ്യമ പ്രവർത്തകനും എഴുത്തുകാരനും പാട്ടെഴുത്തുകാരനുമാണ്.ക



ഡോ. ഡി. ബാബു പോൾ

ല്ലട മത്തായി ഉപദേശിയുടെ മകനായ ജോർജ് മത്തായിചെറുപ്രായത്തിൽ തന്നെ അമേരിക്കയിലേക്ക് കുടിയേറി. അദ്ദേഹം ഒട്ടേറെ പ്രസിദ്ധീകരണങ്ങളിൽ സ്ഥിരം എഴുത്തുകാരനാണ്. തന്റെ ജീവിതാനുഭവങ്ങളെ ആസ്പദമാക്കിയുള്ള ഉപദേശിയുടെ മകൻ എന്ന പുസ്തകവും സിനിമയും ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. അമേരിക്കയിൽ നിന്നും ജേർണലിസത്തിൽ ബിരുദം നേടിയ അദ്ദേഹം ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളായ മാസ്റ്റേഴ്സ് വോയ്സ്, വിറ്റ്നസ് എന്നിവയുടെ തുടക്കാരനായി. കേരളാ വ്യൂ എന്ന പത്രത്തിലെ കോളമിസ്റ്റായിരുന്നു. അമേരിക്കയിലെ ഏറെ പ്രസിദ്ധമായ ഇന്ത്യാ അബ്രോഡ്, അമേരിക്കയിലെ ആദ്യമലയാള വാർഷിക പതിപ്പായ കേരളാ ദീപം എന്നിവയ്ടെ പത്രാധിപനായിരുന്നു. ഡാളസ് ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റിയിലെ 75 വർഷമായി നടന്നു വരുന്ന സ്റ്റുഡൻസ് പത്രമായ Chieftain എന്ന പത്രത്തിലെ ആദ്യത്തെ അമേരിക്കാരനല്ലാത്ത പത്രാധിപനായിരുന്നു.മനസേ വ്യാകുലമരുതേ, കണ്ണുനീരില്ലാത്ത വീട് തുടങ്ങി അഞ്ച് പാട്ടു സിഡികൾ പുറത്തിറക്കിയിട്ടുണ്ട്. ആനുകാലിക സംഭവങ്ങളും ആത്മീയ വീക്ഷണങ്ങളും, പ്രചോദനാത്മകമായ അനുഭവങ്ങളും ചേർത്തിണക്കിക്കൊണ്ടുള്ള മറ്റൊരു പുസ്തക രചനയിലും, യേശുവേ നീയൊന്നു കല്പിച്ചാലും എന്ന മ്യൂസിക് ആൽബത്തിൻറെയും പണിപുരയിലാണദ്ദേഹം. ഐ.പി.സി യിലെ ജനറൽ കൗൺസിലംഗവുമായ അദ്ദേഹം അമേരിക്കയിലെ പൊതുരംഗത്തും ആത്മീയ രംഗത്തും സജീവമാണ്. ഒട്ടേറെ സംഘടനകളിൽ ഭാരവാഹിത്വം ഉണ്ട്.

ഭാര്യ ഐറിൻ.മക്കൾ: ഡയാന ഏബ്രഹാം, പ്രിസില്ലാതോമസ്.

ചെയർമാൻ ബ്രദർ സി.വി.മാത്യു അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ കേരളാ ഗവ. മുൻ അഡി.ചീഫ് സെക്രട്ടറി ഡോ.ഡി. ബാബുപോൾ ഐ.എ.എസ് മുഖ്യാതിഥിയായിരിക്കും. സഭയിലെ നേതൃനിരയിലുള്ളവരും മുതിർന്നവരായ സഭാ നേതാക്കന്മാരും പങ്കെടുക്കും.പ്രധാനമായും ലോകമെമ്പാടുമുള്ള ഐ.പി.സി. അംഗങ്ങളായ മാധ്യമ പ്രവർത്തകരും എഴുത്തുകാരും പങ്കെടുക്കും.

E- mail beljourn@gmail.com
Website www. beljourn.com

കഥ

# ‘രിസ്പ’ എന്ന വെപ്പാട്ടി



ആഷേർ മാത്യു, റിയാദ്
asherkaleekal@gmail.com

'Rispah' by Lord Tennyson.

രിസ്പ? അതും ഒരു വെപ്പാട്ടി....അങ്ങനെയൊരു കഥാപാത്രം ബൈബിളിലുണ്ടോ? ആ കഥാപാത്രത്തെപ്പറ്റി ലോർഡ് ടെന്നിസൺ കവിതയും എഴുതിയിട്ടുണ്ടെന്ന് വിശ്വസിക്കുവാനേ സാധിക്കുന്നില്ല.

’അതെ ഫിലിപ്പ്. അങ്ങനെയും ഒരു കഥാപാത്രം ബൈബിളിലുണ്ട്’. റോയി പുഞ്ചിരിയോടെ പറഞ്ഞു.

‘ബൈബിളിലെ എല്ലാ കഥാപാത്രങ്ങളെയും നമ്മൾ അറിയണമെന്ന് നിർബന്ധമില്ല. പക്ഷെ, ഈ രിസ്പ, ഇത്രയും ശക്തമായൊരു കഥാപാത്രത്തെ ഇതുവരെ ശ്രദ്ധിച്ചിട്ടില്ല എന്ന് പറഞ്ഞാൽ...‘. ഫിലിപ്പ് വളരെ ഗൗരവത്തിലായിരുന്നു.

‘അതെ ഫിലിപ്പ്, ’രിസ്പ’ എന്ന സ്ത്രീക്ക് അർഹിച്ച പരിഗണന നാം കൊടുത്തിട്ടില്ല. ഈ ബൈബിൾ പ്രസംഗകരെ മാത്രം കുറ്റം മാത്രം പറഞ്ഞിട്ട് കാര്യമില്ല. ’ഫെലിനിസം’ എന്നൊക്കെ പറഞ്ഞ് നടക്കുന്ന നമ്മൾ ’സ്കോളേഴ്സ്’ ഉണ്ടല്ലോ....നമ്മളും പരിഗണന നൽകിയിട്ടില്ല.” റോയ് അഭിപ്രായപ്പെട്ടു.

‘ദാവീദിന്റെയും പൗലോസിന്റെയുമൊക്കെ ഇടക്ക് രിസ്പയെപ്പറ്റി എന്ത് പ്രസംഗിക്കാനാണ്? സുവിശേഷപ്രസംഗങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന സ്ത്രീ കഥാപാത്രങ്ങൾ ചുരുക്കമല്ലേ....മറിയ, രൂത്ത്, ഹന്ന, എസ്ഥേർ...അങ്ങനെ ചില സ്ഥിരം കഥാപാത്രങ്ങൾ...അതിനിടയിൽ രിപ്സക്ക് എന്ത് സ്ഥാനം?‘ ഫിലിപ്പ് പറഞ്ഞു നിർത്തി.

‘മഹാനായ ഇംഗ്ലീഷ് കവി ലോർഡ് ടെന്നിസൺ ഒരു കവിത തന്നെ എഴുതിയിട്ടുണ്ട്, ‘രിസ്പ’ എന്ന പേരിൽ...അതേപ്പറ്റി ഞാൻ പിന്നെപ്പറയാം...‘ റോയ് തന്റെ അറിവുകൾ ഫിലിപ്പിനോട് പങ്ക് വെച്ചുകൊണ്ടിരുന്നു.

ആ വലിയ ലൈബ്രറിയുടെ അകം നിശബ്ദമായിരുന്നു. ബൈബിളിലെ ചില സ്ത്രീപക്ഷ ചിന്തകളെപ്പറ്റി പഠനം നടത്തുന്ന ഒരു റിസേർച്ച് സ്കോളറാണ് ഫിലിപ്പ്. ഫിലിപ്പിനെ സഹായിക്കുവാൻ വേണ്ടി വന്നതാണ് സുഹൃത്തായ റോയി.

അന്നത്തെ ചർച്ചയും പഠനവും കഴിഞ്ഞ് റൂമിലെത്തിയ ഫിലിപ്പ് ആദ്യം ചെയ്തത് ബൈബിൾ തുറന്ന് ശമുവേലിന്റെ രണ്ടാം പുസ്തകം വായിക്കുകയായിരുന്നു. ദൈവമേ!! ഇത്രയും ശക്തമായ ഒരു കഥാപാത്രമോ?? ശൗൽ രാജാവിന്റെ വെപ്പാട്ടി!!

അയ്യാവിന്റെ മകൾ!!

മെഫീബോശെത്തിന്റെ അമ്മ!!

തൂക്കിലേറ്റപ്പെട്ടവരുടെ അമ്മ!!

അതെ, അതാണ് ‘രിസ്പ!’

ഒരു രാജാവിന്റെ വെപ്പാട്ടിയായിരുന്നവൾ നിസ്സാരക്കാരിയല്ല. തീർച്ചയായും മിടുക്കും സാമർത്ഥ്യവുമുള്ളവൾത്തന്നെ. നിയമപരമായ അംഗീകാരമോ, ആനുകൂല്യങ്ങളോ ഒന്നും ലഭിക്കുവാൻ സാധ്യതയില്ലാത്തവൾ.

രാജവംശങ്ങൾ തമ്മിലുള്ള യുദ്ധങ്ങളുടെയും പോരാട്ടങ്ങളുടെയും ഫലമായി രിസ്പയുടെ രണ്ട് ആൺമക്കളും തൂക്കിലേറ്റപ്പെട്ടു.

തൂക്കിലേറ്റപ്പെട്ട തന്റെ മക്കളുടെ മൃതശരീരം അനാഥമായി കിടക്കുകയാണ്. രിസ്പയുടെ മാതൃസ്നേഹം അവിടെ ഉണരുന്നു. ആ സ്നേഹത്തിന് പോരാട്ടവീര്യമുണ്ടായിരുന്നു. നിശ്ചയദാർഢ്യമുണ്ടായിരുന്നു.

തന്റെ മക്കളുടെ ശരീരം ആ തൂക്കുമരത്തിൽ കിടന്ന് അഴുവാനോ, കഴുകൻ കൊത്തിപ്പറിക്കുവാനോ രിസ്പ അനുവദിച്ചിട്ടില്ല. ചാക്കുശീല എടുത്ത് പാറമേൽ വിരിച്ച്, അഞ്ച് മാസം രിസ്പ അവരുടെ ശവശരീരം കാത്തു. മാന്യമായ ശവസംസ്കാരം ലഭിക്കും വരെ. നീതി ലഭിക്കും വരെ.

അവസാനം, ദാവീദ് രാജാവ്, ഈ വാർത്ത അറിയുന്നത് വരെ, അവർക്ക് കല്ലറയിൽ അടക്കം ലഭിക്കുന്നത് വരെ, അവൾ തന്റെ പോരാട്ടം തുടർന്നു. ആ രാജ്യം മുഴുവൻ അവളുടെ സമരമുറ അറിഞ്ഞു. സമാനമായ ഒരു പോരാട്ടവീര്യം വേറെ ഏത് സ്ത്രീകളാണ് കാഴ്ചവെച്ചിട്ടുള്ളത്? ലോക ചരിത്രത്തിൽത്തന്നെ...

‘വെപ്പാട്ടി’ എന്ന വിശേഷണം മാത്രം സമൂഹത്തിൽ നിന്ന് ലഭിച്ചിട്ടുള്ളവൾ....അവൾ എങ്ങിനെയാണ് വ്യത്യസ്തയായത്? മാതൃത്വത്തെ വാനോളം ഉയർത്തിയവൾ....

മരണത്തെ ധീരമായി നേരിട്ടവൾ.....

രാജാവിന്റെ ശ്രദ്ധപിടിച്ചു പറ്റുംവരെ പൊരുതിയവൾ...

തന്റെ പഠനത്തിലെ ചില ഭാഗങ്ങൾ ഫിലിപ്പ് ‘രിസ്പ’ക്കായി മാത്രം മാറ്റിവെച്ചിരുന്നു.

"Flesh of my flesh was gone,
But bone of my bone was left-
I stole them all from the lawyer-
and will you call it a theft"

എത്ര തീവ്രമായാണ് ലോർഡ് ടെന്നിസൺ രിസ്പയുടെ അനുഭവത്തെ വർണ്ണിച്ചിരിക്കുന്നത്!!

അമ്മത്തൊട്ടിലിൽ അനാഥയായി പോകുന്ന കുഞ്ഞുങ്ങൾ, ജനകനാൽ പീഢനമേൽക്കുന്ന കുഞ്ഞുങ്ങൾ. മാതാപിതാക്കളുടെ കരാളഹസ്തങ്ങളാൽ പിടഞ്ഞു മരിക്കുന്ന പിഞ്ചോമനകൾ.

വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന കുഞ്ഞുങ്ങൾ....

മനുഷ്യത്വം നഷ്ടപ്പെടുന്ന ഈ ലോകത്തോട് രിസ്പ എന്ന മാതാവ് വിളിച്ചു പറയുകയാണ്....‘കുഞ്ഞുങ്ങളെ സംരക്ഷിക്കൂ....” ധീരമായ നിലപാടുകളെടുക്കൂ..?

എഴുത്ത് അവസാനിപ്പിച്ച് ശേഷം, ഫിലിപ്പ് തന്റെ വീടിന്റെ ബാൽക്കണിയിലിരുന്ന് മാനത്തേക്ക് നോക്കിയിരുന്നു. അങ്ങ് ദൂരെ, ആ കാണുന്ന നക്ഷത്രങ്ങളിലൊന്ന് രിസ്പയാവണം!! പൂത്തുലയുന്ന മാതൃത്വം!!

ലേഖനം

# ചെവിയുള്ളവൻ കേൾക്കട്ടെ!



പാസ്റ്റർ കെ.ജെ. മാത്യു
shajipr93@gmail.com

ഭാവിയെക്കുറിച്ചുള്ള ആശങ്ക മനുഷ്യനെ എക്കാലവും വേട്ടയാടിക്കൊണ്ടരിക്കുകയാണല്ലൊ. പത്രങ്ങളിലും മാസികകളിലും വാരഫലം ഒരിക്കലും മുടങ്ങാത്ത പംക്തികളാണ്. ഭാവി ശുഭമാകുമോ എന്നുള്ള വായനക്കാരുടെ ഭയം ശരിക്കും മുതലെടുക്കുന്ന അത്തരം പ്രസിദ്ധീകരണങ്ങൾ എന്നും ചൂടപ്പം പോലെ വിറ്റഴിയും.

അല്പം കൂടി വിശാലമായി ചിന്തിക്കുന്നവർ നാം വസിക്കുന്ന ഭൂഗോളത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കാകുലരാണ്. വർദ്ധിച്ചു വരുന്ന പരിസര മലിനീകരണം, ശുഷ്കിച്ചു കൊണ്ടിരിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ, ഓസോൺ പടലത്തിലെ മാറ്റങ്ങൾ എന്നിവ അവർക്കു താല്പര്യമുള്ള വിഷയങ്ങളാണ്. ഇനിയൊരു കൂട്ടം ആളുകൾ മനുഷ്യന്റെ സാന്മാർഗ്ഗിക നിലവാരം ഇടിഞ്ഞതിനെക്കുറിച്ച് വിലപിക്കുന്നു. ചുരുക്കത്തിൽ എല്ലാവരും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭാവിയെക്കുറിച്ച് വ്യഥ പൂണ്ട് നടക്കുന്നവരത്രെ.-

മനുഷ്യനെ സൃഷ്ടിച്ച ദൈവം അവനെക്കുറിച്ചുള്ള സകല പദ്ധതികളും വെളിപ്പെടുത്തിയിരിക്കുന്നത് വേദ പുസ്തകത്തിൽക്കൂടി ആണെന്ന് അത് പഠിച്ചിട്ടുള്ളവർക്കു മനസ്സിലാകും. ലോകത്തിലുള്ള ചിന്തകളെല്ലാം മാറിക്കൊണ്ടിരിക്കുന്നതാണ്. എന്നാൽ ദൈവവചനത്തിന്റെ ചിന്തകൾ സ്ഥിരമായിട്ടുള്ളതാണ്. അത് മനുഷ്യനെ നേർവഴിയിൽ നടത്തുവാൻ പ്രാപ്തമായതാണ്. ജയകരമായ ക്രിസ്തീയ ജീവിതം സാധ്യമാകുന്ന നിരവധി കല്പനകളും നിയമങ്ങളും വാഗ്ദത്തങ്ങളും വിശുദ്ധവേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. എന്നാൽ വചനത്തെ പ്രായോഗിക തലത്തിലേക്ക് ഉൾക്കൊള്ളുന്നതിലുള്ള വീഴ്ച നമ്മെ പരാജിതരാക്കുന്നു. അറിവിന്റെ ആഴമല്ല. പകരം വചനത്തെ അനുസരിക്കുന്നതിലാണ് ക്രിസ്തീയജീവിത വിജയം. വാഗ്ദത്തങ്ങൾ അധരങ്ങൾകൊണ്ട് ഉരുവിടുന്നതിലല്ല. പകരം അതിലെ നന്മകൾ വിശ്വാസത്താൽ പ്രാപിച്ചെടുക്കുവാൻ നമുക്ക് സാധിക്കണം. തിരുവെഴുത്തിന്റെ ശക്തി പ്രായോഗിക ജീവിതതലങ്ങൾ നാം അനുഭവിച്ചറിയണം. എങ്കിലേ ക്രിസ്തീയ ജിവിതത്തിന്റെ മാധുര്യവും മഹാത്മ്യവും എന്തെന്ന് രുചിച്ചറിയുവാൻ നമുക്ക് കഴിയൂ.

ഇന്നത്തെ ലോകമെന്ന മായ ചന്തയിൽ സാത്താൻ വർണ്ണക്കടലാസ്സിൽ പൊതിഞ്ഞുവെച്ചിരിക്കുന്ന വിഷഗുളികകൾ കൈ നീട്ടി എടുക്കുവാൻ തിരക്കുകൂട്ടുന്ന ആധുനിക വിശ്വാസികൾ തങ്ങളുടെ ലജ്ഞാകരമായ ചെയ്തികളെ സാധൂകരിക്കേണ്ടതിന് വേദപുസ്തകത്തിലെ വാക്യങ്ങളെ വളച്ചൊടിച്ചു വ്യാഖ്യാനിക്കുന്ന തിരക്കിലാണ്.ഇതിലൂടെ തങ്ങളെ മാത്രമല്ല, തങ്ങളുടെ ഉപദേശം അംഗീകരിക്കുന്നവരെയും തുടർന്നു വരുന്ന ഒരു തലമുറയെ തന്നെയും അവർ വഞ്ചിക്കുകയാണ്.വചനത്തെ തങ്ങൾക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിച്ച് ഈ ലൗകിക ജീവിതം ആവോളം ആസ്വദിച്ചിട്ട് സ്വർഗ്ഗത്തിലെത്തി അവിടെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് ഇരുന്നരുളും എന്നാണ് ഇത്തരക്കാരുടെ വ്യാമോഹം

പെന്തെക്കോസ്ത് സമൂഹത്തെ കാർന്നുതിന്നുന്ന പ്രതിഭാസമായി ദുരുപദേശങ്ങളും തെറ്റായ പഠിപ്പിക്കലുകളും വളർന്നു വരുന്നു.തെറ്റേത് ശരിയേത് എന്ന് തിരിച്ചറിയാതെ ജനങ്ങൾ ഉഴലുകയാണ്. ഒറിജിനലിനെപ്പോലും വെല്ലുന്ന രീതിയിൽ വ്യാജൻ അരങ്ങു തകർക്കുമ്പോൾ ശരിയെ തൃണവത്ക്കരിച്ചു കൊണ്ട് തെറ്റിനെ ആത്മീയമായി ഉയർത്തിപിടിച്ച് ദൈവസഭയെ തകർക്കുവാൻ ചിലർ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ പിതാക്കന്മാർ അനുഷ്ഠിച്ച വിശുദ്ധിയും വേർപാടും നിരാകരിച്ചു കൊണ്ട് എങ്ങനെ ജീവിച്ചാലും വേണ്ടില്ല സ്വർഗ്ഗത്തിൽ സീറ്റ് ഉറപ്പാണ് എന്ന് വാഗ്ദാനം നൽകുന്ന ഇത്തരം തട്ടിക്കൂട്ടു സംഘങ്ങളുടെ ഉദ്ദേശ ശുദ്ധിയെ ദൈവജനം തിരിച്ചറിയണം. അവർ ദൈവഭക്തി ആദായ സൂത്രം എന്ന് വിചാരിച്ച് സ്വന്തം കീശ വീർപ്പിക്കുന്നവരാണ്.

തിരുവെഴുത്തുകളെ മാറ്റിമറിക്കുന്നവർക്കു ദൈവവചനം നൽകുന്ന ഗൗരവതരമായ താക്കീത് വെളിപ്പാട് പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. ‘ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നും ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും.(വെളി.22:18, 19)

നിർമ്മലമായ ദൈവ വചനത്തിന്റെ അന്തസത്തയെ മാറ്റിക്കളയുകയും പെന്തെക്കോസ്തിന്റെ ധാർമ്മികതയ്ക്ക് യാതൊരു വിലയും കല്പിക്കാത്ത വചന വിരുദ്ധവും അന്യവുമായ ദുരുപദേശങ്ങളെയും ദുരാചാരങ്ങളെയും പാഷാണ ഉപദേശത്തെയും തിരുകി കയറ്റുകയും ചെയ്യുന്ന അമിത കൃത്രിപ്പുകാരെയും വിട്ടൊഴിയുക. ദൈവവചനത്തിലേക്ക് മടങ്ങുക.

(തുടരും..)

ബിലീവേഴ്സ് ജേണൽ
ക്രൈസ്തവ വാർത്താ പത്രിക

കുമ്പനാട്, തിരുവല്ല കൺവൻഷനുകളിൽ
ബിലിവേഴ്സ് ജേണൽ സ്റ്റാൾ പ്രവർത്തിക്കുന്നതാണ്.
സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ പുതുക്കുക
വായിക്കൂ! വരിക്കാരാകൂ!.....
വാർഷിക വരിസംഖ്യ 200 രൂപ
Phone: 0469 2666995
Website: www.beljourn.com Email: beljourn@gmail.com

സഭാശുശ്രൂഷകനായ പിതാവിനോടൊപ്പം കേരളത്തിലെ വിവിധ പാഴ്സനേജുകളിലെ ജീവിതാനുഭവം ഒരിക്കലും മറക്കാനാവാത്തതാണ്. വയറുനിറയെ ആഹാരമില്ലാത്ത ദിനങ്ങൾ അക്കാലത്ത് ജീവിതത്തിന്റെ ഭാഗമായിരുന്നു. കീറിത്തുന്നിയ വസ്ത്രങ്ങളുമായി സഹപാഠികളുടെ മുഖത്തുപോലും നോക്കുവാൻ കഴിയാതെ ലജ്ജയോടെ സ്കൂളിലും കോളജിലും പോകേണ്ടി വന്ന നാളുകൾ. പട്ടിണിയും ബുദ്ധിമുട്ടും ഉണ്ടെങ്കിലും ആത്മീയ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത പിതാവ്, വിശ്വാസ ജീവിതം നയിക്കണം എന്ന പ്രമാണത്തിൽ ഉറച്ചുനിന്ന തന്നോടൊപ്പം പ്രാർത്ഥനാ ജീവിതത്തിന്റെ ശ്രേഷ്ഠത കാട്ടിതന്ന മാതാവ്. അനുഭവത്തിന്റെ മൂശയിൽ ഉരുത്തിരിഞ്ഞതാണ്. തന്റെ ആത്മീയ അനുഭവം എന്നു പറയുവാൻ അഭിമാനിക്കുകയാണ്. പാസ്റ്റർ ജോർജ്ജ് ബാല്യ യൗവ്വനങ്ങളിലെ കഷ്ടതകൾ ജീവിതയാത്രയിൽ കരുത്തായി മാറി. മാതാപിതാക്കളിൽ നിന്നും സ്വായത്തമായ സവിശേഷ ആത്മീയ ഗുണങ്ങൾ ആത്മീയ ജീവിതവഴിയിൽ തുണയായി. സത്യസന്ധത, വിശ്വസ്തത, ലഭിക്കുന്ന നന്മകൾ മറ്റുള്ളവർക്കായി പങ്കുവെക്കുന്നത് ഇതെല്ലാം മാതാപിതാക്കൾ നൽകിയ ശിക്ഷണത്തിന്റെയും മാതൃകയുടെയും ഫലമാണെന്ന് അഭിമാനം കൊള്ളുകയാണ് ഈ സുവിശേഷകൻ.



# അനുഭവത്തിന്റെ കരുത്തോടെ പാസ്റ്റർ സാം ജോർജ്ജ്

പാസ്റ്റർ ഇ. സി. ജോർജ്ജ് പരിചയപ്പെടുത്തലിന്റെ ആവശ്യമില്ലാത്ത ദൈവഭൃത്യൻ. ഒരു നൂറ്റാണ്ടിന്റെ അനുഭവസമ്പത്തോടെ 2017-ൽ ക്രിസ്തുവിൽ മറഞ്ഞ വിശ്വസ്ത ശുശ്രൂഷകൻ. മുക്കാൽ നൂറ്റാണ്ടോളം നീണ്ടുനിന്ന ശുശ്രൂഷാ ജീവിതം. ഘനശാലി, വിശ്വസ്തൻ, സത്യസുവിശേഷത്തിന്റെ പോരാളി, മികച്ച ലീഡർ, മാതൃകയുള്ള ഉപദേശി ഇങ്ങനെ വിശേഷണങ്ങൾ അനവധി നൽകാം പത്തനാപുരം ഈട്ടിവിളയിൽ ശാലേമിൽ പാസ്റ്റർ ഇ. സി. ജോർജ്ജ് എന്ന ദൈവഭൃത്യന്. തന്റെ തലമുറകളെല്ലാവരും തന്നെ കർത്തൃവേലയിൽ ശക്തന്മാരായി മാറി. ക്രിസ്തുവിൽ പ്രസിദ്ധരായി 50 വർഷത്തോളം പത്തനാപുരം ഐ.പി.സി. സെന്ററിനെയും 32 വർഷങ്ങൾ കൊട്ടാരക്കര മേഖലയെയും നയിച്ചു. അദ്ദേഹത്തിന്റെ 8 മക്കളിൽ അഞ്ചാമനായിട്ടാണ് പാസ്റ്റർ സാം ജോർജ്ജ് ജനിച്ചത്. തന്റെ സഹോദരങ്ങളായ പാസ്റ്റർ തോമസ് ജോർജ്ജ് (പ്രസിഡന്റ്, ഐ.പി.സി ആസ്ട്രേലിയ), പാസ്റ്റർ ജേക്കബ് ജോർജ്ജ് (പ്രസിഡന്റ്, ഐ.പി.സി. യു.കെ. & അയർലന്റ്), പാസ്റ്റർ ഏബ്രഹാം ജോർജ്ജ് (സീനിയർ പാസ്റ്റർ ആസ്ട്രേലിയ) എന്നിവർ കർത്തൃവേലയിൽ ശോഭിക്കുന്നു. സഹോദരിമാർ അന്നമ്മ, സാറാമ്മ, എലിസബേത്ത്, പേർസിസ്.

സഭാശുശ്രൂഷകനായ പിതാവിനോടൊപ്പം കേരളത്തിലെ വിവിധ പാഴ്സനേജുകളിലെ ജീവിതാനുഭവം ഒരിക്കലും മറക്കാനാവാത്തതാണ്. വയറുനിറയെ ആഹാരമില്ലാത്ത ദിനങ്ങൾ അക്കാലത്ത് ജീവിതത്തിന്റെ ഭാഗമായിരുന്നു. കീറിത്തുന്നിയ വസ്ത്രങ്ങളുമായി സഹപാഠികളുടെ മുഖത്തുപോലും നോക്കുവാൻ കഴിയാതെ ലജ്ജയോടെ സ്കൂളിലും കോളജിലും പോകേണ്ടി വന്ന നാളുകൾ. പട്ടിണിയും ബുദ്ധിമുട്ടും ഉണ്ടെങ്കിലും ആത്മീയ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത പിതാവ്, വിശ്വാസ ജീവിതം നയിക്കണം എന്ന പ്രമാണത്തിൽ ഉറച്ചുനിന്ന തന്നോടൊപ്പം പ്രാർത്ഥനാ ജീവിതത്തിന്റെ ശ്രേഷ്ഠത കാട്ടിതന്ന മാതാവ്. അനുഭവത്തിന്റെ മൂശയിൽ ഉരുത്തിരിഞ്ഞതാണ്. തന്റെ ആത്മീയ അനുഭവം എന്നു പറയുവാൻ അഭിമാനിക്കുകയാണ്. പാസ്റ്റർ ജോർജ്ജ് ബാല്യ യൗവ്വനങ്ങളിലെ കഷ്ടതകൾ ജീവിതയാത്രയിൽ കരുത്തായി മാറി. മാതാപിതാക്കളിൽ നിന്നും സ്വായത്തമായ സവിശേഷ ആത്മീയ ഗുണങ്ങൾ ആത്മീയ ജീവിതവഴിയിൽ തുണയായി. സത്യസന്ധത, വിശ്വസ്തത, ലഭിക്കുന്ന നന്മകൾ മറ്റുള്ളവർക്കായി പങ്കുവെക്കുന്നത് ഇതെല്ലാം മാതാപിതാക്കൾ നൽകിയ ശിക്ഷണത്തിന്റെയും മാതൃകയുടെയും ഫലമാണെന്ന് അഭിമാനം കൊള്ളുകയാണ് ഈ സുവിശേഷകൻ.

എം.കോം പഠനശേഷം അമേരിക്കയിലെത്തിയ പാസ്റ്റർ സാം ജോർജ്ജ് റെസ്പിറ്റോറി തെറാപ്പിയിലും കാർഡിയോ പുൾമിനറിയിലും ഡിഗ്രിനേടി ഒപ്പം അഡ്മിനിസ്ട്രേഷനിലും ബിരുദം നേടി. ക്രൈസ്റ്റ് ഫോർ നേഷനിൽ തിയോളജി പഠനം പൂർത്തിയാക്കി. ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ നിന്നും എം.ഡിവ്. കരസ്ഥമാക്കി.

യൂത്ത് പാസ്റ്റർ, അസോസിയേറ്റ് പാസ്റ്റർ, സീനിയർ പാസ്റ്റർ എന്നീ നിലകളിൽ ശുശ്രൂഷ നിർവ്വഹിച്ചു. 25-ൽ പരം വർഷങ്ങൾ ഹോസ്പിറ്റൽ കമ്പനികളുടെ റ്റോപ്പ് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തു. അമേരിക്കയിൽ നടന്ന വിവിധ പെന്തെക്കോസ്ത് കോൺഫറൻസുകളിൽ പങ്കാളിത്വം വഹിച്ചു.

1999 മുതൽ പത്തനാപുരം സെന്റർ അസോസിയേറ്റ് സെന്റർ പാസ്റ്ററായി പ്രവർത്തിച്ചു. 2017 മുതൽ സെന്റർ ശുശ്രൂഷകനായി. ഐ.പി.സി. കൊട്ടാരക്കര മേഖലയുടെ വർക്കിംഗ് പ്രസിഡന്റായും ഐ. പി. സി. കർണ്ണാടക സ്റ്റേറ്റ് മിഷൻ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

ഐ.പി.സി. കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായി പ്രവർത്തിച്ച കാലയളവ് ശക്തമായ സഭാ വളർച്ചയുടെ കാലഘട്ടമായി മാറി. കർണാടക സ്റ്റേറ്റിലെ ഗ്രാമങ്ങളിലേക്കും വടക്കൻ മേഖലകളിലേക്കും പ്രവർത്തനം വ്യാപിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ അനേകർക്ക് ആശ്വാസം പകർന്നു തദ്ദേശീയരായ സുവിശേഷകരോരുത്തരെ വാർത്തെടുക്കുവാൻ ബൈബിൾ കോളജ് പ്രവർത്തനം ശക്തമാക്കി. ഗ്രാമങ്ങളിൽപോയി താമസിച്ച് നടത്തിയ സുവിശേഷപ്രവർത്തനം സഭാ വളർച്ചക്ക് ഉണർവ്വ് നൽകി. ഇന്ന് ഐ.പി.സി.യുടെ പ്രധാന സ്റ്റേറ്റുകളിലൊന്നായി മാറുന്നതിന് കർണാടകയെ പ്രാപ്തമാക്കിയതിനു പിന്നിൽ പാസ്റ്റർ സാം ജോർജ്ജിന്റെ നേതൃത്വം വലിയ പങ്കാണുള്ളത്. ബാംഗ്ലൂർ സെന്ററിന്റെ ശുശ്രൂഷകനായും താൻ പ്രവർത്തിച്ചു. ദൈവം തനിക്കു നൽകിയ സാമ്പത്തിക നന്മ സുവിശേഷപ്രവർത്തനങ്ങൾക്കായും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുന്നു. അഡ്മിനിസ്ട്രേറ്റ് രംഗത്ത് തനിക്ക് ലഭ്യമായ അനുഭവ സമ്പത്ത് ദൈവം നൽകിയ ദർശനം ഇവയെല്ലാം സഭയുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധനാണ് ഈ സുവിശേഷകൻ. കാർമ്മിക ശുശ്രൂഷകളിലെ പക്വത, സുവിശേഷവേദികളിലെ ദൈവീക നിയോഗപ്രകാരമുള്ള ശുശ്രൂഷകളും ദൂതുകളും എല്ലാം തന്നെ വ്യത്യസ്തനാക്കുന്നു.

പാഴ്സനേജ് ജീവിതം നൽകിയ അനുഭവപാഠം ആത്മീയ ശിക്ഷണം മാതാപിതാക്കളുടെ സമർപ്പണ ജീവിതം വ്യക്തി താൽപ്പര്യത്തേക്കാൾ ദൈവരാജ്യമഹത്വത്തിനായി പ്രവർത്തിക്കണം എന്ന പിതാവിന്റെ ഉപദേശവും മാതൃകയും എല്ലാം ജീവിതത്തിൽ മാതൃയാക്കുന്നു പാസ്റ്റർ സാം ജോർജ്ജ്. ഐ.പി.സി. ജനറൽ ജോയിന്റ് സെക്രട്ടറി, ആക്ടിംഗ് ജനറൽ സെക്രട്ടറി എന്നീ നിലകളിൽ നടത്തിയ സേവനങ്ങൾ ഏവരുടെയും പ്രശംസക്കു കാരണമായി മാറി. നീതി, ന്യായം ഇവക്കനുസൃതമായി വചനാടിസ്ഥാനത്തിൽ പ്രവർത്തിച്ചു.

ഐ.പി.സി. ജനറൽ കൗൺസിൽ ഓഫീസ് പ്രവർത്തനം ക്രമീകൃതമാക്കി. എല്ലാ മാസത്തിലും ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും തുടർച്ചയായി ഓഫീസിൽ പ്രവർത്തിച്ചു. ജനറൽ കൺവൻഷനുകൾ 2 വർഷങ്ങളിൽ പരാതിക്കിടനൽകാതെ നടത്തുവാൻ കഴിഞ്ഞതും സഭയുടെ പുരോഗമന പ്രവർത്തനങ്ങളിൽ നേതൃത്വം നൽകാൻ കഴിഞ്ഞതും എടുത്തുപറയേണ്ടതാണ്. സഭക്കായി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഇക്കാലത്ത് നടത്തുവാൻ കഴിഞ്ഞു. ജനറൽ ട്രഷററായിരുന്ന ശ്രീ ജോൺ ജോസഫിന്റെയും പാസ്റ്റർ സാം ജോർജ്ജിന്റെയും ഈടിന്മേലാണ് കുമ്പനാട്ട് സഭയ്ക്കായി രണ്ടര ഏക്കർ സ്ഥലം വാങ്ങിയത്. ഇക്കാലത്ത് സഭയുടെ പണം പാഴായി പോകാതിരിക്കുവാൻ വരെ ശ്രദ്ധിച്ചു.

ലീഡർഷിപ്പിനോട് വിശ്വാസികൾക്കുള്ള പൊതുവായ വിരക്തി മാറ്റിയെടുക്കുക, യുവജനങ്ങളെ ആത്മീയ ശുശ്രൂഷയിലും സഭാ ഭരണത്തിലും മുന്നിൽ കൊണ്ടുവരിക. സഭയുടെ ആത്മീക വളർച്ചയും ഭൗതിക പുരോഗതിയും ലക്ഷ്യമാക്കി ലാഭേച്ഛകൂടാതെ പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളും പദ്ധതികളുമാണ് പാസ്റ്റർ സാം ജോർജ്ജിനുള്ളത്. ദൈവം തനിക്ക് നൽകിയ അനുഭവ സമ്പത്തും ദൈവീക ദർശനവും സഭയുടെ വളർച്ചക്കും നന്മക്കുമായി ഉപയോഗപ്പെടണം എന്ന ആഗ്രഹത്തിലാണ്, പൂർണസമയവും ദൈവം നൽകിയ നന്മകളും ദൈവനാമമഹത്വത്തിനായി പ്രയോജനപ്പടണം. നിസ്വാർത്ഥമായ സേവനത്തിലൂടെ ഐ.പി.സി. പ്രസ്ഥാനത്തെ പുരോഗതിയിലേക്ക് കരം പിടിച്ചു നടത്താം എന്ന ഉറച്ച വിശ്വാസമാണ് പാസ്റ്റർ സാം ജോർജ്ജിനുള്ളത്. ദൈവഹിതമായാൽ ഐ. പി. സി. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് താനും ഇലക്ഷനിൽ ഉണ്ടാകും.

# സഭ ദൈവീക നിയോഗം തിരിച്ചറിയുക

ഐ.പി.സിയുടെ ആരംഭകാല ശുശ്രൂഷകനായിരുന്ന നിരണം കുഴിവേലിൽ കൊല്ലംപറമ്പിൽ പാസ്റ്റർ കെ. എം. തോമസിന്റെ മകൻ പാസ്റ്റർ കെ.റ്റി. മാത്യുവിന്റെയും ഏലിയാമ്മയുടെയും മകനാണ് ഡോ. ജോൺ കെ. മാത്യു. മാവേലിക്കര വെസ്റ്റ് സെന്റർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ. റ്റി. മാത്യു 2002-ൽ നിത്യതയിൽ ചേർക്കപ്പെട്ടു. ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ ദീർഘകാലം ഡീൻ ആയിരുന്ന ഡോ. തോംസൺ കെ. മാത്യു സഹോദരനാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിലധികമായി ഐ.പി.സി. ഭരണസമിതിയിലും യുവജന പ്രസ്ഥാനത്തിലുമെല്ലാം സജീവ സാന്നിധ്യമാണ്. പത്രാധിപർ, ഗ്രന്ഥകാരൻ, വേദാധ്യാപകൻ, സഭാശുശ്രൂഷകൻ, പ്രസംഗകൻ എന്നീ നിലകളിലെല്ലാം മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് സുപരിചിതനാണ് പാസ്റ്റർ ജോൺ കെ. മാത്യു.

ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളജിൽ നിന്ന് ബി.എ. ബിരുദം കരസ്ഥമാക്കിയ താൻ സോഷ്യോളജിയിലും ഹിസ്റ്ററിയിലും മാസ്റ്റേഴ്സും നേടി. ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിസ്ത്യൻ എഡ്യുക്കേഷനിൽ മാസ്റ്റേഴ്സ് ബിരുദവും കരസ്ഥമാക്കി. തുടർന്ന് ബയോളാ യൂണിവേഴ്സിറ്റിൽ നിന്ന് ഡോക്ടറേറ്റും നേടി. 1983-ൽ തഴക്കരയിലുള്ള പാസ്റ്റർ പി. ജെ. ഡാനിയേലിന്റെ ബൈബിൾ സ്കൂളിൽ വേദാദ്ധ്യാപകനായി. 1987-ൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിൽ അധ്യാപകനായി എത്തി. സ്റ്റേറ്റ് പി. വൈ. പി. എ. ട്രഷറർ, ജനറൽ പി.വൈ.പി.എ.യുടെ ആദ്യ വൈസ് പ്രസിഡന്റ്, സ്റ്റേറ്റ് കൗൺസിൽ പ്രതിനിധി തുടങ്ങിയ ചുമതലകൾ വഹിച്ചു. 1990 മുതൽ 2015 വരെ തുടർച്ചയായി ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായിരുന്നു. 2013-ൽ ഏറ്റവും കൂടുതൽ വോട്ട് നേടിയാണ് വിജയിച്ചത്. 1999-ൽ മാവേലിക്കര വെസ്റ്റ് സെന്റർ സഹശുശ്രൂഷകനായി. 2002 മുതൽ സെന്ററർ ശുശ്രൂഷകൻ. ഹെബ്രോൻ ബൈബിൾ കോളജ് ഇംഗ്ലീഷ് മീഡിയം വൈസ് പ്രിൻസിപ്പാളും വൈസ് പ്രസിഡന്റുമായും പ്രവർത്തിച്ചു. റിവൈവ് മാസികയുടെ എഡിറ്ററാണ്. റൈറ്റേഴ്സ് ഫോറം അവാർഡ് ലേഖനത്തിനുള്ള 2007-ൽ ലഭിച്ചു.



First Century Ministry in the 21st Century, An Encounter with eternity (ഓറൽ റോബർട്ട് യൂണിവേഴ്സിറ്റി ടെക്സ്റ്റ്ബുക്ക്), ചിന്താരത്നങ്ങൾ എന്നീ കൃതികളുടെ രചയിതാവാണ് ഗുരുസന്നിധി, ഗുരുപാദത്തിൽ എന്നീ ഗ്രന്ഥങ്ങൾ ഉടൻ പ്രസിദ്ധീകരിക്കും. ഹ്യൂസ്റ്റൺ, IPA ലോസ് ആഞ്ചലസ് തുടങ്ങിയ സഭകളുടെ ശുശ്രൂഷകനായിരുന്നു. ഇപ്പോൾ ഡാളസ് റ്റാബർനാക്കിൾ സഭയുടെ ശുശ്രൂഷകൻ. ഭാര്യ. ഷേർളി അടൂർ കിഴക്കുപുറം കൊച്ചുകളീക്കൽ കുടുംബാംഗം ആണ്.

**ചോദ്യം:** ഇന്നത്തെ പെന്തെക്കോസ്ത് സമൂഹത്തെ പ്രത്യേകാൽ ഇന്ത്യാ പെന്തെക്കോസ്ത് സമൂഹത്തെ അവലോകനം ചെയ്യുമ്പോൾ എന്തു തോന്നുന്നു?

കാലഘട്ടത്തിനനുസൃതമായ മാറ്റം നാം ഉൾക്കൊള്ളണം എന്നാൽ ആ മാറ്റങ്ങൾ ദൈവവചനാടിസ്ഥാനത്തിൽ ആയിരിക്കണം എന്നതിന് വളരെ പ്രാധാന്യം ഉണ്ടല്ലോ. ഇപ്പോഴത്തെ തലമുറ വളരെ വിദ്യാഭ്യാസവും കഴിവും ഉള്ളവരാണ്. സഭാതലത്തിലും ആ മാറ്റം ഉണ്ടാകണം. വിദ്യാഭ്യാസമുള്ളവരും നിസ്വാർത്ഥരും സമർപ്പണമുള്ളതുമായ നേതൃത്വം നമുക്ക് ആവശ്യമാണ്. യോഗ്യതയുള്ളവരും കഴിവുള്ളവരും പലപ്പോഴും മാറി നിൽക്കുന്നു. അതിന്റെ പ്രതിഫലനം ഭരണതലത്തിലും തെരഞ്ഞെടുപ്പിലും പ്രകടമാണല്ലോ. സെക്കുലർ ലോകത്തിലെപ്പോലെയോ അതിനേക്കാൾ ഉപരിയോ രാഷ്ട്രീയാതിപ്രസരം സഭയിൽ ഇന്നുണ്ട്. അത് ഐ.പി.സി. പ്രസ്ഥാനത്തിന് ഗുണകരമല്ല.

**ചോദ്യം:** എന്താണ് പ്രതിവിധി?

ഇന്നത്തെ തെരഞ്ഞെടുപ്പ് രീതിക്ക് പാടേ മാറ്റമുണ്ടാകണം. ഇന്നത്തെ തെരഞ്ഞെടുപ്പ് രീതികൊണ്ട് വിഭാഗീയതയും പകപോക്കലും ശത്രുതയും വർദ്ധിക്കുന്നു. സ്നേഹിതർപോലും പാനലുകൾ തിരിഞ്ഞ് മത്സരിച്ച് പരസ്പരം അകലുകയാണ്. ഇതിന് മാറ്റം ഉണ്ടാകണം. എക്സിക്യൂട്ടീവ് സ്ഥാനത്തേക്ക് മത്സരിക്കുന്നവരിൽ മുന്നിൽ എത്തുന്നവരിൽ നിന്നെങ്കിലും 3 പേരുടെ പേരിൽ ചീട്ടിടട്ടെ. ഇതിൽ ഇലക്ഷനും സെലക്ഷനും പരസ്പര പൂരകമാണല്ലോ. മാത്രമല്ല അവരുടെ അദ്ധ്വാനത്തെ മാനിക്കുന്നതോടൊപ്പം ദൈവീക നിയോഗം തിരിച്ചറിയുവാനും അത് കാരണമാകും. എത്രപേർ യോജിക്കുമെന്നറിഞ്ഞുകൂടാ.

**ചോദ്യം:** എന്താണ് ഔദ്യോഗിക സ്ഥാനത്തിനുവേണ്ടി ഇത്രയധികം ആവേശം ആളുകൾ കാണിക്കുന്നതിന് കാരണം?

ഔദ്യോഗിക ടൈറ്റിൽ പൊതു പ്രയോജനത്തിനായിട്ട് ഉപയോഗിക്കപ്പെടേണ്ടതാണ്. എന്നാൽ ദുഃഖകരമായ കാര്യം പലരും ഈ ടൈറ്റിൽ വ്യക്തിപരമായി ശുശ്രൂഷക്കുള്ള അവസരം നേടിയെടുക്കുന്നതിനും സാമ്പത്തിക പ്രയോജനത്തിനുമായി ഉപയോഗിക്കപ്പെടുന്നു. അതുതന്നെയാകാം കാരണവും.

**ചോദ്യം:** എന്താണ് പ്രതീക്ഷ?

ഇന്നത്തെ സാഹചര്യങ്ങളെ മാറ്റി മുന്നേറുവാൻ നമുക്കു കഴിയും. ഇന്ന് എല്ലാറ്റിലും രാഷ്ട്രീയമാണ്. നല്ല നിർദ്ദേശങ്ങളെ പോലും രാഷ്ട്രീയചിന്തയോടെ തള്ളിക്കളയുന്നു. എല്ലാ പ്രവർത്തനവും വോട്ടുമാത്രം ലക്ഷ്യമാക്കി മാറുന്നു എന്ന ദുഃഖകരമായ സാഹചര്യം മാറണം. ശുശ്രൂഷക സമ്മേളനത്തിന് പുറമെ നിന്നും പ്രസംഗകരെ വിളിക്കേണ്ടി വരുന്നു. നമ്മുടെ പ്രസംഗകരെ വേണ്ട. വരുന്നവർ പൊതു സ്വീകാര്യരല്ല. ഇതൊക്കെക്കൊണ്ട് എന്തു പ്രയോജനം. ഭൗതിക മുന്നേറ്റത്തേക്കാൾ ആത്മീക മുന്നേറ്റമാണ് നമുക്കു ആവശ്യം. സഭാ വളർച്ചയാണ് ലക്ഷ്യം വെക്കേണ്ടത്. ആത്മീകാനുഭവങ്ങളുള്ള, ആരോഗ്യകരമായ വളർച്ചയുള്ള സഭയാണ് ഇന്നിന്റെ ആവശ്യം. വ്യക്തിതാൽപര്യങ്ങളേക്കാൾ സഭയുടെ പുരോഗതിയും നന്മയും വിശ്വാസികളുടെ ആത്മീയഭിവൃദ്ധിയും ലക്ഷ്യമാക്കുന്ന ടീമായിരിക്കണം നേതൃത്വം നൽകേണ്ടത്. അതാണെന്റെ പ്രാർത്ഥനയും സമൂഹത്തിൽ നമുക്കു വലിയ ദൗത്യം നിർവ്വഹിപ്പാനുണ്ട്. ആ ബോധ്യമുള്ള നേതൃത്വമാണ് സഭയിൽ ഇന്ന് അത്യാവശ്യമായിരിക്കുന്നത്.

ഇൻഡ്യയുടെ മാറുന്ന സാഹചര്യങ്ങൾ നാം കണക്കിലെടുക്കണം. കേരളത്തിൽതന്നെ സ്വാതന്ത്ര്യമായി ദൈവത്തെ ആരാധിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുമ്പോൾ പെന്തെക്കോസ്തുകാർ തിങ്ങിപ്പാർക്കുന്നയിടത്ത് ആത്മീയതയുടെ പേരിൽ ആവർത്തിച്ച് ആവർത്തിച്ച് ബിഗ് ബജറ്റിൽ നടത്തപ്പെടുന്ന ആഘോഷങ്ങൾ ആവശ്യമുള്ളതോ എന്ന് ചിന്തിക്കണം. പുതുമയുടെ പേരിൽ അരങ്ങേറുന്ന അടിപൊളി യോഗങ്ങൾക്ക് ചിലവഴിക്കപ്പെടുന്ന പണം സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്ക് ഉപയോഗിക്കപ്പെടണം. ആൾക്കൂട്ടവും ഒച്ചയും വിജയമായി കണക്കാക്കുന്നത് ലോകത്തിന്റെ മാതൃകയാണ്.

# വിശക്കുന്ന ആദിവാസി കുഞ്ഞുങ്ങൾക്ക് ഭക്ഷണവുമായി വെസ്റ്റ് ബംഗാളിൽ ഒരു മലയാളി കുടുംബം

ജീവകാരുണ്യ പ്രവർത്തനരംഗത്ത് പെന്തെക്കോസ്തു സമൂഹം ഒരു പരിധി വരെ പുറംതിരിഞ്ഞു നിൽക്കുമ്പോൾ അതിൽ നിന്നും വ്യത്യസ്തരായി സുവിശേഷ വേലക്കും പെന്തെക്കോസ്ത് സമൂഹത്തിനും മാതൃയാകുകയാണ് പാസ്റ്റർ സാമുവേൽ കെ എം, സഹധർമ്മിണി സിസ്റ്റർ മേഴ്സി സാമുവേലും. കുടുംബം. കേരളത്തിൽ സുവിശേഷ വേലയിൽ ഇരിക്കെ ദൈവം കൊടുത്ത ദർശന പ്രകാരം ബംഗാളിൽ എത്തുന്നത് 2012 ൽ ആണ്. വെസ്റ്റ് ബംഗാളിലെ ആലിപ്പൂർ ജില്ലയിലെ തോട്ടം തൊഴിലാളികളുടെ ആയിരത്തോളം ആദിവാസി കുഞ്ഞുങ്ങൾക്ക് അവർ 'പപ്പയും മമ്മിയും' ആണ്. തിരഞ്ഞെടുത്ത ആറു ഗ്രാമങ്ങളിലെ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം സമൃദ്ധിയായി മൂന്നു വർഷത്തോളമായി ആഹാരം കൊടുത്തുവരുന്നു. ഒപ്പം അവർക്കാവശ്യമായ വസ്ത്രങ്ങളും നൽകുന്നുണ്ട്. ഒരു നേരത്തെ ആഹാരം വയറുനിറച്ചു കഴിക്കാനില്ലാത്ത തന്റെ ബാല്യത്തിലെ വേദനിപ്പിക്കുന്ന ഓർമ്മകൾ ആണ് പാസ്റ്റർ സാമുവേൽ കെ എം നു ഈ പ്രവർത്തനങ്ങൾക്ക് പ്രചോദനം ആയി മാറിയത്. ആവശ്യത്തിന് ഭക്ഷണവും മരുന്നും വസ്ത്രവും ഇല്ലാത്ത കുഞ്ഞുങ്ങൾ, അവരിൽ ചിലർ അനാഥർ ആണ്. മിക്ക കുട്ടികളും മാതാവോ പിതാവോ ഇല്ലാത്തവർ ആണ്. ബാക്കിയുള്ളവർ അപ്പനും അമ്മയും ഉണ്ടായിട്ടും ജീവിതത്തിലെ ക്ലേശങ്ങൾകൊണ്ട് ആവശ്യത്തിന് ആഹാരവും വസ്ത്രവും സംരക്ഷണവും നിഷേധിക്കപ്പെട്ടവർ. അവരുടെ അടുക്കലേക്കു അവരെപ്പോലെ ഈ കുടുംബം ഇടപഴകി അവർക്കു കൈത്താങ്ങായി തീരുന്ന കാഴ്ച സ്വർഗ്ഗം സന്തോഷിക്കുന്നുണ്ടാകും. ഈ പ്രവർത്തനത്തിന്റെ മുഴുവൻ ഊർജ്ജവും സോഷ്യൽ മീഡിയയിലെ സുഹൃത്തുക്കളുടെ അകമഴിഞ്ഞ പിന്തുണ മാത്രം ആണ്. ഇവർ ചെയ്യുന്ന ഫീഡിങ് മിനിസ്ട്രിക്കും സുവിശേഷ പ്രവർത്തനത്തിനും നല്ലവരായ നമ്മുടെ വിശ്വാസ കുടുംബങ്ങളുടെ പിന്തുണ വളരെ ആവശ്യം ആണ്. ഇവരെ ഓർത്ത് പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പറിലോ ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.










**Mob: 8609894510**

**Email: mountcarmelsocialservice@yahoo.com**

**BANK DETAILS**

**A / C. 3190181950, Samuel K. M.**
**CENTRAL BANK OF INDIA,**
**COOCHBEHAR BAZAR BRANCH**
**WEST BENGAL , INDIA , IFSC - CBIN 0282564**

# വൈദ്യശാസ്ത്രത്തിനും അത്ഭുതം ഈ ജീവിതം



ശ്രീ. ജോർജ്ജ് മത്തായി സി.പി.എ യോടൊപ്പം ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ സാംകുട്ടി മാത്യു

> 32-ാം വയസിൽ ദൈവിക സന്നിധിയിലേക്കു മടങ്ങിവന്നു. വിവിധ രോഗങ്ങളിലൂടെയുള്ള ദൈവീക സന്ദർശനം. കിഡ്നി രണ്ടും ഫെയിൽ ആയി. സ്കാനിംഗിൽ ഒരു കിഡ്നി കാണുവാനില്ലായിരുന്നു. ഒരെണ്ണം ഉള്ളത് മുപ്പത് ശതമാനം മാത്രം പ്രവർത്തിക്കുന്ന സാഹചര്യം ആയിരുന്നു. 6 മാസം മാത്രം ജീവിച്ചിരിക്കയുള്ളൂ എന്നും ഡയാലിസിസ് ആരംഭിക്കണം എന്നും വിധിയെഴുതി വൈദ്യന്മാർ. എന്നാൽ 18 വർഷങ്ങൾ ഡയാലിസിസ് ചെയ്യാതെ ജീവിച്ചു. 1999-ൽ ഡയാലിസിസ് ആരംഭിച്ചു. 1996-ൽ പ്രോസ്റ്റേറ്റ് കാൻസർ ബാധിച്ചു. അതിൽ നിന്നും 1999-ൽ പൂർണ്ണസൗഖ്യം ലഭിച്ചു. 1999 മുതൽ 20 മാസങ്ങൾ ഡയാലിസിസ് ചെയ്തു. കിഡ്നി ട്രാൻസ് പ്ലാന്റിംഗിന് ശ്രമിച്ചുകൊണ്ടിരുന്നു. സാധാരണ നിലയിൽ 5 വർഷങ്ങളെങ്കിലും ആവശ്യമാണ്. എങ്കിലും വളരെ പെട്ടെന്ന് സാധ്യമായി. 2001 ജൂലൈ 28ന് കിഡ്നി മാറ്റിവെച്ചു. 14 വർഷങ്ങൾ ആ കിഡ്നിയുമായി ജീവിച്ചു. പുതിയ കിഡ്നി വെക്കേണ്ട ഘട്ടം എത്തി. കിഡ്നി ട്രാൻസ് പ്ലാന്റിംഗിനായി കാത്തിരിക്കുന്നവരുടെ നീണ്ട നിര, അനുയോജ്യമായ കിഡ്നി ലഭിക്കുന്നതിനുള്ള താമസം ഇവയെല്ലാം തടസമായി നിൽക്കുന്നു. എന്നാൽ തടസങ്ങളെ മാറ്റി സാഹചര്യങ്ങളെ അനുകൂലമാക്കുന്ന ദൈവീക പ്രവർത്തി വർണ്ണിച്ചാൽ മതിയാകില്ല.

അനുഭവങ്ങളുടെ മൂശയിൽ ഉരുത്തിരിഞ്ഞ ജീവിതമാണ് ജോർജ്ജ് മത്തായിയുടേത്. ഉപദേശിയുടെ മകൻ എന്ന അപരനാമത്തിൽ പ്രസിദ്ധനായ ജോർജ്ജ് മത്തായി സി.പി.എ. യുടെ ജീവിത സാക്ഷ്യം ആരെയും അത്ഭുതപ്പെടുത്തും. മാരകമായ രോഗങ്ങൾ ഒന്നൊന്നായി തന്നെ കീഴടക്കുവാൻ യത്നിച്ചപ്പോൾ സൗഖ്യമാക്കുന്ന ദൈവീക കരസ്പർശനത്താൽ ജയഭേരി മുഴക്കിയ എത്രയോ അനുഭവങ്ങൾ. ഇനി സാധ്യതയില്ല എന്ന വൈദ്യശാസ്ത്രവിധികളെ മാറ്റിമറിച്ച അനുഭവങ്ങൾ ധാരാളം. മാധ്യമപ്രവർത്തകൻ, ഗ്രന്ഥകാരൻ, ഗാനരചിയതാവ്, മികച്ച സംഘാടകൻ ഇങ്ങനെ നിരവധി വിശേഷണങ്ങളോടെ പെന്തെക്കോസ്ത് സമൂഹത്തിന് സുപരിചിതനാണ്ഈ ഉപദേശിയുടെ മകൻ.

തിരുവല്ലയിലെ സ്കൂൾ പഠനകാലത്ത് സ്പോർട്ട്സിൽ സജീവമായിരുന്ന ജോർജ്ജ് മത്തായി ജീവിതയാത്രയിലെ പ്രതികൂല സാഹചര്യങ്ങളെ ദൈവകൃപയിലാശ്രയിച്ച് നേരിടുന്നതും സ്പോർട്ട്മാൻ സ്പിരിറ്റോടെയാണ്. തീപ്പൊരി ഉയരെ പറക്കുന്നതു പോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു എന്ന വചനം പോലെ ജീവിതത്തിൽ വന്ന അഗ്നിശോധനകൾ വിശ്വാസവും ദൈവികാശ്രയവും തന്നിൽ വർദ്ധിപ്പിച്ചിരിക്കുന്നു.

1970-ൽ തന്റെ 19-ാം വയസിൽ ഉപരിപഠനാർത്ഥം അമേരിക്കയിലെത്തിയ ജോർജ്ജ് മത്തായി കഴിഞ്ഞ 47 വർഷങ്ങളിൽ താൻ നടന്ന പാതകൾ തിരിഞ്ഞുനോക്കി സർവ്വശക്തന് നന്ദി കരേറ്റുന്നു. അവസാനിച്ചു എന്നു വിധി പറഞ്ഞ വൈദ്യശാസ്ത്രത്തെ തോൽപ്പിച്ച് പുതുജീവൻ നൽകുന്ന ദൈവപ്രവർത്തിയുടെ ശ്രേഷ്ഠതയോർത്ത് കർത്താവിനു മഹത്വം കരേറ്റുകയാണ്.

ഡാളസ് ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റിയിൽ പഠനത്തിനായി എത്തിയ തനിക്ക് ട്രാക്ക് സ്കോളർഷിപ്പ് ലഭിച്ചതിനാൽ അത്‌ലറ്റിക്സിൽ അവസരം ലഭിച്ചു. എന്നാൽ ശക്തമായ ചൂട് വിഘാതമായി. തുടർന്ന് "ചീഫ്റ്റൺ" എന്ന ഡാളസ് ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റി സ്റ്റുഡൻസ് ന്യൂസ്പേപ്പറിന്റെ എഡിറ്ററായി പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു (ഈ സ്ഥാനത്ത് എത്തിയിട്ടുള്ള ഏകവിദേശി ആണ് ഇദ്ദേഹം). തന്റെ സർഗസാഹിത്യ വാസന വീണ്ടും ഉണരുവാനും എഴുത്തിന്റെ മേഖലയിലേക്ക് തിരിയുവാനും അത് മുഖാന്തിരമായി. പഠനരംഗത്ത് മികവും പുലർത്തിയ താൻ ജേർണലിസം, അക്കൗണ്ടിംഗ്, മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നീ മേഖലകളിൽ ഡിഗ്രി കരസ്ഥമാക്കി.

ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധീകരണം ആരംഭിച്ച ഇന്ത്യാ എബ്രോഡ് എന്ന പത്രത്തിന്റെ ആദ്യ എഡിറ്ററായി 1974-ൽ ചുമതലയേറ്റു. ഇന്ന് പതിനായിരക്കണക്കിന് കോപ്പികൾ പ്രസിദ്ധീകരിക്കുന്ന പത്രമാണ് ഇന്ത്യാ എബ്രോഡ്. 1976 വരെ അവിടെ ജോലി ചെയ്തു. ന്യൂയോർക്ക് ടൈംസ്, റോയിട്ടർ തുടങ്ങിയവയുമായി ബന്ധം ലഭിച്ചു. പത്രപ്രവർത്തനകാലത്ത് പ്രശസ്തരായ പല ഇന്ത്യൻ നേതാക്കന്മാരെയും ഇന്റർവ്യൂ ചെയ്യുവാൻ അവസരം ലഭിച്ചു. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എ. ചെയ്തു. തുടർന്ന് ന്യൂയോർക്ക് സ്റ്റേറ്റിൽ സോഷ്യൽ സർവ്വീസിൽ മാനേജ്മെന്റ് എക്സ്പർട്ടായി ജോലിയിൽ പ്രവേശിച്ചു. ന്യൂയോർക്ക് കേരളാ സമാജത്തിന്റെ പ്രസിഡന്റായും സെക്രട്ടറിയായും പലതവണ പ്രവർത്തിച്ചിട്ടുണ്ട്.

1980-ൽ പി.എച്ച്.ഡി. ചെയ്യുവാനായി ഒക്കലഹോമയിൽ എത്തിയെങ്കിലും ചില സാങ്കേതിക തടസങ്ങൾ കാരണം സാധ്യമായില്ല. പബ്ലിക് യൂട്ടിലിറ്റി ഡിവിഷനിൽ ഓഡിറ്ററായി ജോലി ലഭിച്ചു. 1984-ൽ സി.പി.എ. ലൈസൻസ് ലഭിച്ചു. മലയാളികളുടെ ഇടയിൽ നിന്നും ആദ്യ സി.പി.എ.ക്കാരനായി 27 വർഷം ഔദ്യോഗിക ജീവിതം നയിച്ചു. ഡയറക്ടറായി വിരമിച്ചു.

പെന്തെക്കോസ്തിലെ ആദ്യകാല സുവിശേഷകരിൽ ഒരാളായിരുന്ന റ്റി.കെ. മത്തായി തരകൻ എന്ന കല്ലട മത്തായിച്ചന്റെ ഇളയമകനായി ജനിച്ച ജോർജ്ജ് മത്തായിയുടെ ബാല്യകാല അനുഭവങ്ങൾ പലതും അത്ര സുഖകരമായതല്ലായിരുന്നു. പാഴ്സനേജ് ജീവിതം നൽകിയ കയ്പിന്റെ അനുഭവങ്ങൾ തന്നെ ദൈവത്തിൽ നിന്നകറ്റി. മേപ്രാൽ സഭയുടെ ശുശ്രൂഷകനായിരുന്നു പിതാവ്. അക്കാലത്തുണ്ടായ അനുഭവങ്ങൾ 11-ാം വയസിൽ തന്നെ പിന്മാറ്റക്കാരനാക്കി മാറ്റി. യൗവ്വനവും കടന്നു മുമ്പോട്ട് പോയപ്പോൾ ദൈവീക സന്ദർശനം തന്നെ ദൈവീക പാതയിലേക്ക് മടക്കിവരുത്തി.

32-ാം വയസിൽ ദൈവിക സന്നിധിയിലേക്കു മടങ്ങിവന്നു. വിവിധ രോഗങ്ങളിലൂടെയുള്ള ദൈവീക സന്ദർശനം. കിഡ്നി രണ്ടും ഫെയിൽ ആയി. സ്കാനിംഗിൽ ഒരു കിഡ്നി കാണുവാനില്ലായിരുന്നു. ഒരെണ്ണം ഉള്ളത് മുപ്പത് ശതമാനം മാത്രം പ്രവർത്തിക്കുന്ന സാഹചര്യം ആയിരുന്നു. 6 മാസം മാത്രം ജീവിച്ചിരിക്കയുള്ളൂ എന്നും ഡയാലിസിസ് ആരംഭിക്കണം എന്നും വിധിയെഴുതി വൈദ്യന്മാർ. എന്നാൽ 18 വർഷങ്ങൾ ഡയാലിസിസ് ചെയ്യാതെ ജീവിച്ചു. 1999-ൽ ഡയാലിസിസ് ആരംഭിച്ചു. 1996-ൽ പ്രോസ്റ്റേറ്റ് കാൻസർ ബാധിച്ചു. അതിൽ നിന്നും 1999-ൽ പൂർണ്ണസൗഖ്യം ലഭിച്ചു. 1999 മുതൽ 20 മാസങ്ങൾ ഡയാലിസിസ് ചെയ്തു. കിഡ്നി ട്രാൻസ് പ്ലാന്റിംഗിന് ശ്രമിച്ചുകൊണ്ടിരുന്നു. സാധാരണ നിലയിൽ 5 വർഷങ്ങളെങ്കിലും ആവശ്യമാണ്. എങ്കിലും വളരെ പെട്ടെന്ന് സാധ്യമായി. 2001 ജൂലൈ 28ന് കിഡ്നി മാറ്റിവെച്ചു. 14 വർഷങ്ങൾ ആ കിഡ്നിയുമായി ജീവിച്ചു. പുതിയ കിഡ്നി വെക്കേണ്ട ഘട്ടം എത്തി. കിഡ്നി ട്രാൻസ് പ്ലാന്റിംഗിനായി കാത്തിരിക്കുന്നവരുടെ നീണ്ട നിര, അനുയോജ്യമായ കിഡ്നി ലഭിക്കുന്നതിനുള്ള താമസം ഇവയെല്ലാം തടസമായി നിൽക്കുന്നു. എന്നാൽ തടസങ്ങളെ മാറ്റി സാഹചര്യങ്ങളെ അനുകൂലമാക്കുന്ന ദൈവീക പ്രവർത്തി വർണ്ണിച്ചാൽ മതിയാകില്ല. 2015-ൽ പാസ്റ്റർ എം. ഒ. സാമുവേലിന്റെ മകളുടെ വിവാഹത്തിനു പോകാൻ സാധിച്ചില്ല. അപ്രതീക്ഷിതമായി അന്ന് വലിയ കാറ്റും മഴയും ഉണ്ടായി. അന്ന് ലഭ്യമായ കിഡ്നി ട്രാൻസ് പ്ലാന്റിംഗിന് തന്നേക്കാൾ യോഗ്യരായ 14 പേർ ഉണ്ടായിരുന്നു. ഒക്കലഹോമയിൽ നിന്ന് ആ കിഡ്നി ഡാളസിലേക്ക് കൊണ്ടുപോകുവാൻ പ്രതികൂല കാലാവസ്ഥ തടസമായി മാറി. ലിസ്റ്റിൽ ഉണ്ടായിരുന്ന 14 പേർക്കും ഇതിനായി എത്തുവാൻ കഴിഞ്ഞുമില്ല. തടസങ്ങൾ ഒന്നൊന്നായി ജോർജ്ജ് മത്തായിക്ക് അനുകൂല ഘടകങ്ങളായി അങ്ങനെ 2015 മെയ് 18ന് കിഡ്നി മാറ്റം വീണ്ടും നടത്തി.

1982-ൽ ജീവിതത്തിലെ വേദനകളിൽ ആയിരിക്കുമ്പോൾ അനുഭവത്തിന്റെ മൂശയിൽ ഉരുത്തുരിഞ്ഞതാണ് ഇന്നും അനേകർക്ക് ആശ്വാസം പകരുന്ന "മനസേ വ്യാകുലമരുതേ" എന്ന പ്രസിദ്ധമായ ഗാനം. ഇതുൾപ്പെടെ 35 ഗാനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "യേശുവേ അങ്ങൊന്നു കല്പിച്ചാൽ" എന്ന സി.ഡി. ഉടൻ പുറത്തിറങ്ങുന്നു. ജീവിതാനുഭവങ്ങൾ വരച്ചു കാണിച്ചിട്ടുള്ള ഉപദേശിയുടെ മകൻ എന്ന ഗ്രന്ഥത്തിന്റെ രചിയതാവു കൂടിയാണ് ഇദ്ദഹം. അമേരിക്കൻ ചരിത്രവുമായി ബന്ധപ്പെട്ട അനുഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു ബൃഹത്തായ ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ രചനയിലാണ് ഇപ്പോൾ.

2015-ൽ കോളനോസ്കോപി നടത്തിയപ്പോൾ കോളൻ മുറിഞ്ഞുപോയി. രക്തം വാർന്നും വായു നിറഞ്ഞും ജീവിതം അവസാനിച്ചു എന്ന വിധിയെഴുത്തിനെയും തോൽപ്പിച്ച് ഇന്നും തന്റെ തൂലിക കർത്താവിനായി ഉപയോഗിക്കുകയാണ് ഉപദേശിയുടെ മകൻ. പി.സി.എൻ.എ.കെ.യുടെ ആദ്യ ട്രഷറർ, ഐ. പി. സി. നോർത്തമേരിക്കൻ കൗൺസിൽ ട്രഷറർ, മിഡ്വെസ്റ്റ് റീജിയൻ ട്രഷറർ, വേൾഡ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് ഫൗണ്ടിംഗ് പ്രസിഡന്റ്, റൈറ്റേഴ്സ് ഫോറം പ്രസിഡന്റ്, ഐ.പി.സി. ജനറൽ കൗൺസിലിൽ പല ടേമുകളിൽ അംഗം ഇങ്ങനെ അലങ്കരിച്ചിട്ടുള്ള പദവികൾ അനവധി. 67-ാം വയസിൽ എത്തി നിൽക്കുമ്പോൾ നടന്നുവന്ന പാതകളിലെ ദൈവീക കരുതൽ ഓർത്ത് പുഞ്ചിരിതൂകുകയാണ് ഇദ്ദേഹം. ബിലീവേഴ്സ് ജേണൽ ചെയർമാൻ രാജൻ ആര്യപ്പള്ളിയുമൊത്ത് അദ്ദേഹത്തെ സന്ദർശിക്കുമ്പോൾ ആ വാക്കിലും മുഖത്തും കാണുവാനുണ്ടായിരുന്നത് ദൈവീക കരുതലിന്റെ നന്ദിയാണ്. ഇനി ലഭിക്കുന്ന നാളുകൾ കർത്താവിന്റെ നാമമഹത്വത്തിനായി തൂലിക അഭംഗുരം ചലിക്കട്ടെ. ഇപ്പോൾ ഡാളസിൽ താമസിക്കുന്നു ശ്രീ ജോർജ്ജ് മത്തായി സി. പി.എ. എന്ന ഉപദേശിയുടെ മകൻ. ഭാര്യ ഐറിൻ. മക്കൾ: ഡയാനാ ഏബ്രഹാം, പ്രിസ്കില്ല തോമസ്

ലേഖനം

# ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ



പാസ്റ്റർ ജോൺസൺ സഖറിയ, ഡാളസ്സ്

അനുദിന ജീവിതം ആകുലതകളുടെ ആധിക്യങ്ങളാൽ അലകളുടെ നടുവിൽ മുങ്ങി താഴുന്ന പടകുകളെപ്പോലെ അല്ലയോയെന്നു ചിന്തിക്കുന്നവർ വിരളമല്ല. ഭീകരന്മാരുടെ പെരുപ്പം എവിടെയും ഭയാനകമായ അന്തരീക്ഷമുളവാക്കുന്നു ആധുനിക 'ടെക്നോളജികൾ' എല്ലാവിധ ജീവിതഭദ്രതയും നല്കുന്നുവെന്നു ചിന്തിക്കുമ്പോൾ തന്നെ ക്ഷണനേരം കൊണ്ട് അവയെല്ലാം ഭാഗമാക്കപ്പെടുന്നതിന്റെ സാക്ഷികളും അനുഭവസ്ഥരുമല്ലെ നാം? വൈദ്യശാസ്ത്രം അനേകം നേട്ടങ്ങൾ കൈവശമാക്കിയിട്ടുണ്ട്. അതിനുവേണ്ടി അദ്ധ്വാനിക്കുന്നവരെ അനുമോദിക്കുന്നു. എന്നാൽ മാരകരോഗങ്ങളുടെ കനിവറ്റ കരങ്ങളിൽ അമർന്നു ശ്വാസം മുട്ടുന്നവരും ശ്വാസം നിലച്ചവരും എത്രയെന്നു കണക്കുകൂട്ടാവുന്നതിലും അധികമാണ്. സമൃദ്ധിയിൽ പട്ടിണി കിടക്കുന്നുയെന്നു പറഞ്ഞതുപോലെയാണു ഇന്നത്തെ ലോകജീവിതം! എല്ലാം ഉണ്ടെന്നു പറയുമ്പോൾ തന്നെ ഒന്നുമില്ലല്ലോ ആരുമില്ലല്ലോയെന്നനുഭവം അനേകരെ നിരാശഗർത്തത്തിൽ താഴ്ത്തിക്കളഞ്ഞു.

ആണ്ടിന്റെ ആരംഭദിനം നന്നായിരുന്നാൽ ആണ്ടുമുഴുവനും അങ്ങനെതന്നെ ആയിരിക്കുമെന്നു കരുതുന്നവർ ഏറെയാണ്. അതിനുവേണ്ടി ആദ്യദിവസം എല്ലാംകൊണ്ടും സന്തോഷകരമാക്കുവാൻ അനേകരും ബദ്ധപ്പെടാറുണ്ട്. എന്നാൽ ഈ സന്തോഷങ്ങൾ എത്ര മണിക്കൂറുകൾ നീണ്ട് നില്ക്കുമെന്നു നമുക്കു ഊഹിക്കാവുന്നതേയുള്ളൂ. ഭൗതീക സന്തോഷങ്ങളൊന്നും നിത്യമല്ലെന്ന യാഥാർത്ഥ്യം പലരും അംഗീകരിക്കുവാൻ മടിക്കാണിക്കുന്നു. ലോകജീവിതത്തിൽ നേരിടുന്ന വേദനകളേയും ദുഃഖങ്ങളേയും ദൈവത്തിലുള്ള ആശ്രയത്തിലും യേശുക്രിസ്തുവിന്റെ വചനം നമ്മിൽ വസിക്കുന്നതുകൊണ്ടും അവയെല്ലാം അതിജീവിച്ചും കർത്താവിൽ സന്തോഷിക്കുവാൻ സാധിക്കും. പൗലോസ് ശ്ലീഹാ ജയിലിൽ ആയിരിക്കുമ്പോഴും തന്റെ സന്തോഷങ്ങൾക്കു കുറവ് വന്നിരുന്നില്ല. അതുകൊണ്ടത്രെ കർത്താവിൽ എപ്പോഴും സന്തോഷിപ്പീൻ സന്തോഷിപ്പിൻ എന്നു ഉണർത്തിയത് (ഫിലി. 4:4). നമ്മുടെ ഭദ്രത ദൈവകരങ്ങളിൽ മാത്രം.

ഇന്നു അന്ധവിശ്വാസങ്ങളുടെ മറവിൽ ആണ്ടുകളെ സമ്പൽസമൃദ്ധമാക്കാൻ അധ്വാനിക്കുന്ന പലരേയും കാണാം. അതിന്റെ നേട്ടം ചുക്കാൻ പിടിക്കുന്നവർക്കുമാത്രമാണ്. എന്നാൽ സകല അനുഗ്രഹങ്ങളും സുരക്ഷിതത്വവും ഏകസത്യ ദൈവമായ യേശുക്രിസ്തുവിൽ നിന്നുമാത്രമാണെന്നുള്ള യാഥാർത്ഥ്യവും ഏവരും അംഗീകരിച്ചിരിക്കുന്നുവെങ്കിൽ നമ്മെ മനസ്സിലാക്കുന്ന ഏകാശ്രയം ബൈബിൾ മാത്രമാണ്. അതിലെ അഞ്ചാമത്തെ പുസ്തകമായ ആവർത്തനം പതിനൊന്നാം അദ്ധ്യായം 12-ാം വാക്യം വായിക്കുമ്പോൾ ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ ദൈവം നമുക്കു നല്കുന്ന പരിപാലനത്തെയോ കരുതുലുകളെയോ കുറിച്ചു വ്യക്തമാക്കുന്നുണ്ട്.

ഈയ്യോബിന്റെ ചരിത്രം പഠിച്ചാൽ ദൈവം വിശ്വസ്തന്മാരെ കാക്കുന്നതു എങ്ങനെന്നു വ്യക്തമാക്കുന്നു. ഊടാടി സഞ്ചരിക്കുന്ന സാത്താൻ അതു ആദ്യമേ മനസ്സിലാക്കുകയും ചെയ്തു. ഈയ്യോബാ ഭക്തനായിരിക്കുന്നതിന്റെ കാര്യം, ദൈവം ഇയ്യോബിനും, തന്റെ വീടിനും, തനിക്കുള്ള സകലത്തിനും വേലി (Protective fence) കെട്ടി സൂക്ഷിച്ചിരിക്കുന്നതുകൊണ്ടത്രെ! ദൈവം തന്റെ ജനത്തിനു നല്കുന്ന സുരക്ഷിതത്വത്തിന്റെ ബലം ശ്രേഷ്ഠമാണെന്നു നാം മനസ്സിലാക്കുക. ദൈവം കാക്കുന്നില്ലെങ്കിൽ കാവല്ക്കാർ വെറുതെ സമയം കളയുന്നു എന്നതത്രെ വേദസൂക്ത ആശയം. ദൈവം തന്റെ ജനത്തേയും അവരുടെ ദേശങ്ങളെയും കാക്കുന്നു. പ്രകൃതീതമായ (Super natural) സംരക്ഷണമാണ് ദൈവം തന്റെ ജനത്തിന് നൽകുന്നത്.

ദേശത്തിനു നല്കുന്ന ഭദ്രത (Protection For the Land)

ഉലകം മുഴുവനും അറുക്കുവാനും മുടിക്കുവാനും വന്ന പിശാചിന്റെ ആധിപത്യത്തിലാണിന്നു. മുടിക്കുക എന്നതാണ് തന്റെ ലക്ഷ്യം. ഇന്നു നാം കാണുന്നതും കേൾക്കുന്നതുമായ സംഭവങ്ങളും വാർത്തകളും അതു വ്യക്തമാക്കുകയല്ലേ? എന്നാൽ ദൈവം തന്റെ ജനത്തോട് പറയുന്നു. നിങ്ങൾ മുമ്പ് താമസിച്ചിരുന്ന മിസ്രയീം ദേശം പോലെയുള്ളള ദേശമല്ല ഞാൻ നിങ്ങൾ കരുതുന്നത്. വരണ്ടദേശത്തു കൃഷി ചെയ്തനന്തരം അതിനു വെള്ളം ഒഴിക്കുവാൻ ബദ്ധപ്പെട്ടതുപോലെ ഞാൻ തരുന്ന ദേശത്തു നിങ്ങൾ ബദ്ധപ്പെടേണ്ടതില്ല.

ദേശത്തിനു വേണ്ടിയ കരുതൽ (Provision for the land)

ഊഷര ഭൂമിയിലെ ഫലവത്താക്കുവാൻ അത്യാവശ്യം വെള്ളമാണ്. നാം എത്ര കോരി ഒഴിച്ചാലും ഭൂമി തൃപ്തി പ്രാപിക്കുകയില്ലയ അതിനു ശക്തമായ മഴയാണു അത്യാവശ്യം. ദൈവം തന്റെ ജനത്തിനു നല്കുന്നദേശം ആകാശത്തു നിന്നും മഴപെയ്യുന്ന, മഴവെള്ളം കുടിക്കുന്നതും ദൈവത്താൽ പരിപാലിക്കപ്പെടുന്നതുമായ ദേശമാണ് (ആവ.11:11-12). ദൈവീക പരിപാലനം ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ തന്റെ ജനത്തിനും അവർ പാർക്കുന്ന ദേശത്തിനും ഉണ്ടായിരിക്കേണ്ടതിനു ദൈവം അതിനെ നോക്കിസൂക്ഷിക്കുന്നു. ആ അമാനുഷിക സൂക്ഷിപ്പ്, അതല്ലെ നമുക്കു പുതിയ ആണ്ട് കൂടെ കാണുവാൻ സാധിച്ചത്!

ദേശത്തെ ദൈവസാന്നിധ്യം (Presence of God)

ഋതിങ്കര അനുഭവങ്ങളെ മാറ്റി സ്വസ്ഥതയും സമാധാനവും ഉണ്ടാകുവാൻ ദൈവസാന്നിധ്യമാണ് നമുക്കാവശ്യം. അതു ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ ദൈവം തരാമെന്നു ഉറപ്പുതരുന്നു, ഋതുഭേദത്താൽ മാറ്റാം വരാത്ത ദൈവത്തിന്റെ വാഗ്ദത്തങ്ങളെ നമുക്കു എന്നും വിശ്വസിക്കാം. അതാണു നമ്മുടെ ജീവന്റെ നങ്കൂരം. ജീവിത പടകു എത്ര ആടി ഉലഞ്ഞാലും ദൈവവാഗ്ദത്തങ്ങളെ മറികടക്കുവാൻ കഴിയുകയില്ല. കാരണം ദൈവസാന്നിധ്യം അതിശക്തമാണ്. എപ്പോഴും വന്നു പാർക്കേണ്ടതിനുള്ള ഉറപ്പുള്ള ഒരേ ഒരു കോട്ട! അതറിയാവുന്ന കോരഹിന്റെ പുത്രന്മാർ ചോദിക്കുന്നു "എപ്പോൾ ഞങ്ങൾക്കു ദൈവസന്നിധിയിൽ എത്തുവാൻ കഴിയും?

എന്താണ് ദൈവസാന്നിധ്യത്തിന്റെ പ്രാധാന്യം? ഞാനോ ലോകവസാനത്തോളം എല്ലാനാളും നിങ്ങളോട് കൂടെ ഉണ്ടെന്നു ഉറപ്പ് നൽകിയതു യേശുക്രിസ്തു മാത്രമാണ് (മത്താ. 28:20) ദൈവസാന്നിധ്യം കഷ്ടകാലങ്ങളിൽ ഏറ്റവും അടുത്ത തുണയാണ്. ആലംബഹീനർക്കു ദൈവസാന്നിധ്യം ആശ്രയമാണ്. ഏകാന്തതയിൽ കർതൃസന്നിധി നമ്മുടെ സഖിയായി മാറുന്നു. കരയുന്നവർക്കു ഇതേ സാന്നിധ്യം ആശ്വാസങ്ങളുടെ ഉറവിടമാണ്. മരണനിഴലിൽ താഴ്‌വരയിൽ കൂടി കടക്കുമ്പോൾ, ആർക്കും എത്തിച്ചേരാൻ സാധിക്കാത്ത ഇവിടേയും ഈ ഇടയസാന്നിധ്യം നമ്മെ ധൈര്യപ്പെടുത്തുന്നു. സമൂഹം നിന്ദിക്കുമ്പോഴും സോദരങ്ങൾ ഒറ്റപ്പെടുത്തുമ്പോഴും അനീതിക്കെതിരെ ശബ്ദമുയർത്തിയതിനാൽ പലരും ആട്ടിപ്പുറത്താക്കിയെങ്കിലും അറപ്പോടെ വീക്ഷിക്കുമ്പോഴും അങ്ങനെയുള്ളവരെ അരികെ അണച്ചാശ്വസിപ്പിക്കുന്ന ദൈവസാന്നിധ്യം എപ്പോഴും നമുക്കുണ്ടായിരിക്കട്ടെ!

ഏദെനിൽ മാത്രമല്ല എവിടേയും ദൈവസാന്നിധ്യം നമുക്കുലഭ്യമാണ്. ഒന്നും ആർക്കും ദൈവത്തെ മറച്ചു ചെയ്യുവാൻ കഴിയുകയില്ല. നമ്മുടെ നിരൂപണങ്ങൾ, നടപ്പ്, കിടപ്പ്, എല്ലാ വഴികളും നാം ഉയരത്തിലോ ആഴങ്ങളിലോ അങ്ങനെ എവിടെയെല്ലാം അവിടെയെല്ലാം ദൈവസാന്നിധ്യമുണ്ട്. അതുകൊണ്ടാണ് നാം സുരക്ഷിതർ ആയിരിക്കുന്നതു. ജീവനും ഭക്തിക്കും ആവശ്യമായിരിക്കുന്നതെല്ലാം അതു നിമിത്തം നമുക്കു ലഭിക്കുന്നതും ദൈവകരുണയുടെയും കരുതലുകളുടേയും പ്രത്യേകത ഒന്നു മാത്രമാണ് പോകേണ്ടുന്ന വഴി കാണിച്ചുതരുന്നതും. ആവശ്യമായ ആലോചനകൾ നല്കുന്നതും എവിടേയും നമ്മെ കാണുന്ന ദൈവമത്രെ! ദൈവസന്നിധിവിട്ടവർക്കു എവിടെപ്പോയി ഒളിക്കുവാൻ സാധിക്കും?

ഇന്ദ്ര ജാലകനെപ്പോലെ ഏവരേയും മയക്കിയും മറച്ചും വിഹരിക്കുന്നവരെ മനസ്സിലാക്കുക, ദൈവത്തിനു മറഞ്ഞരിക്കുന്നതുമില്ല. രഹസ്യം മനുഷ്യർക്കു മാത്രമാണ്. ദൈവത്തിനു എല്ലാം പരസ്യമായതുതന്നെ. ദേശത്തിനു കാവൽ നല്കുന്ന ദൈവം നമുക്കു സുരക്ഷിതത്വം നല്കുന്നുയെന്നോർക്കുമ്പോഴാണ് നാം ദൈവസന്നിധിയിൽ വിശ്വസിക്കപ്പെടേണ്ടത് (ആവ.12:25). എന്നാൽ ഈ ദൈവത്തെ അവഗണിക്കുന്നവർ ഏറെയാണ്. യരുശലേമിനെ നോക്കി യേശുക്രിസ്തു പറഞ്ഞതോർക്കുക കോഴിതൻ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുന്നതുപ്പോലെ നിങ്ങളെ ചേർത്തുകൊള്ളുവാൻ എനിക്കു എത്രവട്ടം മനസ്സായി നിങ്ങൾക്കോ അതു അംഗീകരിക്കുവാൻ മനസ്സായില്ലെന്നത്രെ. തകർച്ചയുടെ ആരംഭം ദൈവത്തിൽ നിന്നും അകലുമ്പോൾ ആരംഭിക്കുന്നു.

ഒത്താശകളൊന്നുമില്ലാതെ ദൈവാനുഗ്രഹങ്ങൾ നമുക്കു പ്രാപിക്കാം. എന്നാൽ വ്യവസ്ഥകൾ അനുസരിച്ചേ മതിയാകൂ. ആവ.11: 13-ൽ അതു വിശദീകരിക്കുന്നു. ദൈവത്തെ സ്നേഹിക്കുക. ദൈവത്തിന്റെ സ്വാധീനം ശക്തമാണ്. ദൈവത്തോടുള്ള നിർവ്യാജ സ്നേഹമാണ് നമുക്കുള്ളു. അനുഗ്രഹങ്ങളുടെ കലവറകൾ തുറക്കുവാനുള്ള താക്കോൽ. ആ നിർവ്യാജ സ്നേഹം നമ്മെ ദൈവകല്പനകളെ അനുസരിക്കുവാനുള്ള ഊഷ്മളമായ ചിന്തകളിലേക്കാനയിക്കുകയാണ്. ഇവിടെയാണു നമ്മുടെ അനുസരണം തമ്മിലുള്ള അകൽച്ചകളും അഭിപ്രായവ്യത്യാസങ്ങളും ഇല്ലാതാക്കുന്നു. നാം ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ ദൈവീക സംരക്ഷണങ്ങൾ നമുക്കു ലഭ്യമാണ്. സ്നേഹവും അനുസരണവും തമ്മിൽ വന്നു കഴിഞ്ഞാൽ ദൈവത്തെ സേവിക്കുന്നതിൽ (Serve) നാം തല്പരർ ആയി തീരും. അങ്ങനെ ഉള്ളവർക്കു ദൈവം നല്കുന്ന വാഗ്ദത്തമാണ്. ആണ്ടിന്റെ ആരംഭം മുതൽ അവസാനത്തോളം എന്റെ ദൃഷ്ടികൾ അവരുടെമേൽ ഇരിക്കും. ആത്മീകവും ഭൗതീകവുമായ എല്ലാ നന്മകളും അവർക്കു നല്കുമെന്നുള്ളത്.

ഓടി ഒളിക്കുവാൻ ഇടമില്ലാതെ വണ്ണം സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ ആണ് സ്വയമായിട്ടും മറ്റുള്ളവരാലും ഒരു പരിധി കഴിഞ്ഞാൽ എങ്ങും നമുക്കു സുരക്ഷിതം ഒരുക്കുവാൻ സാധിക്കുകയില്ല ഇവിടെയാണ് സർവ്വശക്തനായ ദൈവത്തിന്റെ പരിപാലനം നമുക്കാവശ്യം ഈ സത്യം ആരും മറക്കരുത്. സ്വശക്തി, വിവേകം, ധനം, ജ്ഞാനം എല്ലാം എങ്ങും നമുക്കു തണൽ ആയിരിക്കുകയില്ല.

ഔദാര്യമായി എല്ലാം നല്കുന്ന ദൈവത്തെ സ്നേഹിക്കുവാനും അനുസരിക്കുവാനും സേവ ചെയ്യുവാനും നമുക്കു സാധിക്കുമോ? അതിനുള്ള തീരുമാനം ഈ ആണ്ടിന്റെ ആരംഭത്തിൽ തന്നെ നമുക്കുണ്ടാകട്ടെ. എങ്കിൽ അതു നമുക്കനുഗ്രഹമാകും. മറുത്തു മത്സരിക്കുകയല്ല പകരം മാനസാന്തരപ്പെട്ടു അനുസരിക്കുകയാണത്യാവശ്യം. വാഗ്ദത്തങ്ങളെപ്പോഴും നമുക്കുള്ളതാണ്. വ്യവസ്ഥകൾ അനുസരിക്കു നമുക്കത് പ്രാപിക്കാം.

അംബരങ്ങളെ ഭേദിച്ച് ആഗതനാകുന്ന അരുമനാഥന്റെ ആഗമനം ആസ്സന്നമായിരിക്കുകയാൽ അലസ്സതകളും അനുസരണക്കേടും അവസാനിപ്പിച്ച് അരുമയോട് അടുത്തു ചെല്ലുന്ന അജഗണങ്ങളുടെ കൂട്ടത്തിൽ നാമും ഉണ്ടാകുമോയെന്നു വിലയിരുത്തുക. ആണ്ടിന്റെ ആരംഭം മുതൽ ജീവാവസ്സാനം വരെ ദൈവത്തിന്റെ ദൃഷ്ടി ഏവരുടെമേലും ഉണ്ടായിരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഏവർക്കും നവവത്സരാശംസകൾ!!

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ...

01

Spirit-- എഫെ 4: 3 ചർച്ച് ഓഫ് ഗോഡ് ക്വയർ സംഗീത ശുശ്രൂഷ നയിക്കും.

ശുശ്രൂഷക സമ്മേളനം, കാത്തിരിപ്പുയോഗം, മിഷൻ ചലഞ്ച്, ബൈബിൾ പഠനം, വൈ.പി.ഇ & എസ്. എസ് സമ്മേളനം, സ്നാനം, സംയുക്ത ആരാധന, കർത്തൃമേശ, സഹോദരി സമ്മേളനം, സംഗീത സായാഹ്നങ്ങൾ, സാംസ്കാരിക സമ്മേളനം, ബൈബിൾ കോളേജ് ഗ്രാഡുവേഷൻ, ഇവാഞ്ചലിസം, ക്രൂസേഡ്, ചർച്ച് ഗ്രോത്ത് മിഷൻ, ചാരിറ്റി എന്നിവയുടെ സംയുക്ത മീറ്റിംഗ്, സെമിനാറുകൾ എന്നിവ നടക്കും.

28 ഞായർ രാവിലെ 8 മണി മുതൽ 12.30 മണി വരെ നടക്കുന്ന സംയുക്ത ആരാധനയിൽ ഇന്ത്യയിലും വിദേശങ്ങളിലുമുള്ള പതിനായിരത്തിലധികം സഭാവിശ്വാസികളും ശുശ്രൂഷകൻമാരും പങ്കെടുക്കും. സംയുക്ത ആരാധനയ്ക്കും തിരുവത്താഴ ശുശ്രൂഷയ്ക്കും ഓവർസീയർ നേതൃത്വം നൽകും. കൺവൻഷന്റെ വിജയത്തിനുവേണ്ടി എല്ലാ സഭാംഗങ്ങളുടേയും അഭ്യുദയകാംക്ഷികളുടേയും പ്രാർത്ഥനയും സഹകരണവും കൺവൻഷൻ പ്രോഗ്രാം കമ്മറ്റി ജനറൽ കൺവീനർ റവ.കെ.സി.സണ്ണിക്കുട്ടിയും പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ലാലുതോമസും അഭ്യർത്ഥിച്ചിട്ടുണ്ട്.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്....

01

റാണ് ഗാനശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കുന്നത്.

22 തിങ്കളാഴ്ച വൈകുന്നേരം 5.30ന് ആരംഭിക്കുന്ന കൺവൻഷൻ 28 ഞായറാഴ്ച രാവിലെ 8 മണി മുതൽ 1 മണി വരെ നടക്കുന്ന സംയുക്ത സഭായോഗത്തോടും കർത്തൃമേശയോടും കൂടെ സമാപിക്കും. സംയുക്ത ആരാധനയ്ക്കും കർത്തൃമേശയ്ക്കും സ്റ്റേറ്റ് ഓവർസിയർ റവ. സി സി തോമസ് നേതൃത്വം നല്കും. ചൊവ്വാ, ബുധൻ ദിവസങ്ങളിൽ പകൽ പവർ കോൺഫറൻസുകൾ നടക്കും. 25 വ്യാഴം രാവിലെ 9. 30 മുതൽ 1 വരെ എൽ.എം. വാർഷിക സമ്മേളനവും, ഉച്ചകഴിഞ്ഞ് 2 മുതൽ മിഷനറി സമ്മേളനവും നടക്കും. 26 വെള്ളി രാവിലെ 9.30 മുതൽ ബൈബിൾ കോളേജുകളുടെ ഗ്രാജുവേഷൻ സർവ്വീസും ഉച്ചകഴിഞ്ഞ് 2 മുതൽ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോഗവും ഉണ്ടായിരിക്കും. ആ യോഗത്തിൽ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടുകൾ ഡിപ്പാർട്ടുമെന്റ് സെക്രട്ടറിമാർ അവതരിപ്പിക്കും. 27 ശനിയാഴ്ച രാവിലെ 8 മണിക്ക് തിരുവല്ല ടൗൺ ചർച്ചിൽ വച്ച് സ്നാനശുശ്രൂഷ നടക്കും. 9.30 മുതൽ പന്തലിൽ വച്ച് ഉണർവ്വു യോഗവും ഉച്ചകഴിഞ്ഞ് 2 മുതൽ സണ്ടേസ്കൂൾ & വൈ.പി.ഇ. വാർഷിക സമ്മേളനവും ഉണ്ടായിരിക്കും. വൈകുന്നേരങ്ങളിലെ പൊതുയോഗം 5.30ന് ആരംഭിച്ച് 8.45ന് സമാപിക്കും.

22 തിങ്കളാഴ്ച 3 മണിക്ക് കൺവൻഷൻ കമ്മിറ്റികളുടെ സംയുക്ത യോഗവും 4 മുതൽ കർത്തൃശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനവും നടക്കും. സ്റ്റേറ്റ് കൗൺസിലും ബിലിവേഴ്സ് ബോർഡും കൺവൻഷന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കും. കൺവൻഷനുശേഷം വിവിധ സ്ഥലങ്ങളിലേക്ക് വാഹനക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

1913-ൽ ഭാരതത്തിലെത്തിയ അമേരിക്കൻ മിഷണറി റോബർട്ട് എഫ്. കുക്ക് സ്ഥാപിച്ച സഭകളും ശുശ്രൂഷകരുമായി 1936-ൽ ചർച്ച് ഓഫ് ഗോഡിൽ ചേർന്നു. 1923-ൽ പമ്പയാറിന്റെ തീരത്ത് ആറാട്ടുപുഴ മണൽപ്പുറത്ത് കുക്ക് സായിപ്പ് നടത്തിയ ജനറൽ കൺവൻഷന്റെ തുടർച്ചയാണ് ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ജനറൽ കൺവൻഷൻ. കേരളത്തിലെ ആദ്യ ജനറൽ കൺവൻഷനായിരുന്നു അത്.

വളരെ ചെറിയ ആരഭംമായിരുന്നെങ്കിലും ഇൻഡ്യയിലെ ചർച്ച് ഓഫ് ഗോഡ് സഭ കൃപയാൽ വളർന്ന് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സഭകളും, മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായി മുന്നേറുന്നു. 8 റീജിയനുകൾ/സ്റ്റേറ്റുകളായി 2500ലധികം സഭകളും പ്രവർത്തനങ്ങളും ഉണ്ട്. കേരളാ സ്റ്റേറ്റിൽ 1300 സഭകളും 100 മിഷൻ സ്റ്റേഷനുകളും ഉണ്ട്. മുളക്കുഴയിലുള്ള മൗണ്ട് സീയോൻ ബൈബിൾ സെമിനാരി, കണ്ണൂരിലുള്ള മൗണ്ട് പാരാൻ ബൈബിൾ കോളേജ്, കുമ്പനാട് പ്രവർത്തിക്കുന്ന ബെഥേൽ ബൈബിൾ കോളേജ്, ആറന്മുളയിലുള്ള മൗണ്ട് കർമ്മേൽ ചിൽഡ്രൻസ് ഹോം എന്നിവയാണ് സഭയുടെ സ്ഥാപനങ്ങൾ.

# ഭാരതത്തിൽ ദൈവം ഉപയോഗിച്ച പെന്തെക്കോസ്ത് വനിതാ രത്നങ്ങൾ

## ഐ. പി. സി. സ്ഥാപകനായിരുന്ന പാസ്റ്റർ കെ. ഇ. എബ്രഹാമിന്റെ കൊച്ചുമകളായ ആനി എബ്രഹാം സ്റ്റീഫൻ, യു. എസ്. എ. (ഗുഡ് സമിരിറ്റൻ മിനിസ്ട്രീസ് ഡയറക്ടർ)

## ഓർമ്മകൾ, അനുഭവങ്ങൾ, ചരിത്രങ്ങൾ പങ്കുവയ്ക്കുന്നു



**20-ാം** നൂറ്റാണ്ടിന്റെ ആരംഭം ആഗോള വ്യാപകമായ പരിശുദ്ധാത്മ പകർച്ചയുടെ സമയമായിരുന്നു. അമേരിക്കയിലും മറ്റും നടന്ന ഉണർവ്വ് ഭാരതത്തിലും വ്യതിയാനങ്ങൾ വരുത്തി. ഈ കാലയളവിൽ (1905) പൂനെയിലെ മുക്തി മിഷൻ എന്ന അനാഥശാലയിൽ പരിശുദ്ധാത്മ പകർച്ച അനുഭവപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു. മുക്തി മിഷന് നേതൃത്വം കൊടുത്ത സഹോദരി പണ്ഡിത രമാഭായി സഹോദരിമാരുടെ ഇടയിലുള്ള പ്രവർത്തനത്തിനു ശക്തമായി ഉപയോഗിച്ച പ്രഥമ വനിത.

### തുടർന്ന് ദൈവം ഉപയോഗിച്ച വനിതകൾ

### അസംബ്ലീസ് ഓഫ് ഗോഡ്

സൗത്ത് ഇൻഡ്യയിലെ പ്രഥമ പെന്തെക്കോസ്ത് മിഷനറി വനിതയായിരുന്നു മേരി ചാപ്മൻ (1857–1920). തന്റെ പ്രസംഗങ്ങൾ, പരിശീലനങ്ങൾ, ലേഖനങ്ങൾ ഇവ ഒക്കെ വ്യക്തികളിൽ സ്വാധീനം ചെലുത്തി. ലൈംഗീക ചൂഷണത്തിൽ ജീവിക്കേണ്ടി വന്നിരുന്നവരുടെയും സമൂഹത്തിലെ താഴെക്കിടയിൽ ഉള്ളവരുടെയും ഇടയിൽ നടത്തിയ ഉദ്ധാരണ പ്രവർത്തനങ്ങൾ അത്രേ തന്നെ ഏറെ ശ്രദ്ധേയമാക്കിയത്!

### ചർച്ച് ഓഫ് ഗോഡ്

ബ്ലോസം കുക്കും (റോബർട്ട് കുക്കിന്റെ മകൾ) ഭർത്താവു എഡ്വർഡ് ക്രിക്കും തുടങ്ങിയവർ ദൈവത്താൽ ഉപയോഗിക്കപ്പെട്ട പ്രിയപ്പെട്ടവർ ആയിരുന്നു. ചർച്ച് ഓഫ് ഗോഡ് സഭയുടെ കേരളത്തിലെ പ്രവർത്തനങ്ങളിൽ പ്രതിസന്ധിഘട്ടങ്ങളിൽ മാറ്റങ്ങൾ നടപ്പിലാക്കേണ്ടതിനു ദൈവത്താൽ അയയ്ക്കപ്പെട്ട ധീര മിഷനറി വനിതാ രത്നമായിരുന്നു ഡോറാ പി. മയേഴ്സ്. ഈ വനിതയെ സീയോൻകുന്ന് ബൈബിൾ സ്കൂളിന്റെ പുനഃരാംഭത്തിനായി ദൈവം ഉപയോഗിച്ചു.

### ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്

1953–ൽ തിരുവല്ലയിൽ മൂന്നാഴ്ച നീണ്ട നിന്ന ഉണർവ്വുയോഗങ്ങൾക്കും രോഗശാന്തി ശുശ്രൂഷയ്ക്കും ഭർത്താവിനോടൊപ്പം ശക്തമായി ദൈവം ഉപയോഗിച്ച സഹോദരിയായിരുന്നു, സിസ്റ്റർ ദാവൂദ്. ശാരോൻ സഭയുടെ സ്ഥാപകൻ പാസ്റ്റർ പി. ജെ. തോമസിന്റെ സഹധർമ്മിണി ഏലിയാമ്മ, സഹോദരിമാർക്കായി ബൈബിൾ സ്കൂൾ തുടങ്ങി. നല്ല മാതൃക മറ്റുള്ളവർക്കു കാട്ടി.

### ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് & ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ്

പാസ്റ്റർ തോമസ് ഫിലിപ്പ് രക്ഷാധികാരി ആയി യൂണിയൻ ക്രിസ്ത്യൻ വുമൻസ് ഫെലോഷിപ്പ് എന്ന കൂട്ടായ്മ വിവിധ പെന്തെക്കോസ്തു സഭകളിലെ സഹോദരിമാരെ കൂട്ടിചേർത്തു ശക്തമായി പ്രവർത്തിക്കുന്നു. പെന്തെക്കോസ്തു സഭകളിലെ സഹോദരിമാരുടെ ഇടയിൽ ശക്തമായി പ്രവർത്തിക്കുന്ന മറ്റൊരു സഹോദരി അത്രേ സിസ്റ്റർ മറിയാമ്മ തമ്പി.

### ഇതരസഭകളിലെ സഹോദരിമാരുടെ പ്രവർത്തനങ്ങൾ

1920 കളിൽ സി.എം.എസ് സഭ ആർച്ച് ഡീക്കൻ ആയിരുന്ന ഉമ്മൻ പാതിരിയുടെ മകൻ ഡോക്ടർ ഉമ്മൻ മാമ്മനും തന്റെ ഭാര്യയും അന്യഭാഷാ ഭാഷണത്തോടെ ആത്മാവിൽ ദൂതുകൾ പ്രസ്താവിക്കുന്നവരായിരുന്നു. "യോഗാവസാനത്തിൽ മിസ്സിസ് മാമ്മൻ പ്രാർത്ഥിച്ചു. ആത്മനിവേശിതമായ ആ പ്രാർത്ഥന മുമ്പോട്ടു വന്നപ്പോൾ അവർ മലയാളമല്ലാതുള്ള ഒരു ഭാഷയിൽ പ്രാർത്ഥിച്ചുതുടങ്ങി". (യേശുക്രിസ്തുവിന്റെ എളിയ ദാസൻ- കെ. ഇ. എബ്രഹാം–1983 രണ്ടാം പതിപ്പ് പേജ് 63). പിന്നീടു ദൈവത്താൽ ഉപയോഗിക്കപ്പെട്ട സഹോദരിമാരായിരുന്നു പെണ്ണമ്മ സന്യാസിനി (പെണ്ണമ്മ സന്യാസിനി ബാംഗ്ലൂരിൽ വിശ്രമ ജീവിതം നയിച്ച സമയം പ്രിയ മാതാവുമായി കുറെ സമയം ചിലവഴിപ്പാൻ എനിയ്ക്കു സാധിച്ചു), ശോശാമ്മ സന്യാസിനി എന്നിവർ വചനശുശ്രൂഷയും പ്രാർത്ഥനയും നിയോഗമായി ഏറ്റെടുത്ത് പെന്തെക്കോസ്തു കൺവൻഷൻ വേദികളിൽ വേറിട്ട ശബ്ദമായിരുന്നു ഈ അടുത്തയിടെ നിര്യാതയായ സിസ്റ്റർ മേരി കോവൂരിന്റേത്. കേരളത്തിലെ പെന്തെക്കോസ്ത് ചരിത്രത്തിൽ ആദ്യകാലങ്ങളിൽ സുവിശേഷവേലയ്ക്കിറങ്ങിയ കർത്തൃദാസന്മാരുടെ ഭാര്യമാർ ദൈവദാസന്മാരോട് ചേർന്നുനിന്ന് അവർക്ക് കൈത്താങ്ങായി പ്രാർത്ഥനയിൽ പോരാടിയും സുവിശേഷം അറിയിച്ചും അനേകം കഷ്ടങ്ങൾ സഹിച്ചും സുവിശേഷത്തിന് പങ്കുവഹിച്ചിരുന്നു.

### ഐ.പി.സി.യിലെ സഹോദരിമാർ

ഐ.പി.സി. സ്ഥാപകനായ പാസ്റ്റർ കെ.ഇ. എബ്രഹാമും ഭാര്യ അന്നമ്മ എബ്രഹാമും കുടുംബവും 1930 മേയ് 1ന് കുമ്പനാട്ടേയ്ക്കു താമസം മാറി. കുമ്പനാടു പുറമറ്റം റോഡിൽ കിളിയംപ്ളാക്കൽ ഭവനം വാടകയ്ക്കു എടുത്തു. ഐ.പി.സി. എന്ന പ്രസ്ഥാന രൂപീകരണത്തിന്റെ പ്രാരംഭ വർഷങ്ങൾ! സിസ്റ്റർ അന്നമ്മ എബ്രഹാമും കുറച്ചു സഹോദരിമാരും വചനധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഒന്നിച്ചുകൂടി. അവരുടെ സമയം അവിടം കൊണ്ടു അവസാനിച്ചില്ല. ഭവനസന്ദർശനം, വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കുക, സുവിശേഷം പങ്കിടുക ആദിയായ ശുശ്രൂഷകൾ കൂടെ ചെയ്തു. ഐ.പി.സി. സോദരി സമാജത്തിന്റെ എളിയ ആരംഭം ഇതായിരുന്നു.

### പെന്തെക്കോസ്തിന്റെ വേലയ്ക്കു കുമ്പനാട്ട് ഒരു വാതിൽ തുറന്ന സംഭവം

കിളിയാംപ്ലാക്കൽ വാടകവീട്ടിൽ അപ്പച്ചനും അമ്മച്ചിയും വന്നു താമസിച്ചു തുടങ്ങിയ സമയം അമ്മച്ചിയും വേറെ രണ്ടു സഹോദരിമാരും ഭവന സന്ദർശനം കഴിഞ്ഞു കുമ്പനാട് പടിഞ്ഞാറെ കവല തിരിഞ്ഞു ഭവനത്തിലോട്ട് മടങ്ങി വരുമ്പോൾ കിളിയാംപ്ലാക്കൽ ബന്ധത്തിലുള്ള ഒരു കുടുംബനായകൻ കപ്പ ഇടുന്നതിനു തടംമൂടി, ഒരുക്കിവെച്ചിരുന്ന തണ്ടുകൾ നട്ടുകൊണ്ടിരിക്കുമ്പോൾ ശക്തമായ മഴ വരുന്നതുകണ്ട അമ്മച്ചി വസ്തു ഉടമയുടെ ബദ്ധപ്പാട് മനസ്സിലാക്കി അവർ ആവശ്യപ്പെടാതെ തന്നെ കപ്പ നടുന്നതിനു സഹായിച്ചു. കുമ്പനാട്ടു ഭാഗങ്ങളിൽ പെന്തെക്കോസ്തിന്റെ വേലയ്ക്കു വാതിൽ വിസ്താരമാകുന്നതിന് ഇതും ഒരു മുഖാന്തരമായി.

മറ്റുചില സഹോദരിമാർ വിവാഹം തന്നെ വേണ്ടെന്ന് വച്ച് ആത്മമണവാളനായ കർത്താവിനുവേണ്ടി വളരെ അദ്ധ്വാനിക്കുകയും പ്രാണത്യാഗം ചെയ്യുകയും ഉണ്ടായി. കർത്താവിൽ ബഹുമാന്യ സഹോദരി അന്നമ്മ മാമ്മന്റെ നേതൃത്വത്തിൽ ഇവർ പ്രവർത്തിച്ചു. വിവിധ ഇടങ്ങളിൽ ഇങ്ങനെയുള്ള സഹോദരിമാർ സേവികാ സങ്കേത ഭവനങ്ങളിൽ പാർത്ത് കർത്തൃവേല ചെയ്തുവരുന്നു.

### സിസ്റ്റർ അന്നമ്മ മാമ്മൻ

16–ാം വയസ്സിൽ കുമ്പനാട് കൊച്ചുപറമ്പിൽ കുടുംബത്തിൽ നിന്നും രക്ഷാനിർണ്ണയം പ്രാപിച്ചു പെന്തെക്കോസ്ത് അനുഭവത്തിൽ ദൈവവേലയ്ക്കായി വിവാഹം വേണ്ട എന്നു തീരുമാനിച്ച് ഇറങ്ങിയ ധീരവനിത ആയിരുന്നു സിസ്റ്റർ അന്നമ്മ മാമ്മൻ.

വടക്കേ ഇന്ത്യാ, സേലം എന്നിവിടങ്ങളിൽ താമസിച്ചു പ്രവർത്തിച്ചു. സേലത്ത് വെച്ച് ആഗസ് എന്ന മിഷനറി വനിതയുമായി പരിചയപ്പെട്ടതുമൂലം സുവിശേഷവുമായി വിദേശങ്ങളിൽ യാത്ര ചെയ്യുവാൻ ഇടയായി. യിസ്രായേൽ, ഹോങ്കോങ്ങ് എന്നീ രാജ്യങ്ങളിൽ പൗരത്വം ഉണ്ടായിരുന്നു. മലയാളം കൂടാതെ ഇംഗ്ലീഷ്, തെലുങ്ക്, തമിഴ്, കന്നട, ഹിന്ദി, ഹീബ്രു എന്നീ ഭാഷകൾ വശമുണ്ടായിരുന്നു. കേരളത്തിലും പുറത്തും അനേകരെ സുവിശേഷ പോരാളികളായി വാർത്തെടുക്കുവാൻ മാന്യ സഹോദരിയ്ക്കു കഴിഞ്ഞു. "ലോകമാം ഗംഭീര വാരിധിയൽ...." "ലക്ഷോപലക്ഷം ദൂതർ സേവിതനിതാ...." തുടങ്ങിയ അനേക ഗാനങ്ങൾ രചിച്ചു. ഐ. പി. സി. നേതൃത്വം ശുശ്രൂഷയ്ക്കായി പ്രത്യേകം നിയമിച്ച അപൂർവ്വം സഹോദരിമാരിൽ പ്രമുഖയായിരുന്നു. സിസ്റ്റർ അന്നമ്മ മാമ്മനെ കൂടാതെ കീപ്രയാറ്റ് അന്നമ്മ, മംഗലശ്ശേരിയിൽ മറിയാമ്മ, പൊന്നമ്മ (കൊല്ലകടവ്) തൃക്കുന്നപ്പുഴ അന്നമ്മ, ലീലാമ്മ, അച്ചാമ്മ, മേഴ്സി, ലിസി, ഏലിയാമ്മ, ശോശാമ്മ, ചിന്നമ്മ, കുഞ്ഞമ്മ, ആദിയായ മാന്യസഹോദരിമാരും മറ്റു പലരും കുമ്പനാട്, മെഴുവേലി, മഞ്ഞാടി, മുല്ലക്കര, റാന്നി, കൊല്ലകടവ്, കായംകുളം എന്നിത്യാദി സങ്കേതങ്ങളിൽ താമസിച്ച് പ്രവർത്തിച്ചുപോന്നു. ഇപ്പോഴും സങ്കേതങ്ങൾ നിലവിലുണ്ട്.

### തൃക്കുന്നപ്പുഴ അന്നമ്മ

ഈ മാന്യസഹോദരിയും മറ്റു സഹോദരിമാരും ഒരുമിച്ച് തിരുവല്ലയ്ക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ ഭവനസന്ദർശനം നടത്തി കൊണ്ടിരിക്കുമ്പോൾ ഒരു ഭവനത്തിലെ ഗൃഹനാഥൻ മത്സ്യത്തെ പിടിക്കുന്ന മുപ്പല്ലികൊണ്ട് വയറ്റിൽ ശക്തമായി അടിച്ചു. പിന്നീടുള്ള സമയങ്ങളിൽ പ്രിയ കൊച്ചമ്മ ഈ അടിയുടെ തിക്താനുഭവങ്ങളിൽ കൂടെ ധാരാളം കടന്നുപോയി. തന്റെ ജീവിതത്തിന്റെ അവസാന സമയങ്ങളിൽ ശയ്യാവലംബിയായി പ്രത്യാശയോടെ അക്കരെ നാട്ടിൽ പ്രവേശിച്ചു.

### കലയപുരം അന്നമ്മ

ഐ.പി.സി.യിലെ പ്രധാന പ്രവാചക ശുശ്രൂഷകയായിരുന്നു കലയപുരം അന്നമ്മ. നിരവധി സഭകൾ സ്ഥാപിക്കുന്നതിന് അന്നമ്മ പ്രവാചികയുടെ ശുശ്രൂഷ സഹായമായിരുന്നു.

### ഐ.പി.സി. സ്റ്റേറ്റ് കേരളാ സോദരീ സമാജം

മിക്കവാറും എല്ലാ പ്രാദേശീക സഭകളിലും പ്രവർത്തനങ്ങൾ നടക്കുന്നതു കൂടാതെ സെന്റർ, മേഖലാ സംസ്ഥാനതലങ്ങളിലും ഇടയ്ക്കിടയ്ക്ക് ഒന്നിച്ചുകൂടി വരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഭവന സന്ദർശനങ്ങൾ, ആശുപത്രി സന്ദർശനങ്ങൾ, പരസ്യയോഗങ്ങൾ, സെമിനാറുകൾ ഇവയൊക്കെ വർഷങ്ങളായി നടന്നുവരുന്നു. മിസിസ്സ് മേരി എബ്രഹാം, മിസിസ്സ് അന്നമ്മ മാത്യു ആദിയായവരുടെ ചുമതലയിൽ സഹോദരിമാർക്കായി ബൈബിൾ സ്കൂൾ കുറെ വർഷങ്ങൾ കുമ്പനാട്ട് നടന്നു.

കേരളാ സ്റ്റേറ്റ് സഹോദരി സമാജത്തിന് അന്നമ്മ എബ്രഹാം, അന്നമ്മ മാമ്മൻ എന്നിവർക്ക് ശേഷം തങ്കമ്മ തോമസ് (കുഴിക്കാലാ), മേരി എബ്രഹാം (കുമ്പനാട്), അന്നമ്മ ജോർജ്ജ് (പത്തനാപുരം), മറിയാമ്മ മാത്യൂസ് (എറണാകുളം), അന്നമ്മ മാത്യു (ഇരവിപേരൂർ), സൂസൻ എബ്രഹാം (കുമ്പനാട്) ആദിയായ സഹോദരിമാർ മറ്റു സഹോദരിമാരോടൊപ്പം വിവിധ നിലകളിൽ നേതൃത്വം കൊടുത്തു. ഏലിയാമ്മ തോമസ് (കുമ്പനാട്) ഇപ്പോൾ നേതൃത്വം വഹിക്കുന്നു.

### ആന്ധ്രാപ്രദേശിലെ പ്രവർത്തനങ്ങൾ

മിസിസ്സ് പി.എം. സാമുവേൽ, അന്നമ്മ ചാക്കോ ആദിയായ സഹോദരിമാർ ആദ്യകാലങ്ങളിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. ഈ കാലയളവുകളിൽ അന്നമ്മ എബ്രഹാം, അന്നമ്മ മാമ്മൻ എന്നിവർ കേരളത്തിൽ നിന്ന് എത്തി പ്രവർത്തനങ്ങളിൽ സഹായിച്ചു. പിന്നീട് മേരി എബ്രഹാം, കമലമ്മ, റോസമ്മ ആദിയായവരും ശക്തമായി പ്രവർത്തിച്ചു.

### കർണ്ണാടക

1934–ൽ പാസ്റ്റർ കെ. സി. ചെറിയാൻ കുടുംബമായി മംഗലാപുരത്ത് എത്തി തുടർന്ന് ബാസൽ മിഷനിൽ നിന്നും കുറെ പേർ പെന്തെക്കോസ്തുവിശ്വാസത്തിൽ വന്നതിനാൽ അവരിൽ നിന്നും ധാരാളം എതിർപ്പുകളും ഉപദ്രവങ്ങളും അനുഭവിച്ചു. തന്റെ ഭർത്താവിനും മക്കൾക്കും മറ്റു കടന്നു വരുന്നവർക്കും ഭക്ഷണം നൽകിയ ശേഷം മിസ്സിസ്സ് കെ. സി. ചെറിയാൻ മിക്ക ദിവസങ്ങളിലും പട്ടിണി കിടന്നു. വാടകവീടിന് പുറകിൽ വളർന്നുനിന്ന തകരയില പറിച്ച് പുഴുങ്ങി തിന്നു. അതു മുഖാന്തിരം വയറ് ചുരുങ്ങി. വയറ്റിൽ അസുഖം (അൾസർ) വർദ്ധിച്ച് കുഴിക്കാലയിലുള്ള തന്റെ ഭവനത്തിൽ കൊണ്ടുവന്നു. കുറച്ചു നാളുകൾക്കു ശേഷം തന്റെ 37–ാംമത്തെ വയസ്സിൽ താൻ പ്രീയം വെച്ച അക്കരനാട്ടിൽ പ്രവേശിച്ചു. (ലേഖികയുടെ ഭർത്താവ് ഈ പ്രിയ മാതാവിന്റെ പൗത്രനാണ്).

1964–ൽ പാസ്റ്റർ കെ. ഇ. എബ്രഹാമിന്റെ ഇളയമകൻ പാസ്റ്റർ ഉമ്മൻ എബ്രഹാം (എന്റെ പിതാവ്) ബാംഗ്ലൂരിൽ എത്തി. കുറെനാൾ കുടുംബമായി ഉപവസിച്ചശേഷം ബാംഗ്ലൂർ സിറ്റിയിൽ ചുരുക്കം ചില വിശ്വാസികളുമായി മലയാള ആരാധന തുടങ്ങി. ലീലാ എബ്രഹാം (എന്റെ മാതാവ്), കുഞ്ഞമ്മ (തൃശൂർ) എന്നീ സഹോദരിമാർ ഒന്നുരണ്ടു സ്ഥലങ്ങളിൽ സണ്ടേസ്കൂൾ ആരംഭിച്ചു. ഇവർക്ക് ശേഷം മിസ്സിസ്സ് റ്റി. റ്റി. ജോസഫ് തന്റെ മരണം വരെ സഹോദരിമാരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. തുടർന്ന് മിസ്സിസ്സ് റ്റി.ഡി. തോമസ് നേതൃത്വം കൊടുത്തുവരുന്നു. ഇപ്പോൾ മേരി ജോൺ, സാലി ജോൺ, സുജ ജോയി, സൂസൻ ജോസഫ്, ആനി സജി എന്നിവർ സഹോദരിമാരുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു. വില്ലേജ് മിനിസ്ട്രിയോടൊപ്പം ദൈവവചന ഘോഷണം, മദ്ധ്യസ്ഥ പ്രാർത്ഥന ഇവയ്ക്ക് പരിശീലനം കൊടുക്കുന്നു. കൂടാതെ വിവിധ രീതിയിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും വളരെ നന്നായി നടന്നുവരുന്നു.

### വടക്കേ ഇന്ത്യ

പല റീജിയനുകളിലും മുകളിൽ പ്രതിപാദിച്ച പല പ്രവർത്തനങ്ങളും ശക്തിയായി നടന്നുവരുന്നു.

### ഗൾഫ് രാജ്യങ്ങൾ

പ്രാർത്ഥനാ കൂട്ടങ്ങൾ, സെമിനാറുകൾ ആദിയായ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ വേണ്ടത്ര സ്വാതന്ത്ര്യം കൂടിവരവുകൾക്ക് ഇല്ലാത്തതിനാൽ പല സഹോദരിമാരും ഒന്നിച്ചുകൂടി രഹസ്യമായി പ്രാർത്ഥനയിൽ പോരാടുന്നു.

### അമേരിക്കൻ ഐക്യനാടുകൾ

വിവിധ റീജിയനുകളിലായി ശക്തിയായ പ്രവർത്തനങ്ങൾ നടക്കുന്നു. കുറഞ്ഞപക്ഷം മാസത്തിലൊരിക്കൽ മിക്കയിടത്തും സഹോദരിമാരുടെ കൂടിവരവുകൾ നടക്കുന്നു. എല്ലാ വർഷവും നടക്കുന്ന ഫാമിലി കോൺഫറൻസിൽ സഹോദരിമാർക്കായി രണ്ടു മീറ്റിംഗുകൾ നടന്നുവരുന്നു.

ഗൾഫ്, അമേരിക്ക കൂടാതെ മറ്റു രാജ്യങ്ങളിലും സഹോദരിമാരുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗൾഫ്, അമേരിക്ക എന്നിവിടങ്ങളിലുള്ള സഹോദരിമാരുടെ കൂട്ടായ്മയിൽ നിന്നുമാണ് കേരളാ സോദരീ സമാജത്തിലൂടെ ഏറ്റവും കൂടുതൽ സാമ്പത്തീക സഹായങ്ങൾ (വിദ്യാഭ്യാസ സഹായം, സങ്കേതസഹായം, വൈദ്യസഹായം, വിവാഹ സഹായം, തയ്യൽ മെഷീൻ വിതരണം) നല്കിയിരുന്നത്.

മുകളിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ എന്റെ ഓർമ്മകളിൽ നിന്നും അനുഭവങ്ങളിൽ നിന്നു ഉള്ളവയത്രേ. വിട്ടുപോയ പല പേരുകളും സംഭവങ്ങളും കാണുമായിരിക്കും. അത് മനഃപൂർവ്വമല്ല.

ഭാരതത്തിനകത്തും പുറത്തും ദൈവം തമ്പുരാൻ ധാരാളം സഹോദരിമാരെ അവന്റെ മഹത്വത്തിനായി എഴുന്നേല്പിക്കട്ടെ!

# നിത്യതയിൽ



**പാസ്റ്റർ M P ബേബി**

**മാവേലിക്കര:** ഇന്ത്യ പൂർണ സുവിശേഷ ദൈവസഭാ ശുശ്രൂഷകൻ ചെറുകോൽ മണ്ണാവിളയിൽ പാസ്റ്റർ എം പി ബേബി (73) ഡിസം 13ന് നിത്യതയിൽ ചേർക്കപ്പെട്ടു. വാർധക്യ സഹജമായ ശാരീരിക ക്ലേശങ്ങൾ അനുഭവിച്ചിരുന്നു. ചില വർഷങ്ങളായി മകനോടൊപ്പം പന്തളത്ത് താമസിക്കുകയായിരുന്നു. ഡിസം. 15ന് തുമ്പമൺ YMCA ഹാളിൽ AG പന്തളം പ്രസ്ബിറ്റർ പാസ്റ്റർ ബിനു ജോണിന്റെ അധ്യക്ഷതയിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം പൂക്കൈതയിലുള്ള സെക്ഷൻ സെമിത്തേരിയിൽ റവ. കെ. ജെ. മാത്യു (SIAG ജനറൽ സെക്രട്ടറി)വിന്റെ നേതൃത്വത്തിൽ സംസ്കരിച്ചു. ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ്, പാസ്റ്റർമാരായ ടി. വി. പൗലോസ്, തോമസ് എം പുളിവേലി, തോമസ്കുട്ടി എബ്രാഹം, എ ജി തോമസ്, പി കെ. ജെയ്സൻ, ടി. എസ്. ശമുവേൽകുട്ടി, തോമസ് വർഗീസ്, റ്റി റ്റി ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു. പൈനുംമൂട്, കാരാഴ്മ, കരിപ്പുഴ, കലഞ്ഞൂർ, കൊല്ലാട്, അമരവിള, കരവാളൂർ, മുണ്ടമല തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. മാവേലിക്കര ഡിസ്ട്രിക്ടിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



**ലീലാമ്മ ജോണി**

**പുനലൂർ:** ഇടമൺ ഐ.പി.സി.ഏ ബനേസർ സഭാംഗം വെള്ളിമല അഞ്ചേക്കർ പുത്തൻപുരയിൽ എ.ജോണിയുടെ ഭാര്യ ലീലാമ്മ ജോണി (62) ഡിസംബർ 22 ന് നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാരം 25ന് അഞ്ചേക്കർ സെമിത്തേരിയിൽ പാസ്റ്റർ കെ.ജെ. മാത്യു നിർവഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷയിൽ പാസ്റ്റർമാരായ ബിജു റ്റി.ഫിലിപ്പ്, റോയി ജോൺ, സി.എ.തോമസ്, ഫിലിപ്പ് ചെറിയാൻ, വൈ.സ്റ്റീഫൻ തുടങ്ങിയവർ പ്രസംഗിച്ചു. പരേത കൊട്ടാരക്കര അമ്പലപ്പുറം പാലവിളയിൽ കുടുംബാംഗമാണ്.

മക്കൾ: സാലി ജോൺ ബംഗളൂരു, പാസ്റ്റർ സാബു ജോൺ ( പാസ്റ്റർ ഐ.പി.സി. കൊത്തന്നൂർ, ബംഗളൂരു) സുനി ജോൺ മരുമക്കൾ: പാസ്റ്റർ ഐസക് പീറ്റർ ( ഹീബ്രു ഏ.ജി.ചർച്ച് ബംഗളുരു) സൌമ്യ സാബു, പാസ്റ്റർ മോസ്സസ്സ് മേച്ചേരിൽ (ഇമ്മാനുവേൽ ഫെലോഷിപ്പ്, കോട്ടയം)

MATRIMONIAL

Upper middle class NRI born again parents seek proposals for their daughter 31/152 MTech currently working in Doha, from born again boys.

PH: 00919847109228 or 0097433476168

# കരുണയും സൽഫലവും നിറഞ്ഞവരാകുക: ആനി ഏബ്രഹാം സ്റ്റീഫൻ

**ചാലക്കുടി:** അസഹിഷ്ണതയും അസാന്മാർഗ്ഗികതയും വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ നോക്കിപ്പാർത്തിരിക്കുന്ന പലരും കൺമോഹത്തിലും, ശരീരത്തിന്റെ അഭിലാഷങ്ങൾക്കും, പണത്തോടുള്ള അടങ്ങാത്ത ലോകമോഹങ്ങളിലും, അമിത ഭക്ഷണത്തിലും, ഉപജീവന ചിന്തകളിലും കുടുങ്ങി ലക്ഷ്യം മറന്ന് പിശാചുമായി ലോഹ്യത്തിലായി മുമ്പോട്ട് പോകുമ്പോൾ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഇറങ്ങിത്തിരിച്ച നാം കരുണയും സൽഫലവും നിറഞ്ഞ് നീതി എന്ന ഫലം കൊയ്യുവാൻ ഒരുങ്ങിയിരിക്കേണമെന്ന് ആനി ഏബ്രഹാം സ്റ്റീഫൻ ഓർപ്പിച്ചു. ഗുഡ് സമിരിറ്റൻ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ ഡിസം. 19 ചൊവ്വ രാവിലെ 10 മുതൽ 2 വരെ ചാലക്കുടി വ്യാപാരഭവൻ ആഡിറ്റോറിയത്തിൽ നടന്ന ലേഡീസ് ഫെലോഷിപ്പിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ആനി ഏബ്രഹാം സ്റ്റീഫൻ. പാസ്റ്റർ എൻ.ഡി. ജോൺസൺ അദ്ധ്യക്ഷനായിരുന്നു. കർത്തൃദാസന്മാരായ മാത്യു സ്റ്റീഫൻ, കെ. ജെ. മാത്യു, ഏബ്രഹാം മാത്യു എന്നിവർ പ്രസംഗിച്ചു. ഡിവൈൻ വോയ്സ് ചാലക്കുടി ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സാബു ചാക്കോ, സുനിൽ മാത്യു, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

# വൈ.പി.ഇ. സ്റ്റേറ്റ് ക്യാമ്പിന് അനുഗ്രഹീത സമാപ്തി




**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ യുവജന സംഘടനയായ വൈ. പി. ഇ. ജനറൽ ക്യാമ്പ് 2017 ഡിസംബർ 25മുതൽ 27 വരെ ചെങ്ങന്നൂർ പുത്തൻകാവ്, എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽവെച്ച് നടന്നു. 'സ്ഥിരതയോടെ ഓടുക' എന്നുള്ളതായിരുന്നു ചിന്താവിഷയം. 25ന് വൈകിട്ട് വൈ.പി.ഇ. സ്റ്റേറ്റ് സെക്രട്ടറി ബ്രദർ മാത്യു ബേബിയുടെ അദ്ധ്യക്ഷതയിൽ, പ്രസിഡന്റ് പാസ്റ്റർ എ. റ്റി. ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് ഓവർസിയർ റവ.സി.സി. തോമസ് മുഖ്യസന്ദേശം നൽകി. പാസ്റ്റർമാരായ വൈ. റെജി, ജെ. ജോസഫ്, എ. പി. അഭിലാഷ്, പി. ആർ. ബേബി, പ്രിൻസ് തോമസ്, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ട, ഡോ.എബി പി. മാത്യു, ഡോ. സിനി ജോയ്സ് മാത്യു, സിസ്റ്റർ സജി ഉമ്മൻ മാത്യു, സിസ്റ്റർ സൂസൻ ജോൺസൺ എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ നയിച്ചു. സ്റ്റേറ്റ് ട്രഷറാർ ബ്രദർ ടോം റ്റി. ജോർജ്ജ് സ്വാഗതവും, ബ്രദർ സാബു വാഴക്കൂട്ടത്തിൽ നന്ദിയും അറിയിച്ചു. ഗാനശുശ്രൂഷയ്ക്ക് ഡോ. ബ്ലസ്സൻ മേമനയും പാസ്റ്റർ വില്യം മല്ലശ്ശേരിയും, കുട്ടികൾക്കുവേണ്ടി പ്രത്യേക സെക്ഷൻ തിമോഥി ഇൻസ്റ്റിറ്റ്യൂട്ടും നേതൃത്വം നൽകി. നേർരേഖ സംവാദം പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, ഷൈജു ഞാറയ്ക്കൽ, ബ്ലസ്സൻ ജോൺ മലയിൽ എന്നിവരുടെ നേതൃത്വത്തിൽ നടന്നു. താലന്തുപരിശോധന, പവർ മീറ്റിംഗ്, കൗൺസിലിംഗ്, മിഷൻ ചലഞ്ച്, കാത്തിരിപ്പുയോഗം, കിഡ്സ്-യൂത്ത്-ഫാമിലി സെഷനുകൾ, ഗ്രൂപ്പ് ഡിസ്കഷൻ, ഗാനപരിശീലനം, സുവിശേഷറാലി, പരസ്യയോഗം, മ്യൂസിക് നൈറ്റ്, സ്കിറ്റ് തുടങ്ങിയവ യുവജനങ്ങളിൽ ആവേശം പടർത്തി. 25-ന് നടന്ന സംസ്ഥാനതല താലന്തുപരിശോധനയിൽ എറണാകുളം സോണൽ ഒന്നാം സ്ഥാനവും, കൊട്ടാരക്കര രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 1500-ഓളം അംഗങ്ങൾ പങ്കെടുത്ത ക്യാമ്പിൽ അനേകം യുവതീയുവാക്കൾ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും കർത്താവിന്റെ വേലയ്ക്കായി തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്തു. ക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ വലിയ ദൈവീകസാന്നിദ്ധ്യം വെളിപ്പെട്ടതിനാൽ ക്യാമ്പ് അവസാനിപ്പിക്കുവാൻ കഴിയാത്തതുപോലെ യുവജനങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തി. പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ഫിന്നി ജോസഫ്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ പാസ്റ്റർ റോബിൻ സി. റോയി, പാസ്റ്റർ ബിനു ചെറിയാൻ, ഗ്ലാഡ്സൺ ജോൺ എന്നിവരോട് ചേർന്ന് വൈ. പി. ഇ. സ്റ്റേറ്റ് ബോർഡും ക്യാമ്പ് കൺവീനേഴ്സും, സോണൽ ഭാരവാഹികളും നേതൃത്വം നൽകി.

# 69-ാമത് കരിയംപ്ലാവ് കൺവൻഷൻ ജനുവരി 8 മുതൽ



റവ. ഡോ. ഒ. എം. രാജുക്കുട്ടി



വ. വിത്സൺ ജോസഫ്



റവ. ഡോ. ജോൺസൺ ദാനിയേൽ



റവ. അലക്സ് വെട്ടിക്കൽ



റവ. റ്റോമി ജോസഫ്

**കരിയംപ്ലാവ്:** ഡബ്ല്യൂ. എം. ഇ. ദൈവസഭകളുടെ 69-ാമത് ദേശീയ ജനറൽ കൺവൻഷൻ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ ജനുവരി 8-നു ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. ഒ. എം. രാജുക്കുട്ടി ഉത്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. എം. പൗലോസ് അദ്ധ്യക്ഷത വഹിക്കും. കൺവൻഷൻ 14-ന് സമാപിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിശ്വാസികളും ഇൻഡ്യയ്ക്കു പുറമെ അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നെത്തുന്ന വിശ്വാസികളും പങ്കെടുക്കും. വിവിധ ദിവസങ്ങളിൽ റവ. ഡോ. ഒ. എം. രാജുക്കുട്ടി, റവ. ഡോ. ജോൺസൺ ദാനിയേൽ, റവ. വിത്സൺ ജോസഫ്, റവ. അലക്സ് വെട്ടിക്കൽ, റവ. റ്റോമി ജോസഫ് എന്നിവർ ശുശ്രൂഷിക്കും. കൺവൻഷൻ സംഗീതവിഭാഗമായ സെലസ്റ്റ്യൽ റിഥം ബാൻഡ് സംഗീത ശുശ്രൂഷകൾക്കു നേതൃത്വം നൽകും. ഡബ്ല്യു. എം. ഇ. ദേശീയ പ്രസ്ബിറ്ററി അംഗങ്ങളായ പാസ്റ്റേഴ്സ് ഡി. സിഎച്ച്. ബർദൻ (ഒഡീഷാ), റവ. സെഖര്യാ ബീമവരം (ആന്ധ്ര), റവ. രജത്കുമാർ ബീറോ (ഒഡീഷാ), പാ: ജി. ഗബ്രിയേൽ (തിരുവനന്തപുരം), പാ: എം. എം. മത്തായി, പാ: സി. പി. ഐസക് എന്നിവർ നേതൃത്വം നൽകും. ഡോ. ഒ. എം. രാജുക്കുട്ടി രചിച്ച മരുവാസവും തിരുനിവാസവും, സഭാപരിപാലനമാർഗ്ഗദർശി എന്നീ ഗ്രന്ഥങ്ങളുടെ പ്രകാശനം ഉത്ഘാടനസമ്മേളനത്തിൽ നിർവ്വഹിക്കും. എം. പി. മാർ, എം. എൽ. എ. മാർ, വിവിധ രാഷ്ട്രീയ-സാമൂഹ്യ നേതാക്കൾ എന്നിവർ ആശംസയറിയിക്കും.

ദിവസവും രാവിലെ 5-ന് കാത്തിരുപ്പു പ്രാർത്ഥന, 8-ന് ബൈബിൾ സ്റ്റഡി, പകൽ 10-നും 2-നും വൈകിട്ട് 6-നും പൊതുയോഗങ്ങൾ എന്നിവ ഉണ്ടായിരിക്കും. വെള്ളിയാഴ്ച 2 -ന് ചേരുന്ന സഹോദരീ സമ്മേളനത്തിൽ ലേഡീസ് ഫെലോഷിപ്പ് പ്രസിഡന്റ് സൂസൻ രാജുക്കുട്ടി മുഖ്യസന്ദേശം നൽകും. ശനി രാവിലെ 8-നു നടക്കുന്ന സ്നാനശുശ്രൂഷയ്ക്ക് പാസ്റ്റർമാരായ എം. എം. മത്തായി, ഡി. സി. എച്ച്. ബർദൻ, പി. പി. കുര്യൻ, എം. സി. വർഗീസ് എന്നിവർ നേതൃത്വം നൽകും. 10-ന് ചേരുന്ന സണ്ടേസ്കൂൾ-യുവജന സംയുക്ത സമ്മേളനത്തിന് സെക്രട്ടറി നിബു അലക്സാണ്ടർ, സതീഷ് തങ്കച്ചൻ എന്നിവർ നേതൃത്വം നൽകും. യൂത്ത് ഡയറക്ടർ രാജൻ മാത്യു, സണ്ടേസ്ക്കൂൾ ഡയറക്ടർ ഡോ. എം. കെ. സുരേഷ് എന്നിവർ സംസാരിക്കും. സംസ്ഥാനതല പരീക്ഷകളിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സ്കൂൾ കോളേജ് തലങ്ങളിൽ ഉന്നതവിജയം നേടിയവർക്കുള്ള അവാർഡുകളും വിതരണം ചെയ്യും. 2-ന് ചേരുന്ന മിഷ്യനറി സമ്മേളനത്തിൽ റവ. ഡോ. ഒ. എം. രാജുക്കുട്ടി മുഖ്യ സന്ദേശമറിയിക്കും. ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ശുശ്രൂഷകന്മാർ കുടുംബസമേതം സംബന്ധിക്കും. ശനി വൈകിട്ടു ചേരുന്ന സമാപന ഐക്യസമ്മേളനത്തിൽ സഭാ നേതാക്കളും സാമൂഹ്യ സാംസ്കാരിക നേതാക്കളും ആശംസകളറിയിക്കും. ഞായറാഴ്ച രാവിലെ 9-നു ആരംഭിക്കുന്ന കർത്തൃമേശയ്ക്കും സംയുക്ത ആരാധനയ്ക്കും 40 ഡിസ്ട്രിക്ട് പാസ്റ്റർമാർ നേതൃത്വം നൽകും. പാസ്റ്റർ. ഡോ. ഒ. എം. രാജുക്കുട്ടി സമാപന സന്ദേശം അറിയിക്കും.

## 01 ⇦ പ്രവാസി ഭാരതീയർ...

യും സർക്കാരുകൾക്കുവേണ്ടിയും നിലകൊള്ളുന്നു. ഇക്കഴിഞ്ഞ ഗുജറാത്ത് തെരഞ്ഞെടുപ്പ് പ്രചാരണ സമയത്ത് അമേരിക്കയിൽ നിന്നും യു.കെ.യിൽ നിന്നും ധാരാളം പ്രവാസി ഹൈന്ദവർ ബി.ജെ.പി.യുടെ പ്രചാരണത്തിന് വേണ്ടി എത്തിയിരുന്നു. വിദേശ രാജ്യങ്ങളിൽ ന്യൂനപക്ഷമായ ഇവർ ഇന്ത്യയിൽ ന്യൂനപക്ഷങ്ങളെ വെറുക്കുന്ന പാർട്ടികൾക്ക് തുണ നൽകുന്നത് ഇരട്ടതാപ്പാണെന്ന് അശോക് സ്വയ്ൻ വാദിക്കുന്നു.

"വ്യത്യസ്ത സംസ്കാരങ്ങളുമായി ഇടപഴുകി ജീവിക്കുന്ന പ്രവാസി ഹിന്ദുക്കൾ ഇന്ത്യയിൽ എന്തുകൊണ്ട് ന്യൂനപക്ഷവിരുദ്ധരാവുന്നു എന്നതിന്റെ ഉത്തരം കണ്ടെത്താൻ ഞാൻ വർഷങ്ങളായി ശ്രമിക്കുന്നു. എന്നാൽ എനിക്കതിന്റെ ഉത്തരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല" അശോക് സ്വയ്ൻ ലേഖനത്തിൽ കുറിക്കുന്നു.

അമേരിക്കയിലും യൂറോപ്പിലും വർദ്ധിച്ചുവരുന്ന വെള്ള മേധാവിത്വവും വലതുപക്ഷപാർട്ടികളുടെ നവീകരണവും പ്രവാസികളെ ഇപ്പോൾ അലോസരപ്പെടുത്തുന്നുണ്ട്. ഇതിൽ നിന്നെങ്കിലും പാഠം ഉൾകൊണ്ട് പ്രവാസികൾ ഇന്ത്യയിൽ ന്യൂനപക്ഷ വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാതിരിക്കുക.

# ചെറുവക്കൽ കൺവൻഷൻ സമാപിച്ചു



**ഐ.**പി.സി വേങ്ങൂർ സെന്ററിന്റെയും ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും കിളിമാനൂർ ഏരിയയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ചെറുവക്കൽ കൺവൻഷൻ സമാപിച്ചു. ഡിസം. 24 - 31 വരെ നടത്തപ്പെട്ട കൺവൻഷൻ വേങ്ങൂർ സെന്റർ പ്രസിഡന്റ് റവ. ഡോ.ജോൺസൺ ഡാനിയേൽ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. ഷാജി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ അജി ആന്റണി, പാസ്റ്റർ അനീഷ് ഏലപ്പാറ, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു എന്നിവർ പ്രസംഗിച്ചു. പത്തനാപുരം ശാലേം വോയ്സ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ബുധനാഴ്ച നടന്ന ഓഡിനേഷൻ ശുശ്രൂഷയ്ക്ക് ഐ.പി.സി. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ്, സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സി.സി. എബ്രഹാം എന്നിവർ നേതൃത്വം നല്കി. കർത്തൃമേശ ശുശ്രൂഷയ്ക്ക് കൊട്ടാരക്കര മേഖല പ്രസിഡന്റ് പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് നേതൃത്വം നല്കി. പാസ്റ്റർ കെ. ജോയി വചന ശുശ്രൂഷ നിർവ്വഹിച്ചു. 25-ാമത് ചെറുവക്കൽ കൺവൻഷൻ 2018 ഡിസംബർ 23 മുതൽ 30 വരെ ചെറുവക്കൽ ന്യൂ ലൈഫ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും.

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 11, ISSUE 01
BELIEVERS JOURNAL
PUBLISHED ON 10/01/2018
BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2018-20 | Price: ₹10

# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസിന്റെ ഔദ്യോഗിക വാർത്താ പത്രിക 'ഡിവൈൻ ടച്ച്' ന്റെ പ്രകാശനം നടത്തി



സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസിന്റെ ഔദ്യോഗിക വാർത്താ പത്രിക 'ഡിവൈൻ ടച്ച് ' ന്റെ പ്രകാശനം നടന്നു. ബെഥേൽ പെന്തക്കോസ്ത് അസംബ്ലിയുടെ ആരാധനാ യോഗത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു പാസ്റ്റർ ജോസഫ് തോമസിന് ആദ്യ കോപ്പി നൽകി പ്രകാശനം നിർവ്വഹിച്ചു. പാസ്റ്റർ സന്തോഷ് പൊടിമല (പ്രസിഡണ്ട്), പാസ്റ്റർ ബഞ്ചമിൻ തോമസ്, ബ്രദർ സജി പാലയ്ക്കത്തറ എന്നിവർ സമീപം.

# അഗപ്പെ ഗോസ്പൽ കൺവൻഷൻ ജനുവരി 24 മുതൽ 28വരെ



പാസ്റ്റർ പി.എം. അലക്സാണ്ടർ

**നിലമ്പൂർ:** കഴിഞ്ഞ 23 വർഷമായി മലബാറിൽ നിലമ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അഗപ്പെ ഗോസ്പൽ മിഷന്റെ 23-ാമത് ജനറൽ കൺവൻഷൻ ജനുവരി 24-28 വരെ നിലമ്പൂർ അഗപ്പെ ഹിൽസിൽ നടക്കും. പ്രസിഡണ്ട് പാസ്റ്റർ പി.എം. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർമാരായ അജി ഐസക്, അനിൽ കൊടിത്തോട്ടം, കെ.ജെ. തോമസ്, പി.ജെ. ചാക്കോ, ജോയി പാറക്കൽ, ജോസഫ് ഇടക്കാട്ടിൽ, ജോസ് എണ്ണിക്കാട് (യു.എസ്.എ), ഡോ. ജോയി ഏബ്രഹാം (യു.എസ്.എ), സിസ്റ്റർ ഷേർളി ജോർജ്ജ് (യു.എസ്.എ) തുടങ്ങിയവർ പ്രസംഗിക്കും. അഗപ്പെ മിഷന്റെ സംഗീത വിഭാഗമായ എജിഎം മ്യൂസിക്ക് സംഗീത ശുശ്രൂഷ നിർവ്വഹിക്കും. സഹോദരീ സമ്മേളനം, യൂത്ത്സെമിനാർ, ശുശ്രൂഷകന്മാരുടെ സെമിനാർ ഉപവാസ പ്രാർത്ഥന എന്നിവ പകൽ നടക്കുന്ന മീറ്റുംഗുകളിൽ ഉണ്ടായിരിക്കുന്നതാണെന്ന് പ്രസിഡണ്ട് പാസ്റ്റർ പി.എം. അലക്സാണ്ടർ അറിയിച്ചു. കേരളം കൂടാതെ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര തുടങ്ങിയസംസ്ഥാനങ്ങളിൽ നിന്നുള്ള ദൈവദാസന്മാരും വിശ്വാസികളും പങ്കെടുക്കും. ഫെബ്രുവരി ആദ്യവാരത്തിൽ കർണ്ണാടക, തമിഴ്നാട് എന്നീ സ്റ്റേറ്റുകളിലെ കൺവൻഷുകൾ നടക്കുന്നതാണ്. പാസ്റ്റർ ജെയിംസ് മാത്യു, പാസ്റ്റർ ജോയി റ്റി. ഏബ്രഹാം, പാസ്റ്റർ ജോസ് എൻ. ഏബ്രഹാം, പാസ്റ്റർ സന്തോഷ് ചെറിയാൻ തുടങ്ങിയവർ നേതൃത്വം നൽകും.









Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.